Fr. Harold. C.D

കൈരളീ ചരിത്ര സംഗ്രഹം.



T51
W24

Warier, B. O. L., B. T.

Carmelite Fathers.
2

കൈരളീചരിത്രസംഗ്രഹം.

T 51
W 2h
DEFINITORY LIBRARY
CANCELLED.
2590

By
K. Raghava Wariar, B. O. L., B. T.

(Copyright.)

DHARMARAM COLLEGE LIBRARY
3872
BANGALORE.

1124

PRINTED AT THE B. V. BOOK DEPOT &
PRINTING WORKS, ROUND WEST TRICHUR.

മലയാളഭാഷയുടെ ഉത്ഭവം

ഒരു ഭാഷ സംസാരിക്കുന്ന ജനസമുദായത്തിനു ആ ഭാഷയുടെ ഉല്പത്തിയും വളച്ചയും അറിയുവാനുള്ള ആഗ്രഹം ഉണ്ടാകുന്നതു സാധാരണമാണു്. എന്നാൽ മലയാളികൾക്കു് അവരുടെ ഭാഷയുടെ ഉത്ഭവം ഏതുവിധത്തിലാണെന്നു ഗ്രഹിക്കുവാൻ ചില വിഷമതകൾ നേരിട്ടിരിക്കുന്നു. അതിന്റെ ഉത്ഭവത്തെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ ഇന്നും നിലനിന്നുവരുന്നു ആര്യഭാഷയായ സംസ്കൃതത്തിൽനിന്നുണ്ടായതാണെന്നു ചിലരും ചെന്തമിഴിന്റെ വകഭേദമാണെന്നു വേറെ ചിലരും മൂലദ്രാവിഡ ഭാഷയുടെ ഒരു ശാഖയാണെന്നു മറ്റു ചിലരും വാദിക്കുന്നു. ഭാഷാഭേദത്തെ നിർണ്ണയിക്കുവാനുള്ള നിയമങ്ങളേയും ഒരു ഗോത്രത്തിൽനിന്നും പിരിഞ്ഞു പോകുന്ന ഭാഷകൾ വ്യത്യസ്തങ്ങളായ് തീരുവാനുള്ള കാരണങ്ങളേയും അടിസ്ഥാനപ്പെടുത്തി നമുക്കു ഇവയെപ്പറ്റി ചിന്തിച്ചുനോക്കാം

ഓരോ ഭാഷയിലേയും പദങ്ങൾക്കു പ്രകൃതിയെന്നും പ്രത്യയം എന്നും രണ്ടു വിഭാഗങ്ങൾ ഉള്ളതായ് കാണാം. അവയിൽ പ്രത്യയത്തിന്റെ സ്വഭാവം നോക്കിയാണു് ഭാഷാഭേദം നിശ്ചയിക്കുന്നതു്. ഒരു ഭാഷയിലേക്കു മറ്റു ഭാഷകളിൽനിന്നും പ്രകൃതികൾ കടം വാങ്ങുന്നതു സാധാ

രണമാണെങ്കിലും പ്രത്യയങ്ങൾ കടം വാങ്ങുന്നതു സാധാരണയല്ല. ഇന്നത്തെ അദ്ധ്യസ്ഥവിദ്യൻ 'സെർവൻറിന്റെ വികൃതിനോക്കു' എന്നു പറയാറുണ്ടെങ്കിലും 'Serivant's വികൃതിയോക്കു' എന്നു പറയാറില്ലല്ലോ. പിതാവിന്റെ അടികൊണ്ടതായും പറയാറുണ്ടെങ്കിലും പിതൃ: അടികൊണ്ടതായ് പറയാറില്ല. ലിംഗവചന വിഭക്തികൾ ക്രിയാകാലങ്ങൾ മുതലായവയെ കുറിക്കുന്ന പ്രത്യയങ്ങൾ, അന്വയക്രമം, വിശേഷണ വിശേഷ്യങ്ങളുടെ ഘടന, സന്ധിനിയമങ്ങൾ, സമാസങ്ങൾ എന്നിവ പ്രായേണ ഓരോ മൂലഗോത്രങ്ങളിൽനിന്നും പിരിഞ്ഞു പോന്ന ഭാഷകളിൽ സമാനമായ് കാണാവുന്നതാണു്. സർവ്വനാമങ്ങളും സംഖ്യാവാചികളായ ശബ്ദങ്ങളും മിക്കവാറും തുല്യമായ്തന്നെയിരിക്കും. ഇവയുടെ സാദൃശ്യംനോക്കിമാത്രമേ ഓരോ ഭാഷയുടെയും ഗോത്രം നിർണ്ണയിക്കുന്നതു ശരിയായിരിക്കയുള്ളൂ.

ഒരു ഗോത്രത്തിൽപെട്ട ഭാഷകൾതന്നെ വ്യത്യാസപ്പെടുന്നതു ആ ജാതിസമുദായം കുടിടംവിട്ടു മറെറാരു ഭൂവിഭാഗത്തേക്കുചെന്നു കുടിയേറി പാർക്കുവാൻ തുടങ്ങുമ്പോഴാണു്. കാലാവസ്ഥ, ഉത്സാഹശീലം, ബുദ്ധിമാന്മാരുടെ കൂട്ടുതൽ കുറവു എന്നിവയനുസരിച്ചു് ഭാഷയ്ക്കും വ്യത്യാസം വന്നുചേരുന്നു. ഉത്സാഹശീലന്മാരുടെ ഭാഷയിൽ ആശയം ഗ്രഹിപ്പിക്കുന്നതിനു സമയം കായ്ക്കുവാൻവേണ്ടി കൂട്ടക്ഷരങ്ങളും സമാസങ്ങളും അധികമധികമായ്തീരുന്നു. ചിലരുടെ ഭാഷയ്ക്കുള്ള അനുനാസികച്ഛായ, താലവ്യാക്ഷരങ്ങളോടുള്ള പ്രതിപത്തി, എന്നിവ കാലാവ

സ്ഥകൊണ്ടും വരാവുന്നതാണ്. ബുദ്ധിമാന്മാരും ഭാഷാഭിമാനികളും വളർക്കുന്നതനുസരിച്ച് ആ ജനങ്ങളുടെയിടയിൽ ഭാഷക്ക് വലുതായ പുരോഗതിയുണ്ടാകുകയും ചെയ്യാറുണ്ട്. വിദേശീയ ഭരണത്തിൻകീഴിൽ കഴിയുന്ന ജനസമുദായത്തിലാകട്ടേ വിദേശഭാഷയിൽ ഭ്രമവും സ്വഭാഷയിൽ അവജ്ഞയും വന്നുചേരുവാൻ ഇടയുണ്ട്. ഇപ്രകാരം ചില ഭാഷകൾ പ്രാകൃതരൂപത്തിൽ കിടക്കുന്ന മൂലഭാഷയിൽനിന്നും കണ്ടാലറിയാത്ത വിധത്തിൽ വ്യത്യസ്തപ്പെട്ട പുരോഗമിക്കുവാനും വേറെ ചിലവ പ്രാകൃതാവസ്ഥയിൽനിന്നും അധികം വ്യത്യാസപ്പെടാതെ ഇരിക്കുവാനും വഴികാണുന്നുണ്ട്.

മുൻപ്രസ്താവിച്ച മാനദണ്ഡം വെച്ചുനോക്കുകയാണെങ്കിൽ മലയാളം സംസ്കൃതജന്യമല്ലെന്നും സംസ്കൃതഹിമഗിരിഗളിതയാണെന്നു ചിലർ ധരിച്ചിരുന്നതു വെറും അബദ്ധമാണെന്നും തെളിയുന്നതാണ്. മലയാളഭാഷയിൽ കാണുന്ന സംസ്കൃതപദബാഹുല്യമാണു ചിലരെ വഴി പിഴപ്പിച്ചതു്. മലയാളത്തിൽ നിത്യം ഉപയോഗിക്കുന്ന അമ്മ, നഖം, മുഖം, സൂര്യൻ, ചന്ദ്രൻ, ദിക്ക് മുതലായ ശബ്ദങ്ങൾ പോലും സംസ്കൃതത്തിൽ നിന്നും എടുത്തതാണ്. എന്നാൽ 'പ്രകൃതികൾ' ഇഷ്ടംപോലെ കടം മേടിക്കാവുന്നതാകയാൽ അതുകൊണ്ടുമാത്രം ജന്യജനകഭാവം കല്പിക്കാവുന്നതല്ല. സംസ്കൃതത്തിലേയും മലയാളത്തിലേയും പ്രത്യയങ്ങൾക്കു യാതൊരു സാദൃശ്യവും കാണുന്നില്ല. സംസ്കൃതത്തിലെ ഏകദ്വിബഹുവചനങ്ങളുടെ സ്ഥാനത്തു മലയാളത്തിൽ ഏകവചനവും ബഹുവചനവും മാത്രമേ

യുള്ള. 'വൃക്ഷം' എന്ന ദ്വിതീയാവിഭക്തിക്കും മരത്തെ എന്നതിനും തമ്മിൽ ഏതു വിധത്തിലെങ്കിലും പ്രത്യയ സാദൃശ്യം കാണ്മാൻ സാധിക്കുമോ? ലിംഗവ്യവസ്ഥതന്നെ രണ്ടു ഭാഷകളിലും വേറെ വേറെയാണ്. പ്രത്യയങ്ങളെപ്പറ്റി പറയേണ്ടതില്ലല്ലോ. ക്രിയാകാലങ്ങളിലും അടുത്ത ബന്ധമില്ല. പ്രത്യയങ്ങളും വലുതായ അന്തരമുണ്ട്. ഇതുപോലെ സർവനാമങ്ങൾക്കും യാതൊരു ബന്ധവും സ്ഥാപിക്കാവുന്നതല്ല. ഞാനും അഹവും നീയും ത്വവും എന്നും അകന്നേ നില്ക്കൂ. സംഖ്യാശബ്ദങ്ങളിലെ ഒന്നിനും ഏകത്തിനും അടുപ്പമുണ്ടോ എന്ന കാര്യത്തിലും രണ്ടുപക്ഷമില്ല. സന്ധികാര്യത്തിലും സമാസങ്ങളുടെകാര്യത്തിലും ബന്ധമില്ലെന്നു കാണാം. ഇപ്രകാരം നോക്കുന്നതായാൽ സംസ്കൃതജന്യവാദത്തിനു തീരെ കമ്പില്ലെന്നു തീർച്ചപറയാം. ആര്യന്മാരുടെ ആക്രമണവും നമ്പൂതിരിമാരുടെ ഉപനിവേശവും മൂലമാണ് മലയാളഭാഷയിൽ സംസ്കൃതപദങ്ങൾ ഇത്രവളരെ കടന്നിച്ചതു്. വിദ്വാന്മാരായ നമ്പൂതിരിമാരുടെ പ്രയത്നഫലമായി മലയാളത്തിലെ വൃത്താലങ്കാരങ്ങളെ സംസ്കൃതത്തോടു യോജിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്കൃതവും മലയാളവും ഇടകലർന്ന മണിപ്രവാളരീതിപോലും ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും സംസ്കൃതത്തിനു മലയാളത്തിന്റെ അസ്ഥിവാരം ഇളക്കുവാൻ കഴിഞ്ഞിട്ടില്ല. സാഹിത്യഭാഷയിൽ കാണുന്നതുപോലെയുള്ള സംസ്കൃതത്തിന്റെ കയ്യേറ്റം വ്യവഹാരഭാഷയിൽ കാണുന്നില്ലെന്നുള്ളതും സ്മരണീയമാണ്.

ദ്രാവിഡഭാഷകളിൽ സാഹിത്യപുഷ്ടികൊണ്ടു ഒന്നാം

സ്ഥാനം വഹിക്കുന്ന മൊന്തമിഴിന്റെ വകഭേദമാണ് മലയാളം എന്നാണ് മറെറാരുപക്ഷം. പ്രാമാണികന്മാരായ പലരും ഈ അഭിപ്രായമുള്ളവരാണ്. അവരുടെ വാദം ശരിയാണെന്നു കാണിക്കുവാൻ പല റിക്കാർട്ടുകളും അവർ ഹാജരാക്കുന്നുണ്ട്. മ- യാളത്തിലും തമിഴിലും പ്രകൃതി പ്രത്യയങ്ങളിൽ ഒരു പോലെ സാദൃശ്യം കാണുന്നുണ്ട്. പദനിഷ്പാദനക്രമത്തിനും അന്തരം കാണുന്നില്ല. നാമങ്ങളിൽ ആദ്യം ലിംഗപ്രത്യയം, പിന്നിട്ട വചനപ്രത്യയം അതിനുശേഷം വിഭക്തിപ്രത്യയം എന്ന മുറ രണ്ടിലും സമാനം തന്നെ. മരങ്ങളുടെ എന്ന പദത്തിൽ ആദ്യം നപുംസക പ്രത്യയമായ അനുസ്വാരവും പിന്നീട് ബഹുവചന പ്രത്യയമായ 'കൾ' എന്നതും പിന്നീട് 'ഉടെ' എന്ന സംബന്ധികാപ്രത്യയവും ചേർക്കുന്നതുപോലെ തമിഴിലും 'മരങ്കളുടയ' എന്ന പദത്തിൽ ഈ നിയമം അനുസരിച്ചു കാണുന്നു. തമിഴിൽ വ്യവഹാരഭാഷയിലും സാഹിത്യഭാഷയിലും ഒരുപോലെ ഉപയോഗിച്ചു കാണുന്ന 'ചൊന്നാൻ' 'കണ്ടേൻ' മുതലായ ക്രിയാരൂപങ്ങൾ മലയാളത്തിലെ പഴയ കൃതികളിൽ കാണുന്നുണ്ട്. കേരളത്തിലെ ശിലാലേഖനങ്ങൾ മൊന്തമിഴ ഭാഷയിലാണ് കാണുന്നതു്. അതുകൊണ്ടു പഴയകാലത്തു ഇവിടത്തെ ഭാഷയും മൊന്തമിഴതന്നെയായിരിക്കണം. പഴയ കൃതികളിൽ പലതിലും 'തമിഴ്' എന്ന ശബ്ദംകൊണ്ടാണ് മലയാളഭാഷയെ കുറിക്കുന്നതു്. ഈ വക യുക്തികളെ അടിസ്ഥാനപ്പെടുത്തിയാണ് അവർ തമിഴിൽ നിന്നു മലയാളം ഉണ്ടായി എന്നഭിപ്രായപ്പെടുന്നതു്. എന്നാൽ ഇവകൊണ്ടുമാത്രം ഈ കാര്യം തീച്ചപ്പെടുത്തുവാൻ പാടില്ല.

ലിംഗവചന പ്രത്യയങ്ങളുടെ സാദൃശ്യം മലയാളത്തിനും തമിഴിനും മാത്രമല്ല ഉള്ളതു്. ദ്രാവിഡഗോത്രത്തിൽ പെട്ട കന്നഡം, തെലുങ്കു് എന്നിവയ്ക്കും ഈ സാദൃശ്യം കാണാം. എന്നാൽ വിഭക്തിപ്രത്യയങ്ങൾ പലതിനും വ്യത്യാസം കാണുന്നുണ്ടു്. ചൊന്നാൻ, കണ്ടേൻ എന്നിങ്ങനെ ക്രിയകളോടു പുരുഷപ്രത്യയം ചേർക്കുന്ന സമ്പ്രദായം മലയാളത്തിൽ സംഭാഷണഭാഷയിൽ തീരെയില്ല. സാഹിത്യഭാഷയിൽ കാണുവാനുള്ള കാരണം ചെന്തമിഴിന്റെ കയ്യേറ്റം കൊണ്ടാണെന്നു തെളിയിക്കാവുന്നതാണു്. കേരളം അനേകം കാലം ചെന്തമിഴ് സംസാരിക്കുന്ന ചക്രവർത്തിമാരുടെ കീഴിലായിരുന്നു. അതുകൊണ്ടു അന്നത്തെ പണ്ഡിതഭാഷയും ചെന്തമിഴായിതീർന്നു. മലയാളികൾ ചെന്തമിഴിൽ കൃതികൾ നിർമ്മിക്കുമ്പോൾ അറിയാതെ പല മലയാളശൈലികളും വന്നു ചേരുകയും ചെയ്തതുകൊണ്ടു ആ വക കൃതികളെ മലയാളത്തിന്റെ പ്രാഗ്രൂപങ്ങളായ് കണക്കാക്കി. അതുകൊണ്ടാണു് പുരുഷപ്രത്യയങ്ങളോടു ചേർന്ന രൂപങ്ങൾ സാഹിത്യഗ്രന്ഥങ്ങളിൽ കാണുന്നു എന്നു പറയുന്നതു്. തനി മലയാളത്തിൽ ഗ്രന്ഥങ്ങൾ കുറവായിരുന്നു. ഉള്ളവയിൽതന്നെ പിന്നീടുണ്ടായ സംസ്കൃതമണിപ്രവാളത്തിന്റെ രീതിയിൽ പല തമിഴ് ശബ്ദങ്ങളും കലരുന്നതും സ്വാഭാവികമാണല്ലോ. ഇന്നു കാണുന്ന മിക്ക മലയാളകൃതികളിലും ഇതുപോലെ ഇംഗ്ലീഷിന്റെ സ്പർശവും കാണാവുന്നതാണു്. ശിലാലേഖനങ്ങളും രാജകീയാധാരങ്ങളും ചെന്തമിഴിൽ കാണുവാനുള്ള കാരണവും ചെന്തമിഴ് രാജാക്കന്മാരുടെ

ആധിപത്യം തന്നെ. 'തമിഴ്' എന്നപേർ മലയാളത്തിനുണ്ടായിരുന്നു എന്നതു വാസ്തവംതന്നെ. തമിഴ് എന്നതിനു സാമാന്യമായ് ഭാഷ എന്നു മാത്രമായിരുന്നു അർത്ഥം. തമിഴ് എന്ന ശബ്ദം സംസ്കൃതീകരിച്ചതാണ് ദ്രാവിഡം. ആര്യന്മാർ തമിഴ് എന്ന ശബ്ദത്തെ ദ്രമിളം, ദ്രമിഡം, ദ്രാവിഡം എന്നെല്ലാം രൂപഭേദത്തോടുകൂടി ശബ്ദിച്ചിരുന്നു. കൊടുങ്ങല്ലൂർ ഇംഗ്ലീഷുകാർക്കു ക്രാൻഗനൂർ ആകുന്നുണ്ടല്ലോ. മലയാളത്തിലെ ഒരു ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിൽ ഈ സംഗതി വ്യക്തമാക്കിയിട്ടുണ്ട്. മലയാം തമിഴ മലയാളവും കരനാട്ട തമിഴ കണ്ണാടകവുമായതാണ്. 'തമിഴ്' എന്നാൽ പെരും ഭാഷ എന്നേ അർത്ഥമുള്ളു എന്നും അതിൽ വ്യക്തമായിരിക്കുന്നു. ദ്രാവിഡം എന്നശബ്ദംകൊണ്ടു ഏതെല്ലാം ഭാഷകളെ വ്യവഹരിക്കാമോ ആയക ഭാഷകളെയെല്ലാം 'തമിഴ്' എന്നശബ്ദംകൊണ്ടും വ്യവഹരിക്കാവുന്നതാണ്.

തലൈ, വലൈ മുതലായ ഐകാരാന്ത ശബ്ദങ്ങൾ മലയാളത്തിൽ തല, വള എന്നിങ്ങനെ അകാരാന്തങ്ങളായിട്ടാണ് കാണുന്നതു്. ഉച്ചരിക്കുവാൻ എളുപ്പം കൂടതലുള്ള അകാരാന്തശബ്ദങ്ങൾ പിന്നീടു് പൊവ്വാക്കി തമിഴിൽ(പെന്തമിഴിൽ) ഐകാരാന്തങ്ങളായ് തിന്നിരിക്കുവാനാണ് വഴി. അതു പോലെതന്നെ ചെയ്താൻ, വന്താൻ എന്നിങ്ങനെ പുരുഷപ്രത്യയങ്ങളോടുകൂടിയ പെന്തമിഴിലെ ക്രിയകളേക്കാൾ പ്രാചീനമായ രൂപം, ചെയ്തു, വന്നു എന്നിങ്ങനെയുള്ള മലയാളത്തിലെ ക്രിയകൾക്കാണെന്നും നിർവിവാദം തന്നെ. ദ്രാവിഡഗോത്രത്തിൽ പ

ഴയകാലംമുതല്ക്കേ ഉണ്ടായിരുന്നതും തമിഴ്, തെലുങ്ക്, കണ്ണാടകം എന്നീ ശാഖകളിൽ അപ്രത്യക്ഷമായ് തുടങ്ങിയിട്ടുള്ളതുമായ ഴ, റ, ഩ, ന, ൻറ, ള എന്നീ വർണ്ണങ്ങൾ രൂപഭേദം കൂടാതെ നില്ക്കുന്നതും മലയാളത്തിൽ മാത്രമാണ്. ഇതെല്ലാം നോക്കുമ്പോൾ ചെന്തമിഴിൽനിന്നു മലയാളം ഉണ്ടായി എന്നു് കരിക്കലും പറയാവുന്നതല്ല.

മൂലദ്രാവിഡഗോത്രത്തിൽ പെട്ട സ്വതന്ത്രമായ ഒരു ശാഖയാണ് മലയാളം എന്നു സ്ഥാപിക്കുവാൻ വലിയ വിഷമമുണ്ടെന്നു തോന്നുന്നില്ല. 'തമിഴംനാട്ടു മൈവേന്തരും വന്താർ' എന്നിങ്ങനെ തമിഴ് നാട്ടിലെ അഞ്ചു രാജാക്കന്മാരെപ്പറ്റി പറയുന്നതു ചോളം, പാണ്ഡ്യം, കേരളം, കണ്ണാടകം, തെലുങ്ക് എന്നീ രാജ്യങ്ങളിലെ അധിപന്മാരാണ്. ചോളപാണ്ഡ്യ രാജ്യങ്ങളിലെ വിദ്വാന്മാരുടെ പരിശ്രമഫലമായി ആ പ്രദേശങ്ങളിലെ തമിഴ് പരിഷ്കരിക്കപ്പെട്ടതുകൊണ്ടു ആ പ്രദേശങ്ങളിലെ ചെന്തമിഴ് നാടുകളായും കണക്കാക്കപ്പെട്ടിരുന്ന ആര്യഭാഷയായ സംസ്കൃതത്തിന്റെ സങ്കരം കൊണ്ടു കൊടുന്തമിഴ്ഭാഷകൾ വളരെയധികം വ്യത്യാസപ്പെട്ടു. എന്നാൽ സാഹിത്യഗ്രന്ഥങ്ങൾകൊണ്ടു വളരെയധികം പുഷ്ടിപ്പെട്ട ചെന്തമിഴിനുമാത്രം വലിയ വ്യത്യാസം വന്നില്ല. മലയാളത്തിൽ സംസ്കൃതത്തിന്റെ ആധിപത്യം പ്രകടമായ്കാണുന്നതുകൊണ്ടുതന്നെ സംസ്കൃതാക്രമണകാലത്തു മലയാളവും ഇന്നു തമിഴ് എന്നപേരിൽ അറിയപ്പെടുന്ന ചെന്തമിഴും വേറെയായിരുന്നുവെന്നു തെളിയുന്നുണ്ടല്ലോ. മരുമക്കത്തായം, മുൻകൂട്ടുമ, മുതലവകാശം മുതലായ കാര്യങ്ങ

ളിൽ വ്യത്യസ്തരായ കേരളീയരുടെ ഭാഷയും ഉപനിവേശ കാലം മുതല്ക്കേ പ്രത്യേകം ഒരു ശാഖയായ് തീരുവാനാണു ന്യായം. പഴയ ആചാരങ്ങളെ മുറുകെ പിടിച്ചിരുന്ന കേരളീയർക്കു സംസ്കൃതത്തിൻറെയും പൊന്തമിഴിൻറെയും കയ്യേറ്റത്തിൽനിന്നു അവരുടെ ഭാഷയുടെ നഷ്ടാവശിഷ്ടങ്ങളെ കേട്ടുകൂടാതെ നിലനിർത്തുവാൻ സാധിച്ചു എന്നതിനു പുരുഷപ്രത്യയങ്ങളും കൂടാതെയുള്ള ക്രിയാരൂപങ്ങളും അനാരാന്തങ്ങളായ് പെരുകിക്കിടക്കുന്ന നാമരൂപങ്ങളും സാക്ഷ്യം വഹിക്കുന്നു. തമിഴ്, തെലുങ്കു, കണ്ണാടകം, തുളു എന്നീ ഭാഷകളോടു സർവ്വനാമങ്ങളിലും, സംഖ്യാവാചികളായ ശബ്ദങ്ങളിലും ലിംഗവചനവിഭക്തിപ്രത്യയങ്ങളിലും പ്രകടമായ സാദൃശ്യം കാണുന്നതുകൊണ്ടു മൂലദ്രാവിഡഭാഷയുടെ ഒരു ശാഖയാണു് മലയാളം എന്നും തീർച്ചയാക്കാവുന്നതാണു്.

മലയാളഭാഷ ദ്രാവിഡഗോത്രത്തിൽനിന്നു ഒറ്റയായ് പിരിഞ്ഞ വേറെ ഒരു ശാഖയെന്ന നിലയിൽ എത്തുവാനുള്ളകാരണം അനുനാസികാതിപ്രസരം, താലവ്യാദേശം, പഴമയെ മുറുകെപ്പിടിച്ച പുരോഗതിയെ തടയൽ എന്നിവയിൽ കാണാവുന്നതാണു്. അനുനാസികാതിപ്രസരം എന്നതു അനുനാസികങ്ങളായ ശബ്ദങ്ങൾ അടുത്തു പിന്നാലെ വരുന്ന ഖരവർണ്ണങ്ങളെ ആകൃമിച്ചു തന്നോടു ലയിപ്പിക്കലാണു്. മരം + കാൽ=മരങ്കാൽ. നെഞ്ച്=നെഞ്ഞ്. തിന്താൻ=തിന്നാൻ. ചിമ്പുക=ചിമ്മുക. തേങ്കായ്=തേങ്ങ. എന്നിങ്ങനെ ഉദാഹരണങ്ങൾ ധാ

DEFINITORY T. O. C. No.....

രാളം കാണാവുന്നതാണു്. താലവ്യാദേശമൂലം തവർഗ്ഗത്തിൽപെട്ട അക്ഷരങ്ങളും അത്യാവശ്യം കവർഗ്ഗത്തിലെ അക്ഷരങ്ങളും ഉട വർഗ്ഗമായ് മാറുന്നു. നാൻ, നാനു എന്നു മറുള്ള ദ്രാവിഡഭാഷകളിലെ ഉത്തമപുരുഷൻ സംസ്കൃതം മലയാളത്തിൽ ഞാൻ എന്നാകുന്നു നണ്ടു്, ഞണ്ടായ് മാറുന്നു. കടിത്തു, ആശരിത്തി എന്നുള്ളവ കടിച്ചു, ആശാരിച്ചി എന്നിങ്ങനെയാകും. പഴമയെ കൈവിടാതെയിരുന്നതുകൊണ്ടു മറു ശാഖകളിൽ പലവിധ ഭാഷാപരിഷ്കാരങ്ങളും വന്നുചേർന്നകാലത്തും മലയാളത്തിൽ പുതുമയൊന്നും കൂടാതെ തന്നെയിരുന്നു. തെന്തമിഴിലും കർണ്ണാടകത്തിലും അത്യാവശ്യം തെലുങ്കിലും ക്രിയാപദങ്ങളോടു പുരുഷപ്രത്യയം ചേർത്തു ഉപയോഗിക്കുവാൻ തുടങ്ങിയെങ്കിലും മലയാളത്തിൽമാത്രം അതു നടപ്പായില്ല. അവൻ വന്താൻ, അവർ വന്താർ, നീ വന്തായ് എന്നിങ്ങനെ തമിഴിൽ ആഖ്യായനാസരിച്ചു ആഖ്യാതങ്ങൾക്കു മാറ്റം വരുത്തിയിട്ടുണ്ടു്. കർണ്ണാടകം, തെലുങ്കു എന്നീ ഭാഷകളിലും ഈ പരിഷ്കാരം വന്നുചേർന്നിട്ടുണ്ടു്. എന്നാൽ മലയാളത്തിൽ മാത്രം ഈ പരിഷ്കാരം വരുത്തുകയുണ്ടായിട്ടില്ല. ഒരു പക്ഷെ ഈ വക പരിഷ്കാരം വരുന്നതിനു എത്രയോ മുമ്പുതന്നെ കേരളീയർ പിരിഞ്ഞു പോന്നതായിരിക്കാം ഇതിനു കാരണം. ആദ്യത്തിൽ അകാരാന്തങ്ങളായിരുന്ന ശബ്ദങ്ങളെ തമിഴ് ഐകാരാന്തമായും കർണ്ണാടകം ഏകാരാന്തമായും മാറി. മലയാളത്തിലെ വരയും തലയും 'വരൈ' 'തലൈ' 'പരെ', തലെ എന്നായിതീർന്നു. മലയാളത്തിലെ ഴ, റ എന്ന വർണ്ണങ്ങൾ തെലുങ്കിലും കർണ്ണാടകത്തിലും ഉപേക്ഷിച്ചു. തമിഴിൽ

ഉച്ചാരണത്തിനു മാറ്റം വന്നു. നാം ഇന്നു രണ്ടു തരത്തിലുള്ള ഉച്ചാരണം മലയാളത്തിൽ മാത്രമായ് തീർന്നു. ഇങ്ങിനെ പല വിധത്തിലും ദ്രാവിഡഗോത്രത്തിലെ സഹോദര ശാഖകളോടു വ്യത്യസ്തപ്പെട്ടു പ്രത്യേകമൊരു ഭാഷയായ് തീർന്നതാണു മലയാളം.

മലയാളത്തിന്റെ ആദിമഘട്ടം (കൊ. വ. 1 മുതൽ 500 വരെ)

മലയാളത്തിന്റെ ആദിമ ചരിത്രം ഇന്നജ്ഞാനാന്ധകാരത്തിൽ ആണ്ടു കിടക്കുകയാണു്. മലയാളസാഹിത്യം വളർന്നു വികസിക്കുവാനുള്ള പരിതഃസ്ഥിതികളായിരുന്നില്ല അന്നുണ്ടായിരുന്നതു്. ഏതു കാലത്തും യുദ്ധത്തിന്റെയും മത്സരത്തിന്റെയും രംഗമായിരുന്നതുകൊണ്ടു സാഹിത്യത്തെക്കുറിച്ചു ആരും അത്ര ഗൗനിച്ചിരുന്നില്ലെന്നാണു തോന്നുന്നതു്. കേരളം പഴയകാലത്തു ചോള പാണ്ഡ്യരാജാക്കന്മാരുടെ ആക്രമണത്തിനു പലപ്പോഴും വിധേയമായിരുന്നു. തന്മൂലം അവരുടെ ഭാഷയും നിരവധി സാഹിത്യഗ്രന്ഥങ്ങൾ കൊണ്ടു പരിപുഷ്ടവുമായ തെന്തമിഴ് ഇവിടത്തെ വിടുപടൽ ഭാഷയായ് പരിണമിച്ചു. മാതൃഭാഷയായ മലയാളം അവജ്ഞയോടെ വീക്ഷിക്കപ്പെട്ടു. ഈ നൂറാണ്ടിൽപോലും മലയാളത്തിൽ പ്രസംഗിക്കുകയോ ഗ്രന്ഥം എഴുതുകയോ ചെയ്യുന്നതു പോരായ്മയാണെന്നു പല മലയാളികളും ധരിച്ചിരിക്കേ അക്കാലത്തു അങ്ങിനെ ചെയ്തതിൽ അത്ഭുതപ്പെടുവാനില്ല. മലയാള സാഹിത്യം അന്നു തെന്തമിഴ് സാഹിത്യത്തിൽനിന്നും ഭിന്നമായിരുന്നില്ല. ഒന്നോ രണ്ടോ മലയാളവാക്കുകൾ അങ്ങിങ്ങു ചെലുത്തിയ സംസ്കൃതശ്ലോകങ്ങളെ ഇന്നുള്ളവർ മലയാള

മായി കണക്കാക്കുന്നതുപോലെ അധികഭാഗവും മെറ്റമിഴ പ്രയോഗങ്ങൾകൊണ്ടു നിറഞ്ഞതും ഒന്നോ രണ്ടോ മലയാളവാക്കുകൾ ഉള്ളതുമായ കൃതികളേയും മലയാള കൃതിയായ് കരുതുകയും അതായിരുന്ന അന്നത്തെ മലയാളഭാഷയുടെ സ്വഭാവം എന്നു ചിലർ കരുതുകയും ചെയ്യുന്നുണ്ട്. മലയാളഭാഷയിൽതന്നെ എഴുതിയ കൃതികൾ ഇതേവരേയും നമുക്കു ലഭിച്ചിട്ടില്ല. മതത്തോടു ബന്ധിക്കപ്പെട്ട ഭദ്രകാളിപ്പാട്ട്, ശാസ്താംപാട്ട്, തിയാട്ടുപാട്ട്, ബ്രാഹ്മണിപ്പാട്ട്, പുള്ളുവർപാട്ട് എന്നിവ ഈ കാലത്തു നിർമ്മിക്കപ്പെട്ടതായിരിക്കാം. കുട്ടികളെ കളിപ്പിക്കുവാൻ നിർമ്മിക്കപ്പെട്ട പല പാട്ടുകളും ഈ കാലത്തിൽ പെട്ടതാകാം.

ആൺകിളി, പെൺകിളി പന്ത്രണ്ടാലിന്മേൽ കയറി, യുറങ്ങി, യിറങ്ങി വരുമ്പോളെന്തുണ്ടു.....ഇത്യാദി പലതും പുരാതന കാലം മുതല്ക്കേ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരേ വ്യാപിച്ചു കിടക്കുന്നതായിട്ടാണു അറിവു്.

രാമചരിതം

സാഹിത്യഗ്രന്ഥം തികഞ്ഞ പുരാതന മലയാളഗ്രന്ഥങ്ങളിൽ രാമചരിതത്തിനു അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. മലയാളഭാഷയുടെ ഉത്ഭവം ആരാഞ്ഞറിയുവാൻ ജീവിതകാലം മുക്കാലും ചിലവഴിച്ച മലയാളത്തിനു ഒരു വ്യാകരണവും നിഘണ്ടുവും സമ്മാനിച്ച ഗുണ്ടർട്ട് സായ്പിനു ഏറ്റവും പ്രിയമായ ഒരു ഗ്രന്ഥമാണു്

ഇതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മലയാളഭാഷയുടെ പൂർവ്വരൂപം ഇതുപോലെയായിരുന്നു. ഈ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. മലയാള പദങ്ങൾ ഇടയ്ക്കു കുറെയെന്തമിഴ ഗ്രന്ഥമാണിതെന്നു പറയുന്നതായിരിക്കും അധികം നല്ലതു്.

ഇതിന്റെ ഗ്രന്ഥകർത്താവു്, 'ആതിതേവനിലമിഴ്ന്തമന്നകാവുടയ ചീരാമനമ്പിനൊടിയമ്പിന തമിഴ് കവി'യാണെന്നു ഗ്രന്ഥത്തിൽതന്നെ സൂചിപ്പിച്ചിട്ടുള്ളതിൽനിന്നു കുറെ ശ്രീരാമ നാമധേയമുള്ള വനാണു് എന്നു നിശ്ചയിക്കാം. ശ്രീരാമവർമ്മ എന്നൊരു തിരുവിതാംകൂർ മഹാരാജാവാണു ഈ കവി എന്നു് ഉള്ളൂർ പരമേശ്വരയ്യർ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ടു് എങ്കിലും ആ കാര്യം ഇന്നും വാദവിഷയംതന്നെ. ഈ കൃതിയുടെ കാലം കൊ. വ. 5—ാം നൂറ്റാണ്ടിലായിരിക്കാമെന്നാണു പൊതുവേ അഭിപ്രായം. ലീലാതിലകം എന്ന കുറെ മണിപ്രവാള വ്യാകരണഗ്രന്ഥത്തിൽ പാട്ടിനു കൊടുത്തതായ ലക്ഷണങ്ങൾ ഇതിൽ സന്നിവേശിപ്പിച്ചു പോന്നിട്ടുണ്ടു് മലയാളഭാഷയിൽ ഇന്നു കാണുന്ന പല ദ്രാവിഡവൃത്തങ്ങൾക്കും ഇതിലെ വൃത്തങ്ങൾ മാതൃകയാണു.

രാമായണത്തിലെ യുദ്ധകാണ്ഡം മാത്രമേ ഇതിൽ വർണ്ണിച്ചിട്ടുള്ളൂ. യുദ്ധത്തിൽ ശത്രുവിനെ ജയിക്കുന്നതിനുവേണ്ടി കുറെ മഹാരാജാവിനാൽ എഴുതപ്പെട്ടതാണെന്നു കുറെ ഐതിഹ്യമുണ്ടു്. കൃതിയെറും കുറെ തജ്ജമയല്ല. ശ്രീരാമനെ വിഷ്ണുവിന്റെ അവതാരമായ് ഗണിച്ചു പോരുന

ത്തും സ്ഥാപിച്ചു കാണുന്നു. പ്രൌഢിയും ഓജസ്സും തികഞ്ഞതാണ് ശൈലി.

പതിറ്റുപ്പത്ത്, പത്തുപ്പാട്ട്, മണിമേഖല മുതലായ കൃതികൾ മലയാളികൾ നിർമ്മിച്ചതാണെങ്കിലും അവ തനിയേ പൈന്തമിഴ് ഗ്രന്ഥങ്ങളാകയാൽ മലയാളസാഹിത്യത്തിൽ പെടുന്നതല്ല.

ഏതാണ്ടു കരേ കാലത്തു നിർമ്മിക്കപ്പെട്ടവയാണെന്നു കണക്കാക്കാവുന്ന പല ശിലാലേഖനങ്ങളിലേയും ഭാഷയിൽ ചിലതിന്നു പൈന്തമിഴിനോടു വളരെ അടുപ്പവും മറ്റു ചിലവയ്ക്കു കന്നടകത്തോടു അടുപ്പവും കാണുന്നുണ്ട്. തെക്കേ മലയാളത്തിലെ ഭാഷ പൈന്തമിഴ്രൂപങ്ങൾ അധികമുള്ളവയായിട്ടാണ് കാണപ്പെടുന്നതു്. മദ്ധ്യമലയാളത്തിലെ ഭാഷയെ മാത്രമേ ശരിയായ മലയാളത്തിന്റെ മാതൃകയാക്കി കണക്കാക്കുവാൻ പാടുള്ളൂ.

ഇക്കാലത്തു എഴുതുവാൻ ഉപയോഗിച്ചിരുന്ന ലിപികൾ വട്ടെഴുത്ത്, കോലെഴുത്ത് എന്നൊക്കെ പറയപ്പെട്ടിരുന്നതു വഴുത്തിൽ പെട്ടതായിരുന്നു. പൈന്തമിഴിന്നും ഇവതന്നെയായിരുന്നു ലിപികൾ. സാഹിത്യാദർശങ്ങൾ പൈന്തമിഴിൽ നിന്നായിരിക്കണം സ്വീകരിച്ചിരുന്നതു്. എന്തായാലും ഈ കാലത്തെ മലയാളസാഹിത്യം പൈന്തമിഴിന്റെ അടിമയായിരുന്നുവെന്നുള്ളതു തീർച്ചതന്നെ. കേരളത്തിലെ രാജാക്കന്മാർ സ്വതന്ത്രരായിരുന്നകാലത്തുപോലും പാണ്ഡ്യരാജാക്കന്മാരോടു രക്തബന്ധം കൊണ്ടും രാഷ്ട്രീയമായും അടുപ്പമുള്ളവരായതുകൊണ്ടു സാഹി

ത്യസമ്പത്തുകൊണ്ടു പരിപുഷ്ടമായ തെന്തമിഴിനെ രാജഭാഷയായ് സ്വീകരിക്കുകയും വിദ്യാഭ്യാസഭാഷയും വിദേശഭാഷയുമെന്തമിഴായ് തീരുകയും ചെയ്തു: എന്നാൽ നാട്ടുകാരുടെ ഇടയിൽ മലയാളം മലയാളമായ്തന്നെ ഇരുന്നതുകൊണ്ടു മാതൃഭാഷയിൽ വലിയ വ്യത്യാസമൊന്നും വന്നില്ല. സാഹിത്യം അഭിവൃദ്ധിപ്പെട്ടില്ലെന്നു മാത്രം.

സംസ്കൃതപ്രഭാവകാലം (കൊ. വ. 500—800)

ചോളരാജ്യപാണ്ഡ്യരാജാക്കന്മാരുടെ ശക്തി ക്ഷയിച്ചിട്ടും മലയാളത്തിന്റെ ദുർഗ്ഗതി നീങ്ങിയില്ല. തെന്തമിഴിന്റെ അധികാരം ക്ഷയിച്ചതോടുകൂടി സംസ്കൃതഭാഷയുടെ കയ്യേറ്റമാണ് കേരളഭാഷക്ക് സഹിക്കേണ്ടിവന്നത്. കേരളം അനവധി നാടുവാഴികളുടെ ഭരണത്തിനു വിധേയമായതോടുകൂടി പ്രഭുക്കന്മാരായ കേരള ബ്രാഹ്മണർ തലപൊക്കുവാൻ തുടങ്ങി. ബുദ്ധിമാന്മാരായ നമ്പൂതിരിമാരുടെ സഹായമില്ലാതെ ഭരണം നടത്തുക വിഷമമായ്തീർന്നു. അതോടുകൂടി സാഹിത്യഭാഷയുടെ മട്ടൊന്നുമാറി. തെന്തമിഴിനു പ്രചാരം കുഞ്ഞു. സംസ്കൃതം രാജഭാഷയായ് മാറുവാൻ തുടങ്ങി. ആര്യന്മാരായ നമ്പൂതിരിമാരുടെ ഭാഷയായിരുന്നല്ലോ അതു്. എന്നാൽ വിജാതീയമായ സംസ്കൃതഭാഷ പൊതുജനങ്ങൾക്കു തീരെ അജ്ഞാതമായിരുന്നു. എങ്കിലും കുശാഗ്രബുദ്ധികളായ നമ്പൂതിരിമാർ അതിനും ഒരു ഉപായം കണ്ടുപിടിച്ചു. കുറേശ്ശ കുറേശ്ശയായ്, സംസ്കൃതം ഇടകലത്തിയ ഒരു പുതിയ മലയാളഭാഷയെ നിർമ്മിക്കുവാൻതുടങ്ങി. കാലക്രമേണ അതു മണിപ്രവാളം എന്ന പേരിൽ ഉച്ചൃവശായ്. ആദ്യകാലത്തു ഈ മിശ്രഭാഷയെക്കുറിച്ചു ജനങ്ങൾക്കുവേലിയ പുച്ഛമായിരുന്നു. പരിഹാസത്തെ വകവെക്കാതെ മുന്നോട്ടു പോയ്ക്കൊണ്ടിരുന്ന ഈ മിശ്രഭാഷ രാജാക്കന്മാ

രാൽ പതുക്കെപ്പതുക്കെ സംഭാവിതയായ്തീർന്നു. അമ്പൂരിരി മാരുടെ നിസ്സീമായ ഫലിതധോരണി ഇതിനെ സരസമാക്കി. പലരൂപത്തിലുള്ള കാവ്യങ്ങളും ഈ ഭാഷയിൽ നിർമ്മിക്കപ്പെട്ടു. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ വ്യാപിച്ചു പരിപുഷ്ടമായതോടുകൂടി അതിനു ലക്ഷണഗ്രന്ഥങ്ങളുണ്ടാകുകയും ക്ഷാമമില്ലാതായ് മണിപ്രവാളംവഴി മലയാളം മെന്തമിഴിൽനിന്നും അകന്നുകൊണ്ട് സംസ്കൃതത്തോടു ചേർന്നിണങ്ങുകയും സംസ്കൃതം കൊടുത്ത വസ്തുമായ അക്ഷരമാലയും അലങ്കാരങ്ങളും സ്വീകരിച്ചു വൃത്തമൊപ്പിച്ചു കവിതപാടിരസിച്ചു പുതിയ ഒരു ജീവിതമാരംഭിക്കുകയും ചെയ്തു. പുതിയവേഷത്തിൽ കാമിനീകാമുകന്മാർ തമ്മിലുള്ള 'സന്ദേശകാവ്യങ്ങളും', കൂത്താടുവാനുള്ള വിനോദപ്രബന്ധങ്ങളും, ആടിപ്പാടി കളിക്കുവാനുള്ള ആട്ടക്കഥകളും കണക്കില്ലാതെ പെരുകി പരിപുഷ്ടമായ് തീർന്നു.

ഉണ്ണുനീലി സന്ദേശം

വളരെ പ്രസിദ്ധവും പ്രാചീനവുമായ ഒരു മണിപ്രവാള കൃതിയാണു് ഉണ്ണുനീലിസന്ദേശം. കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചു പല സന്ദേശകാവ്യങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയിൽവെച്ചു ഉത്തമസന്ദേശങ്ങളുടെ കൂട്ടത്തിൽ ഗണിക്കാവുന്നതും മനോധർമ്മംകൊണ്ടു പുതുമതോന്നിക്കുന്നതുമായ ഒരു കാവ്യംതന്നെയാണു് ഇതു്. കവി ആരാണെന്നു അറിയുവാൻ സാധിച്ചിട്ടില്ല. കൊല്ലം തലസ്ഥാനമാക്കിയാണു രവിവർമ്മ മഹാരാജാവി

ന്റെ സദസ്യരിൽപെട്ട ഒരു നമ്പൂതിരിയാണെന്നും ഒരു മാക്യാരാണെന്നും പല അഭിപ്രായങ്ങളും പുറപ്പെട്ടിട്ടുണ്ട്. ഈ തിലെ സന്ദേശഹരൻ ഒരു ആദിത്യവർമ്മ മഹാരാജാവാണ്. സന്ദേശകാലം കൊല്ലവർഷം 499-ാമാണ്ട് മേടം 1-ാംനു-യാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു.

കഥാസാരം. കടത്തുരുത്തിൽ മുണ്ടയ്ക്കൽ വീട്ടിൽ ഉണ്ണുനീലിയും ഭർത്താവുംകൂടി ഉറങ്ങുമ്പോൾ ഒരു യക്ഷിവന്നു നായകനെ എടുത്തുകൊണ്ടു തെക്കോട്ടു പറന്നു. തിരുവനന്തപുരത്തു എത്തിയപ്പോൾ നായകൻ ഉണർന്നു നരസിംഹമന്ത്രം ജപിക്കയും യക്ഷി ഭയപ്പെട്ടു നായകനെ താഴെയിട്ടു പോകയും ചെയ്തു. ക്ഷേത്രപരിസരത്തിലാണ് നായകൻ വീണതു്. പ്രഭാതമായപ്പോൾ ആദിത്യവർമ്മ മഹാരാജാവു് ദർശനത്തിനുവന്നു. മാരജ്വരപരവശനായ നായകൻ അദ്ദേഹത്തിനെ നായകന്റെ അടുക്കലേക്കു സന്ദേശവും കൊടുത്തയക്കുന്നു.

പ്രശംസനീയമായ കവിതാകൌശലം കൃതിയിൽ സർവ്വത്ര കളിയാടുന്നുണ്ട്.

'കാലിക്കാലിൽ തടവിനപൊടിച്ചാത്തു കൊണ്ടോത്തശോഭം
പീലിക്കണ്ണാൽ കലിത ചികുരം പീതകൌശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാല ലീലം
കോലംനീലം തവനിയതവുംകോയിൽകോംകെങ്കഃക്രേതഃ'-

ഇങ്ങിനെ പ്രസാദവും ഒഴുക്കും ശബ്ദഭംഗിയും അർത്ഥഭംഗിയും തികഞ്ഞ പദ്യങ്ങളാണ് ഈ കാവ്യത്തിൽ കാ

ന്നതു്. ഭക്തിയും പാണ്ഡിത്യവും രസികത്തവും ഏകത്ര സമ്മേളിച്ചു വിലസുന്ന ഒരു മഹാപുരുഷനാണു കവിയെന്നതിനു സംശയമില്ല.

അരൻ, കങ്കു, ഉള്ളു, ചെൻറു കൊൻറാൻ ഇത്യാദി പ്രയോഗങ്ങൾ മെന്തമിഴിൻെറ പ്രാഭവം തീരെ നശിച്ചിട്ടില്ലെന്നു കാണിക്കുന്നു. 'പാലവും പിന്നിടോഥാ', കഞ്ചി ഭിക്ഷഞ്ചലായ്ക്കൊ' എന്നിങ്ങനെ ശുദ്ധഭാഷാ പ്രകൃതിയോടു സംസ്കൃത പ്രത്യയങ്ങൾ ചേർത്തു വന്നിരുന്ന വിചിത്രമണിപ്രവാളസമ്പ്രദായവും ഇടയ്ക്കു കാണുന്നുണ്ടു്.

ലീലാതിലകം

മലയാളത്തിലെ മണിപ്രവാളസാഹിത്യത്തെപ്പറ്റി സംസ്കൃതഭാഷയിൽ രചിച്ച ഒരു ലക്ഷണഗ്രന്ഥമാണു് ലീലാതിലകം. ചുറ്റുവാട്ടമുള്ള മലയാളസാഹിത്യതലത്തെ വീക്ഷണം ചെയ്യാനുതകുന്ന ഒരു സാഹിത്യൌഷധം തന്നെയാണു് ഇതു്. എട്ടു ശില്പങ്ങൾ ഇതിൽ നിബന്ധിക്കപ്പെട്ടിരിക്കുന്നു. ഒന്നാം ശില്പത്തിൽ മണിപ്രവാളസ്വരൂപവും ലക്ഷണവും, രണ്ടാം ശില്പത്തിൽ ഭാഷയുടെ നിരുക്തവും നാമങ്ങളുടേയും ക്രിയാപദങ്ങളുടേയും നിഷ്പത്തിക്രമവും, മൂന്നാം ശില്പത്തിൽ സന്ധിവിവരണവും നാലാം ശില്പത്തിൽ കാവ്യദോഷങ്ങളും, അഞ്ചിൽ കാവ്യഗുണവിചാരവും, ആറിൽ ശബ്ദാലങ്കാരങ്ങളും, ഏഴിൽ അർത്ഥാലങ്കാരങ്ങളും, എട്ടിൽ രസനിരൂപണവും അടങ്ങിയിരി

ക്കുന്നു. പ്രാചീനാചാര്യന്മാർ ചെയ്യാറുള്ളതുപോലെ 'സൂത്ര'ങ്ങളും 'വൃത്തി'കളും കൊണ്ടാണു കാവ്യം നിർവഹിക്കുന്നതു്. മണിപ്രവാളത്തിന്റെ ലക്ഷണം 'ഭാഷാസംസ്കൃതയോരൈക്യം മണിപ്രവാളം' എന്നാണു്. യോഗം എന്നാൽ സഹഭേദമാക്കുകയിക്കുന്ന വിധത്തിലുള്ള ചേർച്ചയാണു്. നിയമേന ദോഷമില്ലാതേയും ഗുണമുണ്ടായും പ്രായേണ അലങ്കാരത്തോടുകൂടിയും ഇരുന്നാലെ അത്തരം ചേർച്ച സംഭവിക്കുകയുള്ളൂ. മണിയെന്ന ശബ്ദംകൊണ്ടു മലയാളഭാഷയേയും, പ്രവാളം എന്നതുകൊണ്ടു സംസ്കൃതത്തേയും അധ്യവസിക്കണം ചെയ്യുന്നു. സംസ്കൃതപദങ്ങൾ ഭാഷപോലെ സുകുമാരവും പ്രസിദ്ധവും ആകേണ്ടതാണു്. മാണിക്യവും പവിഴവും ഒരു ചരടിൽ ഇണക്കികോർത്താൽ നിറത്തിന്റെ സാദൃശ്യം കൊണ്ടു് ചേർതിരിച്ചു അറിയാത്ത തരത്തിൽ ആകുന്നതുപോലെ ഭാഷാസംസ്കൃതശബ്ദങ്ങൾ ഇടകലർന്നു് ഏകജാതീയമായ് തോന്നേണമെന്നും നിഷ്കർഷിച്ചിട്ടുണ്ടു്. മലയാളപദങ്ങൾ കൂടിയും സംസ്കൃതഭിക്ത്യന്തപദങ്ങൾ കുറഞ്ഞും രസത്തിൽ കവിഞ്ഞും ഇരിക്കുന്നതായാലേ ഉത്തമ മണിപ്രവാളമാകയുള്ളൂ.

ഇതുപോലെ 'ഭാഷ'മാത്രം ഉപയോഗിച്ചു നിർമ്മിക്കുന്ന കവിതക്കു 'പാട്ടു്' എന്നു പറയുമെന്നും പാട്ടിന്റെ നിർവചനം ഏതു വിധത്തിലാണെന്നും കാണിച്ചിട്ടുണ്ടു്.

'ദ്രാവിഡസംഘാതാക്ഷരനിബന്ധം എതുകാമോനവൃത്ത വിശേഷയുക്തം പാട്ടു്' എന്നാണു പാട്ടിന്നു ലക്ഷണം കൊടുത്തിട്ടുള്ളതു്. എതുയെന്നതു ഇന്നു നാം പറ

ഞ്ഞു വരുന്ന ദ്വിതീയാക്ഷരപ്രാസവും മോനയെന്നതു ആദി പ്രാസവും ആകുന്നു. രാമചരിതത്തിലെ വൃത്തങ്ങളെല്ലാം ഈ ലക്ഷണം തികച്ചും ഉള്ളതാണെന്നു കാണിക്കേണ്ടതാണു്.

ലീലാതിലകം കണ്ടുകിട്ടിയതുകൊണ്ടു ഭാഷാസംബന്ധമായ പല വെളിച്ചങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടു്. തമിഴ് എന്നതു ഭാഷ എന്നതിന്റെ ഒരു പര്യായം മാത്രമാണെന്നും മലയാളഭാഷ കണ്ണാടകം, തെന്തമിഴ് എന്നവയെപ്പോലെ മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്ര ശാഖയാണെന്നും ഇതിൽ തെളിയിച്ചിട്ടുണ്ടു്. മലയാളത്തിൽ മണിപ്രവാളം എന്നും പാട്ടു എന്നും രണ്ടു രീതിയിൽ ഒരേ സമയത്തുതന്നെ സാഹിത്യം വളർന്നു വന്നിരുന്നുവെന്നു ഗ്രഹിക്കാറായി. മണിപ്രവാളത്തിന്റെ ശരിയായ നിർവചനം മുമ്പിൽ മലയാളികൾ ധരിച്ചതിൽനിന്നും അല്പം വ്യത്യസ്തമാണെന്നും ബോദ്ധ്യമായ്.

ലീലാതിലകത്തിൽ കാണിച്ചിട്ടുള്ള ഉദാഹരണപദ്യങ്ങളിൽ പലതും ഏതോ അപ്രകാശിതമായ് കിടക്കുന്ന പഴയ കാവ്യങ്ങളിൽനിന്നു ആയിരിക്കാമെന്നുള്ള ശങ്കയും വഴികൊടുക്കുന്നുണ്ടു്. തന്മൂലം ഭാഷാഗവേഷകന്മാർക്കു പല നിർദ്ദേശങ്ങളും ലഭിക്കാവുന്നതാണു്. ഉണ്ണുനീലി സന്ദേശത്തിലെ ഒന്നു രണ്ടു പദ്യങ്ങളും ഇതിൽ ഉദാഹരണത്തിനും ഉപയോഗിച്ചു കാണുന്നതുകൊണ്ടു ഉണ്ണുനീലിസന്ദേശം നിർമ്മിച്ചതിനു ശേഷമായിരിക്കണം ലീലാതിലകം ഉണ്ടാക്കിയിട്ടുള്ളതു്.

അവസാനമായ് മലയാളത്തിനു ആദ്യമായ് ഒരു വ്യാകരണഗ്രന്ഥം നിർമ്മിക്കുവാൻ ഒരു വിദേശീയനായ സായിപ്പു വേണ്ടിവന്നു എന്നുള്ള അപവാദവും ഇതു കണ്ടു കിട്ടിയതോടുകൂടി നിങ്ങിപ്പോയ്.

ഉൽകൃഷ്ടമായ ഈ ഗ്രന്ഥത്തിന്റെ കർത്താവു് ആരാണെന്നു് അറിയുവാൻ മാർഗ്ഗമില്ല. ഉണ്ണുനീലി സന്ദേശം നിർമ്മിച്ചകഴിഞ്ഞു അധികം താമസിയാതെ ആയിരിക്കാം ഇതിന്റെ ആവിർഭാവം എന്നു മിക്കവർ ഊഹിക്കുന്നു. ഗ്രന്ഥകർത്താവിനു സംസ്കൃതത്തിലും പൊതുമിഴിലും ഉള്ളതായ പാണ്ഡിത്യം അനന്യസാമാന്യംതന്നെ. നിശിതമായ ബുദ്ധിസാമർത്ഥ്യവും വിമർശനപാടവവും ഉള്ള കരാളനെന്നു ഈ കൃതിയിലെ കാരോഭാഗവും വിളിച്ചു പറയുന്നു. തികച്ചും ഒരു ഭാഷാഭിമാനിയാണു് ഇതു എഴുതിയവൻ. ഇത്തരം വിശിഷ്ടഗ്രന്ഥങ്ങൾ കാരോ ഗ്രന്ഥപ്പുരകളിൽ കിടന്നു ചിതലിനു് ഊണായ് തീരുന്നതു മലയാളഭാഷാസംസാരിക്കുന്നവരിൽ ഗവേഷണതാല്പര്യം കുറവാണെന്നുള്ളതു സ്പഷ്ടമാക്കുകയാകുന്നു.

ചമ്പുപ്രസ്ഥാനം

മണിപ്രവാളകാവ്യങ്ങളിൽ അതിപ്രധാനമായ ഒരു സ്ഥാനം ചമ്പൂക്കൾക്കുണ്ടു്. സംസ്കൃതസാഹിത്യത്തിലെ ചമ്പൂക്കളെ അനുകരിച്ചാണു് മലയാളത്തിലും ചമ്പൂക്കൾ ഉണ്ടായിട്ടുള്ളതു്. 'ഗദ്യപദ്യമയം കാവ്യം ചമ്പൂരിത്യ

ഭ്ധിയതെ് എന്നാണ്് സംസ്കൃതത്തിൽ അതിനു ലക്ഷ
ണം കൊടുത്തിരിക്കുന്നതു്. ഗദ്യങ്ങളും പദ്യങ്ങളും ഇടക
ലർത്തി നിർമ്മിക്കപ്പെടുന്ന ഇത്തരം കൃതികൾ മലയാളിക
ളുടെ സവിശേഷമായ ശ്രദ്ധക്കു പാത്രമായ് തീർന്നുവെന്നു
തോന്നുന്നു. മലയാളസാഹിത്യത്തിൽ കണക്കില്ലാതെ
ചമ്പൂക്കൾ വർദ്ധിച്ചു. കാരേ ഗ്രന്ഥപ്പുകളിൽനിന്നും
പരിശോധിച്ചെടുത്തു കിട്ടിയ ഏറിൽപരം ചമ്പൂക്കൾ അ
ച്ചടിപ്പിച്ചിട്ടുണ്ടു്. ഇനിയും എത്രയേ അപ്രകാശിതമാ
യിട്ടുണ്ടായ്രേ. ഏതായാലും മദ്ധ്യകാലമലയാളസാഹിത
ത്തിൽ ഇവയ്ക്കു ഏറ്റവും ഉന്നതമായ ഒരു സ്ഥാനമു
ണ്ടെന്നുള്ളതു്.

മലയാളത്തിലെ ചമ്പൂക്കൾക്കു ചില വിശേഷതക
ളുണ്ടു്. അവയിൽ മിക്കതും പാക്യാർ കൂത്തിനും പാഠ
കം പറയുന്നതിനും ഉപയോഗിക്കത്തക്ക നിലയിലാണു
ഉണ്ടാക്കിയിരിക്കുന്നതു്: നിപുണനായ നടനു കൂ
ത്തുപൊല്ലി ജനങ്ങളെ രസിപ്പിക്കുവാൻ ഫാസ്യരസത്തോ
ളം മറ്റൊന്നിനും ശക്തിയില്ലെന്നു കാണുകയാൽ ഭാഷ
യിലെ ചമ്പൂക്കൾ ഫലിതം നിറഞ്ഞവയാണു്. സമുദാ
യത്തിൽ കടന്നുകൂടിയ ദുരാചാരങ്ങളേയും ദുർനടപടികളേ
യും സന്ദർഭം കിട്ടുമ്പോഴെല്ലാം കളിയാക്കുവാൻ ശ്രമിച്ചി
ട്ടുള്ളതായ്കാണാം. കഞ്ചൻ നമ്പ്യാരുടെ തുള്ളലുകളിൽ
കാണുന്ന ഫാസ്യരസത്തിന്റെ നിദാനം ചമ്പൂക്കളാണെ
ന്നതിനു സംശയമില്ല.

കഥയുടെ ആരംഭം ഒരു തോഴനോടു പറയുന്ന രീതി

യിലാണ പ്രായേണ കണ്ടുവരുന്നതു്. ആദ്യപദ്യത്തിൽ തന്നെ കഥാസൂചനയും നടത്തുന്നു. സാധാരണയായ് കഥാസംഭവങ്ങളെ കൂട്ടിയിണക്കുവാൻ സ്രുഗ്ധരാമുതലായ നീണ്ട പദ്യങ്ങളും വർണ്ണന നടത്തുവാൻ ശാർദ്ദൂലം ഉപയോഗിച്ചുകാണുന്നു. എന്നാൽ ഇത്തരം ശാർദ്ദൂലം ഒരുതരം പദ്യഗന്ധികളാണ്. നെടുനീളൻ ശാർദ്ദൂലം കഴിഞ്ഞു് ശ്ലോകങ്ങൾ തുടങ്ങുമ്പോൾ പെരുമഴയുടെ കോലാഹലത്തിനുശേഷം സുഖമായ് വീശുന്ന മന്ദമാരുതന്റെ പ്രതീതിയാണ് ഒരുവനനുഭവമാകുന്നതു്.

മിക്ക മണിപ്രവാളഗ്രന്ഥങ്ങളുടേയും കർത്താക്കന്മാർ നമ്പൂതിരിമാരാണു്. ഉപജീവനത്തിനുള്ള വകയും വിശ്രമത്തിനുള്ള സമയവും പഠനത്തിനുള്ള സൌകര്യവും സമൃദ്ധമായതുകൊണ്ടു് കാവ്യരചനാവിഷയത്തിൽ ഇവർ അദ്വിതീയന്മാരായ് തീർന്നു. സാഹിത്യരസം കവിഞ്ഞൊഴുകുന്ന ഇവരുടെ കൃതികൾ മലയാളത്തിനു ഒരു ഭൂഷണമായ് നിലനില്ക്കുമെന്നതിനു സംശയമില്ല.

പുനംനമ്പൂതിരി. മണിപ്രവാളസ്ഥാനത്തിനു ഇളക്കമില്ലാത്ത ഒരു നില വരുത്തിക്കൂട്ടിയതു് പുനം നമ്പൂതിരിയാണെന്നു പലരും വിശ്വസിക്കുന്നു. ഇദ്ദേഹം 1466 മുതൽ 1472 വരെ രാജ്യം ഭരിച്ചിരുന്ന ശക്തൻ സാമൂതിരിയുടെ സദസ്യരിൽ ഒരാളായിരുന്നുവത്രെ. പുനത്തിനു, മലയാളകവിയായതുകൊണ്ടു, പതിനെട്ടരക്കവികളിൽ അരക്കവിസ്ഥാനമേ ലഭിച്ചിരുന്നുള്ളു. എങ്കിലും പതിനെട്ടരക്കവികളുടെ അദ്ധ്യക്ഷനും ഭാഷാകവിനിവഹത്തെ

അവഗണിച്ചിരുന്നവനായ സാക്ഷാൽ ഉദ്ഭണ്ഡ ശാസ്ത്രി കാണപോലും പുന്നത്തിന്റെ കവിതാമാധുര്യത്താൽ ആകൃഷ്ടനായിട്ട് 'അന്തഹന്തക്കിന്തപട്ട' എന്നു പറഞ്ഞു പട്ടു സമ്മാനിച്ചുവത്രെ. മാത്രമല്ല "പുളകോൽഗമകാരിവചഃ പ്രസരംപുനരേ പുനഃ പുനരാസ്മമഹേ" എന്ന മുക്തകണ്ഠം സ്തുതിക്കുകയും ചെയ്തിട്ടുണ്ട്. ചമ്പൂരാമായണത്തിൽ തൽക്കർത്താവു 'മതുമതമണമോലും പടുഗദ്യൈരനേകൈർമ്മദയതിപുനമിന്നും ഭൂരിഭൂമക്രുവാളം' എന്നും പുനരുക്തി പ്രശംസിച്ചിരിക്കുന്നു.

കാലം. മാനൃകാരനായ പുന്നത്തിന്റെ കാലത്തെപ്പറ്റിയോ പേരിനെപ്പറ്റിയോ കൃത്യമായ അറിവില്ല. എങ്കിലും പതിനെട്ടരക്കവികളുടെകാലം ഏതാണ്ട് അറിയുവാൻ മാർഗ്ഗമുണ്ട്. അവരിൽ കരാളായ ചേന്നോസ്സ നമ്പൂതിരി അദ്ദേഹം ഉണ്ടാക്കിയ തന്ത്രസമുച്ചയം എന്ന ഗ്രന്ഥത്തിൽ കൊ. വ. 604-ാമാണ്ടിൽ അദ്ദേഹം ജനിച്ചതായ് സൂചിപ്പിച്ചിരിക്കുന്നു. ചേന്നോസ്സ് നമ്പൂതിരിയുടെ സമകാലീനനായതുകൊണ്ടു പുനവും കൊല്ലവർഷം ഏഴാംനൂറാണ്ടിന്റെ മദ്ധ്യത്തിലാം ജീവിച്ചിരിക്കാം.

പുന്നത്തിന്റെ കൃതികളെപ്പറ്റിയും പൂർണ്ണമായ വിവരമില്ല. രാമായണചമ്പൂ, ഭാരതചമ്പൂ എന്നിവ പുന്നത്തിന്റെ കൃതികളാണെന്നു വച്ചിരിക്കുന്നു. ഒരു കാലത്തു പുതിയതായ് ഏതെങ്കിലും ഒരു ചമ്പു, ഗ്രന്ഥപ്പുരകളിലെ കൈയെഴുത്തു പ്രതികളിൽ കണ്ടാൽ, അതു പുന്നത്തിനേതാണെന്നു തീർച്ചയാക്കുക പതിവായിരുന്നു. ഇന്നും

നല്ല ചനു വല്ലതും കാണുകയും ഗ്രന്ഥകത്താവിനെപ്പറ്റി നല്ല അറിവില്ലാതിരിക്കയും ചെയ്താൽ ഗ്രന്ഥകത്താവു പുതമാണെന്നു പറയുകയാണു് പതിവു്.

രാമായണചനു— ചനുഗ്രന്ഥങ്ങളിൽവെച്ചു ഏറ്റവും വിശിഷ്ടമായ് കണക്കാക്കപ്പെടുന്ന ഒരു ഗ്രന്ഥമാണു് രാമായണചനു, ഇതിൽ രാവണോത്ഭവം മുതൽ രാമന്റെ സ്വർഗ്ഗാരോഹണംവരെയുള്ള കഥാഭാഗങ്ങളെ ഇരുപതു പുസ്തകങ്ങളിലായ് സംഗ്രഹിച്ചിരിക്കുന്നു. ലീലാതിലകകാരന്റെ മണിപ്രവാളലക്ഷണമനുസരിച്ചു് 'മധുരമധുരഭാഷാ സംസ്കൃതാന്യോന്യ സമ്മേളനസുരഭില'വും കണ്ണാനന്ദകരവുമായ രീതിയിൽ ഉള്ള ഗദ്യപദ്യങ്ങളാണു് ഇതിൽ കാണുന്നതു്. ശബ്ദാർത്ഥങ്ങളുടെ ഉചിതമായ സന്നിവേശം, സജീവമായ വർണ്ണനാപാടവം, ഭാവനോദ്ദീപകങ്ങളായ പലവിധ തൂലികാചിത്രങ്ങളും, മുതലായവകൊണ്ടു വായനക്കാർക്കു് 'പുളകോൽഗമം' ഉണ്ടാക്കിത്തീർക്കുന്നതുതന്നെയാണു് ഈ ഗ്രന്ഥം. അലങ്കാരങ്ങളും വാരിക്കോരി ചൊരിയാതെതന്നെ അകൃത്രിമമായ കവിതാരസം ആസ്വദിക്കുമാറാക്കാവുന്നതാണെന്നു ഈ കൃതി സാക്ഷ്യം വഹിക്കുന്നു. ശ്രീരാമനെ മാലയിടീക്കുവാനായ് സീതാദേവി പോകുന്നതു നോക്കുക:—

'മൂളീട്ടുംഭൃംഗപാളീവിവലനമധുരാം
മാലികാം കൈത്തലേചേ-
ത്താളീദത്താവലംബാ, നിജതനുമഹസാ
രംഗമുദ്യോതയന്തീ-

പ്രിയാവേശേന രാമംനന്നമിടയിടയിൽ
കട്ടനോക്കി, പ്രമോദേ—
വ്യാലോലാ, മെല്ലെമെല്ലന്നരികിലുപഗതാ
കോമളാഭ്യാം പരോഭ്യാം'.

ഉദ്ദണ്ഡശാസ്ത്രികഠിക്കു 'ഹന്തഹന്ത'ക്കു ഒരു പട്ട സമ്മാനിക്കുവാൻ തോന്നിയെങ്കിൽ ഇതിലെ 'കട്ടനോക്കി'ക്കു പത്തു പട്ട കൊടുത്താലും അധികമാകയില്ല.

തെളിഞ്ഞംബികപോളീ, സരസികളിലംഭോരുഹകുലം
വിരിഞ്ഞംപൂ, പുന്നേനിൽ കൊതിയൊടു മലഞ്ഞംമധുകരം,
കുറഞ്ഞംമേഘച്ചാത്ത്, ധിഗധനമേറ്റം തെളിമകൊ—
ണ്ടണിഞ്ഞംചന്ദ്രാക്കൻ, ശിവശിവ! ശരൽകാലമഹിമാ

ഇത്ര മനോഹരമായ് ശരൽക്കാലമഹിമയെ വർണ്ണിക്കുന്നതിനു വാസനാകവികഠിക്കല്ലാതെ സാധിക്കുകയില്ല.

ശൃംഗാരം, വീരം മുതലായ എട്ടുരസവും വ്യഞ്ജിപ്പിക്കുവാനുള്ള പുനത്തിന്റെ സാമർത്ഥ്യം അധികംപേർക്കും കിട്ടുമെന്നു തോന്നുന്നില്ല. നമ്പൂതിരിമാർക്കു സഹജമായ ഫലിതോക്തികഠിക ഇതിൽ സുലഭമായ്കാണാം. ജ്യോത്സ്യന്മാരേയും മന്ത്രവാദികളേയും വൈദ്യന്മാരേയും കളിയാക്കിയതുകണ്ടാൽ ആരും മിരിച്ചുപോകും. പദ്യരചനയിൽ എന്നപോലെതന്നെ ഗദ്യരചനയിലും പുനം നിഷ്ണാതനാണ്. ലക്ഷ്മണനാൽ നാസാച്ഛേദംചെയ്യപ്പെട്ട ശൂർപ്പണഖ 'ഖരനും ദൂഷണനും ത്രിശിരാവും രാമശരാഗ്നിജ്വാലാമാലയിൽ ഇയ്യാംപാറ്റ പൊരിഞ്ഞതുപോലെ വെന്തെരി

യുന്നതു കണ്ടു ഭയംപൂണ്ടു് ആ ഹാ രാവണ! വീര! സഹോ ദര! പാലയ പാലയ നീയേ ശരണം' എന്നു അലറിക്കൊ ണ്ടു് "നാസാകുഹരത്തുടേ ചാട്ടം പോരകടിച്ചു തിളച്ചു പുളച്ചും' ചിലരെ നിണംകൊണ്ടുത്തും തേച്ചും' മണ്ടുന്നതു വംയിച്ചാൽ ആ ഉമ്മൂത്തി ഉസപ്പന്തത്തിൽ പ്രത്യക്ഷപ്പെ ടുന്നതാണു്.

സർവ്വാംഗസുന്ദരമായ രാമായണചമ്പുവിനു പ്രധാ നമായ് പറയുന്നദോഷം പരസപാപഹാരം എന്നുള്ളതാ ണു്. ഈ കൃതിയിൽ മാഘം, രഘുവംശം, ഉത്തരരാമച രിതം, ഭോജചംമ്പു, ആശ്ചര്യചൂഡാമണി മുതലായ സം സ്കൃതകാവ്യങ്ങളിൽനിന്നു സന്ദർഭാനുസാരം അനവധിപദ്യ ങ്ങൾ അങ്ങിയെതന്നേയും ചിലപ്പോൾ തജ്ജമചെയ്തും ചേർത്തു കാണുന്നുണ്ടു്. ഈ ദോഷം രാമായണചമ്പുവിൽ മാത്രമല്ല, മിക്കചമ്പുഗ്രന്ഥങ്ങളിലും കാണാവുന്നതാണു്. പേരുകിട്ടുവാൻ വേണ്ടിയല്ല, ജനങ്ങളെ ആസപദിപ്പിക്ക വാൻ വേണ്ടി മാത്രമാണു് ഇവർ കൃതികൾ ചമച്ചിരുന്നതു എന്നുള്ളതോർക്കുമ്പോൾ ഈ ദോഷം ക്ഷന്തവ്യമാണു്.

ഭാഷാരീതി രാമായണചമ്പുവിൽ ഉണ്ണുനീലി സ ന്ദേശം, ലീലാതിലകം എന്നിവയിൽ കാണുന്നതു പൊന്ത മിഴ്പദങ്ങൾ ഇല്ല. എങ്കിലും ഇപ്പോൾ പ്രചാരലുപ്തങ്ങ ളായ അനവധി ശബ്ദങ്ങളും വ്യാകരണവിശേഷങ്ങളും ഇ തിൽ കാണാം. 'അസ്സുങ്ങളിന്നും ഉള്ളു; നല്ലാർപലർ ഉളർ; എന്നിങ്ങനെ ചില ക്രിയാപദങ്ങളും കരഞ്ഞോ ചില പി ള്ളകളും; വരുന്നോ പല യാരീജാലം എന്നിങ്ങനെ ചില

പേരെച്ചങ്ങളും വാടിടായുന്നു, അളവിയലായും എന്നുള്ള രീതിയിൽ നിഷേധരൂപങ്ങളും പ്രാചീന ഭാഷാസ്വരൂപത്തെക്കാണിക്കുന്നു. മേത്തു=ഭൂമി; മേവാർ=ശത്രുക്കൾ; മൈന്തർ=പെരുപ്പക്കാർ; അങ്കി=അഗ്നി, എഴ=ഉയച്ച; നവരം=നല്ലത്തു; കുറളി=കളവു; കള്ളൻ; മുതലായ പ്രാചീന ശബ്ദങ്ങളും ഇതിൽ ധാരാളമുണ്ട്.

ഭാരതം ചമ്പു ഇത്രതന്നെ നന്നായിട്ടില്ല. എങ്കിലും ചിലേടത്തു വളരെ രസകരമായിട്ടുണ്ടു. ഭാരതം പുനത്തിനേറതല്ലെന്നുള്ള അഭിപ്രായക്കാരും ഉണ്ടു. സംസ്കൃതം വളരെ കൂട്ടുതലാണു. രാമായണചമ്പുവിലെ അനേകം ഗദ്യപദ്യങ്ങളും അതേപടി ഇതിൽ കാണുന്നതുകൊണ്ടും ഭാരതകഥയെ പതിനാലു പുസ്തകങ്ങളിലായ് സംഗ്രഹിച്ചിരിക്കുന്ന സമ്പ്രദായം കണ്ടിട്ടും ആണു് ഇതു് പുനത്തിനേറതാണെന്നു അഭിപ്രായപ്പെടുന്നതു്.

മഴമംഗലം. (710—770) മഴമംഗലത്തു നാരായണൻ നമ്പൂതിരി പ്രസിദ്ധനായ ഒരു കവിയും ജ്യോത്സ്യനുമായിരുന്നു. ചമ്പൂക്കളിൽ അദ്വിതീയമായ് ഗണിക്കപ്പെടുന്ന ഭാഷാനൈഷധചമ്പു, രാജരത്നാവലീയംചമ്പു കൊടിയവിരഹംചമ്പു എന്നിവ ഇദ്ദേഹത്തിന്റെ കൃതികളാണു്. കൊച്ചിരാജ്യത്തിൽ പെരുവനം ഗ്രാമത്തിലായിരുന്ന അദ്ദേഹത്തിന്റെ ഇല്ലം—മഴമംഗലത്തു നമ്പൂതിരിമാർ വലിയ ജോത്സ്യന്മാരായിരുന്നു. അനേകം ജ്യോതിഷഗ്രന്ഥങ്ങളും എഴുതിയ ശങ്കരൻ നമ്പൂതിരിയുടെ പുത്രനായിരുന്നു നാരായണൻ നമ്പൂതിരി. കൊച്ചിയിൽ അക്കാലത്തു വിദ്വാന്മാരും വിദ്വൽ പക്ഷപാതികളും ആ

യ അനവധി രാജാക്കന്മാർ ഉണ്ടായിരുന്നു. അവരുടെ സദസ്സിൽ നാരായണൻ നമ്പൂതിരിക്കു മഹനീയമായ ഒരു സ്ഥാനമുണ്ടായിരുന്നതായിട്ടാണു് കാണുന്നതു്. സംസ്കൃതത്തിലുള്ള അദ്ദേഹത്തിന്റെ ഒരു ഭാണവും രാജരത്നാവലീയവും ഓരോ കൊച്ചിരാജാക്കന്മാരെപ്പറ്റി എഴുതിയതാണു്. 737-ൽ തീപ്പെട്ട വീരകേരളവമ്മ മഹാരാജാവിനെപ്പറ്റി ഭാണവും പിന്നീടു മഹാരാജാവായ രാമവമ്മമഹാരാജാവിനെപ്പറ്റി രാജരത്നാവലീയവും നിർമ്മിച്ചുവെന്നു ഉള്ളൂർ അഭിപ്രായപ്പെടുന്നു.

ഭാഷാനൈഷധചമ്പു.

അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ
വേദമോകുന്ന ശാഖി-
ക്കൊമ്പത്തമ്പോടുപൂക്കും കുസുമതതിയിലേ-
ന്തുന്നപൂന്തേൻ കഴമ്പേ!

ചെമ്പൊൽത്താർ ബാണഡംഭപ്രശമനസുകൃതോ
പാത്തസൌഭാഗ്യ ലക്ഷ്മീ-
സമ്പത്തേ കുമ്പിടുന്നോൻ കഴലിണവലയ-
ധിശ്വരീ! വിശ്വനാഥേ!

എന്നുള്ള പ്രസിദ്ധമായ വന്ദനശ്ലോകംകൊണ്ടു തുടങ്ങുന്നതും പൂർവ്വഭാഗം, ഉത്തരഭാഗം എന്നു രണ്ടു വിഭാഗങ്ങളായി ഉൾക്കൊള്ളുന്നതുമായ നൈഷധചമ്പു രാമായണചമ്പു വിന്നോടൊപ്പം കിടനില്ക്കുന്ന കൃത്തമകാവ്യംതന്നെ. നളചരിതത്തെക്കുറിച്ചു മലയാളഭാഷയിൽ കാവ്യങ്ങളും നാട

കങ്ങളും ആട്ടക്കഥകളും അനവധിയുണ്ടായിട്ടുണ്ടെങ്കിലും മഴമംഗലം നൈഷധചമ്പൂവും ഉണ്ണായിയുടെ നളചരിതം ആട്ടക്കഥയുമാണ് അവയിൽ മീതെ നില്ക്കുന്നത്. പദ്യങ്ങളിൽ സംസ്കൃതം കുറേ കൂടിപ്പോയ് എന്നാണ് ഒരു ദോഷം പറയുവാനുള്ളത്. രസനിഷ്യന്ദികളായ പദ്യഗദ്യങ്ങളും തനി സംസ്കൃതത്തിലാണ് അധികം കാണുന്നത്. ഹാസ്യരസം സ്ഫുരിപ്പിക്കുന്നതിനു കവിക്കു പ്രത്യേകം ചാതുര്യം കാണുന്നു.

'പുടവവടിവു പോരാഞ്ഞിട്ട കോപിച്ചു കാചിൽ
ഝടിതിരമണവക്ത്രംകൊണ്ടു പോകെന്നറിഞ്ഞാ-
തടിയനതുമെടുത്തുംകൊണ്ടു താനേ നിരൂപി-
ച്ചുവിടെ നിലയെടുക്കും കോപ്പുകണ്ടാൽവിനോദം'

എന്നിങ്ങിനെ പൊട്ടിപുറപ്പെടുന്ന ഫലിതരസം വാചാമഗോചരം തന്നെ.

'അസ്തഗിരീശ്വരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം, ഗതവതി സവിതരിഗൃഹകളിൽനിന്നുത്തിമിരകരീശ്വരരിളകുന്നേരം' എന്നും തുടങ്ങുന്ന മനോഹരമായ ഗദ്യം സുപ്രസിദ്ധമാണല്ലോ

രാജരത്നാവലീയംചമ്പൂ ഇതും ഉൽകൃഷ്ടമായ കൃതിചമ്പൂവാണെന്നതിനു സംശയമില്ല. കൊച്ചിയിലെ രാമവർമ്മ മഹാരാജാവു മുജ്ജന്മത്തിൽ വിദ്യാധരന്മാരിലൊരാളായിരുന്നുവെന്നും ശാപംമൂലം മനുഷ്യനായ് കൊച്ചി രാജകുടുംബത്തിൽ ജനിച്ചു ആയുധവിദ്യയിലും ശാസ്ത്രവി

ത്യയിലും നിപുണനായ് ശത്രുക്കളെ ജയിച്ചു ജീവിക്കുന്ന കാലത്തു് ശാപമോക്ഷം അനുസരിച്ചു മന്ദാരമാല എന്ന വിദ്യാധരയിൽ പ്രേമം ജനിക്കുകയും വിരഹതാപം ഭവിക്കുകയും അവസാനം വിവാഹത്തിനു് ഇടവരികയും ചെയ്യുന്നു. ഇതാണു് രാജരത്നാവലീയത്തിലെ ഇതിവൃത്തം. ഗദ്യപദ്യങ്ങൾ ഒരുപോലെ സുന്ദരമാണു്. പ്രത്യേകിച്ചു വിരഹതാപം വർണ്ണിക്കുന്ന ഭാഗം വിശേഷാത്തരമായ് ഗണിക്കപ്പെടുന്നു.

കൊടിയ വിരഹം, ബാണയുദ്ധം എന്നീ ചമ്പൂക്കളും അദ്ദേഹത്തിൻേറതാണെന്നു വിശ്വസിക്കപ്പെടുന്നു.

നീലകണ്ഠകവി. മഴമംഗത്തിൻെറ സമകാലീനനും കൊച്ചി മഹാരാജാവിൻെറ ആശ്രിതനും ആയ ഒരു നമ്പൂതിരിയാണു് ഇദ്ദേഹം. പെരിഞ്ചല്ലൂർ ഗ്രാമത്തിൽ ജനിച്ചു വളർന്നു വിദ്യാവല്ലഭനായ് രാമവർമ്മമഹാരാജാവിൻെറ സേവകനായ് അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം അനവധി കാവ്യങ്ങൾ രചിച്ചതായിട്ടാണു് അറിവു്. അവയിൽ വെച്ചു ചെല്ലൂർനാഥോദയം, തൈങ്കൈലനാഥോദയം, രാമായണീയം എന്നിവ പെരിഞ്ചല്ലൂർ ക്ഷേത്രത്തിലും തൃശ്ശിവപേരൂർ ഖടക്കുന്നാഥൻ ക്ഷേത്രത്തിലും തൃപ്പൂണിത്തുറ ക്ഷേത്രത്തിലും നടത്തിയ പ്രതിഷ്ഠയെ അടിസ്ഥാനപ്പെടുത്തി എഴുതിയ ചമ്പൂക്കളാണു്. ഈ വക ചമ്പൂക്കൾക്കു പുനത്തിൻെറ ശൈലിയോടു പ്രകടമായ സാമ്യമുണ്ടു്. രാമായണത്തിൽനിന്നു അനവധി പദ്യഗദ്യങ്ങൾ ഈ വക കൃതികളിൽ എടുത്തു ചേർത്തിട്ടുണ്ടു്. കവി നല്ല

ഒരു പണ്ഡിതനും വശ്യവാക്കും ആണെന്നാരിനും സംശയമില്ല. തെക്കെകേലനാഥോദയത്തിൽ കേരളത്തെ വണ്ണിക്കുന്നതായ ഒരു ഗദ്യം ഏതൊരു കേരളീയനെയും പുളകം കൊള്ളിക്കുവാൻ മതിയായതാണ്.

പാട്ടുകഥ—സംസ്കൃതപ്രഭാവം മലയാളഭാഷയിൽ മണിപ്രവാളം എന്ന ഒരു കാവ്യസരണി പുതിയതായ് വെട്ടിത്തുറന്നുവെങ്കിലും ദ്രാവിഡരീതിക്കു അധികംയോജിച്ച 'പാട്ടുകഥ' തീരെ ഉണ്ടാകാതിരുന്നില്ല. ദ്രാവിഡസംഘാതാക്ഷര നിബദ്ധമാകേണമെന്നുള്ള നിർബ്ബന്ധം കാലക്രമത്തിൽ കുറഞ്ഞുവന്നിരിക്കണം. മദ്ധ്യഘട്ടത്തിലെ പാട്ടുകളിൽ സംസ്കൃതാക്ഷരമാലയിൽപെട്ട എല്ലാവണ്ണങ്ങളും ഉപയോഗിച്ചുകാണുന്നുണ്ട്. മോനയെന്ന വൃത്തനിയമവും ഉപേക്ഷിക്കപ്പെട്ടു. എത്രകമാത്രം കൈരളീ മഹിളതൻ മംഗല്യമെന്നോണം സംരക്ഷിച്ചുപരിപാലിച്ചുപോന്നു. മദ്ധ്യകാലത്തുണ്ടായ പാട്ടുകളിൽപ്രധാനം വടക്കൻപാട്ടുകഥ, കണ്ണശ്ശൻപാട്ടുകഥ, ചെറുശ്ശേരിപ്പാട്ടുകഥ എന്നിവയാണ്.

വടക്കൻപാട്ടുകഥ—വടക്കൻപാട്ടുകളുടെ കാലംനിർണ്ണയിക്കുന്നതു അത്ര സുകരമല്ല. വിമർശകന്മാരുടെ അഭിപ്രായത്തിൽ നാലഞ്ചുനൂറാണ്ടുകളുടെ അന്തരം കാണുന്നു. ചിലർ കൊ. വ. അഞ്ചാംനൂറാണ്ടിനേറെയും ആറാംനൂറാണ്ടിനേറെയും ഇടയിലാണെന്നു വാദിക്കുമ്പോൾ മറ്റു ചിലർ ഒമ്പതിനേറെയും പത്തിനേറെയും ഇടയ്ക്കായിരിക്കാമെന്നു വാദിക്കുന്നു. ഇവയുടെ കർത്താക്കന്മാരെപ്പറ്റിയും

യാതൊരു വിവരവുമില്ല. വടക്കേമലബാറിൽ ഉണ്ടായിരുന്ന ചില വീരപുരുഷന്മാരുടെ അപദാനങ്ങളാണു ഇവയിൽ വർണ്ണിക്കുന്നതു" തച്ചോളി ഒതേനൻ, ചന്തു, കോമപ്പൻ മുതലായ അഭ്യാസികളാണ് നായകന്മാർ—ഈ കൃതികളിൽ പൊന്തമിഥ്യാംശം വളരെ കുറവാണ്. എന്നാൽ ചിലേടത്തു കണ്ണാടകസ്പർശം കാണുന്നതുമുണ്ട്.

പാണ്ഡിത്യപ്രകടനമോ, കലശലായ സാഹിത്യഗുണമോ ഇല്ലെങ്കിലും ഈ പാട്ടുകൾ കേരളസമുദായത്തിന്റെ ജീവനാണെന്നു പറയാവുന്നതാണ്. മലയാളക്കരയിലെ നാനാമുഖമായ ജീവിതവും ഇവയിൽ നിഴലിച്ചിരിക്കുന്നു. അന്നത്തെ ജനസമുദായത്തിലെ ജാത്യഭിമാനം, ദേശഭക്തി, സത്യനിഷ്ഠ, വീരപരാക്രമങ്ങൾ, സാഹസസഞ്ചാരം, സ്ത്രീജനങ്ങളോടുള്ള ബഹുമാനം എന്നിവ വടക്കൻപാട്ടുകളിൽ തെളിഞ്ഞു വിളങ്ങുന്നു. അതോടൊപ്പം കേരളത്തിന്റെ അധഃപതനത്തിനുള്ള നിദാനമായ ഐക്യവും വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്.

കേരളക്കരയിൽ ഉപരിതലത്തിൽ വിലസുന്ന ചിലരെ ഒഴിച്ചു മറ്റുള്ള ജനസാമാന്യത്തെ ഇത്രമേൽ ആകർഷിക്കുവാൻ സാധിച്ച പാട്ടുകൾ വേറെ ഉണ്ടോ എന്നു സംശയമാണ്, കല്ലുരുട്ടുമ്പോഴും കന്നുപൂട്ടുമ്പോഴും വിതയ്ക്കുമ്പോഴും പുല്ലരിയുമ്പോഴും എന്നുവേണ്ട ഏതെങ്കിലും ഒരു വേല ചെയ്യുമ്പോളെല്ലാം തന്നെ— തൊഴിലാളികൾക്കു ആനന്ദം കൊടുക്കുന്നതു ഇത്തരം പാട്ടുകളാണ്. വടക്കൻപാട്ടിലെ ചില വരികളെങ്കിലും തോന്നാത്ത കർഷകരോ

കുലിക്കാരോ ചുരുങ്ങും. അത്ഥഗ്രഹണത്തിനു പ്രയാസം കുറഞ്ഞു നിത്യജീവിതത്തെ സ്പർശിക്കുന്നതായിരിക്കണം അതാതു നാട്ടിലെ സാഹിത്യം എന്നുള്ളതിനു ഉത്തമദൃഷ്ടാന്തമാണ് വടക്കൻ പാട്ടുകഥ.

കണ്ണശ്ശൻ പാട്ടുകഥ. മദ്ധ്യകാലമലയാള സാഹിത്യത്തിൽ കണ്ണശ്ശപണിക്കന്മാക്കു ഗണ്യമായ ഒരു സ്ഥാനമുണ്ട്. തിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽപ്പെട്ട നിരണം എന്ന പ്രദേശമായിരുന്നു ഇവരുടെ ജന്മഭൂമി. അതു കൊണ്ടു ഇവരുടെ കൃതികൾക്കു 'നിരണം കൃതികൾ' എന്നും പറയാറുണ്ട്. അവർ ജീവിച്ചിരുന്ന കാലത്തെപ്പറ്റിയും ക്ലിപ്തമായി അറിയുവാൻ സാധിച്ചിട്ടില്ല. ആറാം നൂറ്റാണ്ടിന്റേയും ഏഴാം നൂറ്റാണ്ടിന്റേയും (കൊ. വ.) ഇടയിലായിരിക്കാം അവർ ജീവിച്ചിരുന്നതു. അവർ ആരെല്ലാമായിരുന്നുവെന്നതിനു

'വാനലകിനുസമമാകിയനിരണമഹാദേശെവസ്തുളനായാ-
നുനമിലാരു മഹാഗ്രുവരനായുടയകവീശ്വരനായമഹാത്മാ;
മാനിതനാകിയ കരുണോൽപരമാത്മാവേ തവനെന്നറിവുറേ
ദീനതവാരാതെ മറേറാരോ ദേഹികളേപ്പോൽ വാണ്ണാൻ—

[പലനാൾ.

ആനവനിരുവർ തനുജന്മാരുളർ ആയവരുടെസോദരിമാരായ്
മാനിനിമാരൊരുമുവർപിറന്നാർ;മറ്റതുകാലമവൻതിരുവടിയും
തനുടനെതന്നുടലൊട്ടുവറായ്ത്തനിയേപരമാത്മവേയായാ—
നാനവനോടെതിരായ്വിദ്യാധിപരായാർപുനരവരുടെ—

[തനയന്മാർ

മനയന്മാരിരുവക്കും സഹോദരിമാരാം മൂവക്കും മകനാ-
യന്നുപമയായവനും മൂവരിലിളയവളാകിയ മാനിനി പെറ്റുള-
[നായൻ
ളനിയമഹാദേവാജ്ഞയിനാലെയിതമൊട്ടുബാലകനാകിയ-
[രാമൻ
പുനരവനും നിജചാപം കളവാൻപുരുഷോത്തമകഥ ചൊൽക-
[തുനിഞ്ഞാൻ.

എന്നിങ്ങനെ കണ്ണശ്ശരാമായണത്തിലെ വാക്യങ്ങളിൽ ചി
ലതെല്ലാം ഗ്രഹിക്കാം. നിരണം കവികളുടെ കൂടകൂട
സ്ഥൻ ഉദയകവീശ്വരനായ ഒരു കരുണേശനായിരുന്നു.
ആ മഹാനുഭാവൻ വലിയ ഒരു സിദ്ധനായിരുന്നുവെങ്കി
ലും കുറേക്കാലം ഗൃഹസ്ഥാശ്രമം കൈക്കൊണ്ടുജീവിക്കയും
ലോകോപകാരാർത്ഥം പല കൃതികളും മമച്ചു സംസാര
വിമുക്തിനേടുകയും ചെയ്തു. അദ്ദേഹത്തെപ്പോലെ വിദ്യാവ
ല്ലഭന്മാരായ രണ്ടുപുത്രന്മാർ അദ്ദേഹത്തിനുണ്ടായി. അവ
രും കവികളായ് തീർന്നിരിക്കാം. ഇവർക്കു മൂന്നു സഹോദ
രിമാരുണ്ടായിരുന്നതിൽ ഇളയവനാം പൊറ സന്താനമാ
ണ് കണ്ണശ്ശരാമായണം നിർമ്മിച്ച രാമപ്പണിക്കർ.

ഇവരുടെ കൃതികളായിട്ട് ഭാരതം; ഭാഗവതം ദശമം,
ഭഗവദ്ഗീതാഭാഷ എന്നിങ്ങനെ അനവധി കൃതികളാ ഉ
ണ്ട്. എതേതു കവികളാ ഏതെല്ലാം നിർമ്മിച്ചു എന്നു പറ
യുവാൻ സാധിച്ചിട്ടില്ല. മാധവപ്പണിക്കർ, ശങ്കരപ്പണി
ക്കർ, കരുണേശപ്പണിക്കർ, രാമപ്പണിക്കർ എന്നിവരായി
രുന്നു നിരണം കവികളാ എന്നു ചിലർ അഭിപ്രായപ്പെടുന്നു

ണ്ട്. രാമപ്പണിക്കരുടെ രാമായണമാണ് ഇവരുടെ കൃതികളിൽവെച്ചു ഏറ്റവും പ്രസിദ്ധം. അതാണ് കണ്ണശ്ശരാമായണം എന്ന പേരിൽ അറിയപ്പെടുന്നതു്. കണ്ണശ്ശരാമായണത്തിൽ കവിയുടെ മനോധർമ്മം തെളിഞ്ഞു കാണാം. ഔചിത്യം അനുസരിച്ചു മൂലത്തിൽനിന്നു പല വ്യതിയാനങ്ങളും വരുത്തി അതിനെ മിക്കവാറും ഒരു സ്വതന്ത്രകാവ്യമാക്കി തീർത്തിട്ടുണ്ട്.

നിരണം കൃതികളിൽ ചെന്തമിഴും പ്രയോഗങ്ങളും വളരെയധികം കാണാം. അക്കാലത്തെ വ്യവഹാരഭാഷ ഈ മാതിരിയിലായിരുന്നുവെന്നു വിശ്വസിക്കുവാൻ വയ്യ. മലയാളവും സംസ്കൃതവും കലർന്നു മണിപ്രവാളത്തിൽ കവിതകളും ഉണ്ടായതുപോലെ മലയാളവും ചെന്തമിഴും ഇടകലർത്തിയ ഭാഷയിലാണ് ഈ വക കൃതികളും എന്നു പറയുന്നതായിരിക്കും അധികം യോജിച്ചതു്. മലയാളപദങ്ങളും ചെന്തമിഴും പദങ്ങളും പുറമേ സംസ്കൃതവിഭക്ത്യന്ത പദങ്ങളും ഇവയിൽ സുലഭമാണ്. വാണ്ണാൻ, ഉളനായാൻ മുതലായ പ്രചാരലുപ്തങ്ങളായ പദങ്ങളും ഇവയുടെ പഴക്കത്തെ സൂചിപ്പിക്കുന്നു.

കൃഷ്ണഗാഥാ മലയാളഭാഷയിൽ ഇന്നോളമുണ്ടായിട്ടുള്ള വിശിഷ്ടസാഹിത്യഗ്രന്ഥങ്ങളുടെ മുന്നണിയിൽ ശോഭിക്കുന്ന ഒരു കാവ്യതല്ലജമാണ് കൃഷ്ണഗാഥാ. ഗ്രന്ഥകർത്താവു കോലത്തിരി രാജാവിന്റെ ആശ്രിതനായ ഒരു പെരുശ്ശേരി നമ്പൂതിരിയാണ്. കോലത്തിരി രാജാവി

ന്റെ കല്പന പ്രകാരമാണ് ഈ ഗ്രന്ഥം നിർമ്മിച്ചതു എ
ന്നതിനും,

'ആജ്ഞയാകോലഭൂപസ്യ പ്രാജ്ഞഃസ്യാദേയ വർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം'

എന്നുള്ള ഗാഥാഭാഗങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു.
കൃഷ്ണഗാഥയുടെ ഉത്ഭവത്തെപ്പറ്റി ജനങ്ങളുടെ ഇടയിൽ
ഒരൈതിഹ്യവും കേൾക്കാറുണ്ട്. ഒരിക്കൽ കോലത്തിരി
രാജാവും ചെറുശ്ശേരി നമ്പൂതിരിയും തമ്മിൽ ചതുരംഗം
വെച്ചുകൊണ്ടിരിക്കയായിരുന്നു. കളിയിൽ രാജാവു തോ
ല്ക്കാതെ നിവൃത്തിയില്ലെന്നുള്ള ഘട്ടമായ്. അടുത്തകരു
എന്താണാവോ വെക്കേണ്ടതു് എന്നു അദ്ദേഹം വിഷമിച്ചുകൊ
ണ്ടിരിക്കുമ്പോൾ ബുദ്ധിശാലിനിയായ ഈ ദേഹത്തിന്റെ
പ്രേയസി രാജാവിനെ രക്ഷിക്കുവാൻ ഒരു സൂത്രം പ്രയോ
ഗിച്ചു. തൊട്ടിയിൽ കിടക്കുന്ന കുട്ടിയെ ഉറക്കുവാൻ താരാ
ട്ടുപാടുകയാണെന്ന നാട്യത്തിൽ 'ഉത്തുത്തുത്തുത്തു ആളെ
യുത്തു' എന്നിങ്ങനെ പാടി — രാജാവിനു കായ്യം മനസ്സി
ലായി ആഠക്കരു നീക്കുകയും തൽഫലമായ് ജയിക്കുമെ
ന്നു വിചാരിച്ചിരുന്ന ചെറുശ്ശേരി തോല്ക്കുകയും ചെയ്തു.
സന്തുഷ്ടനായ രാജാവു് ആ പാട്ടിന്റെ മട്ടിൽ ഭാഗവ
തം ദശമം നിർമ്മിക്കുവാൻ ആഗ്രഹിക്കുകയും ചെറുശ്ശേരി
സസന്തോഷം ആ ജോലി ഏറ്റെടുക്കുകയും ചെയ്തു. അ
ങ്ങിനെയാണത്രേ കൃഷ്ണഗാഥയുണ്ടായതു്.

ഉദയവർമ്മൻ എന്നപേരായ ഈ കോലത്തിരി രാജാ
വു 621 മുതൽ 640വരെ രാജ്യം ഭരിച്ചിരുന്നുവെന്നു ഉ

ള്ളർ എസ്. പരമേശ്വരയ്യർ സ്ഥാപിക്കുന്നു. അദ്ദേഹത്തിന്റെ സ്വദസ്യനായ ചെറുശ്ശേരി നമ്പൂതിരിയുടെ ഇല്ലം ആ രാജ്യത്തിൽത്തന്നെയുള്ള കാനത്തൂർ ഗ്രാമത്തിലായിരുന്നുവെന്നും കൃഷ്ണഗാഥാകാരൻ മാത്രമായ് തീർന്ന ആ ഇല്ലം കാവിൽപൊന്നം എന്ന ഇല്ലത്തിൽ ലയിച്ചു എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. ഈ ചെറുശ്ശേരി നമ്പൂതിരി ചന്നു കത്തായായ പുനംനമ്പൂതിരിയുടെ പൂർവ്വികനാകുവാൻ വഴിയുണ്ടെന്നുമാണ് അഭിപ്രായം.

കൃഷ്ണഗാഥയുടെ ആസ്വാദ്യതയോർക്കുമ്പോൾ ഇരയിമ്മൻ തമ്പിയുടെ താരാട്ടിന്റെ വരികളാണ് ഓർമ്മവരുന്നത്. പൂർണ്ണചന്ദ്രന്റെ കുളിർമയേറുന്ന ചന്ദ്രികയേല്ലുന്നതുപോലുള്ള സുഖമാണ് കൃഷ്ണഗാഥ വായിച്ചു കേൾക്കുമ്പോൾ ഉണ്ടാകുന്നത്. ലളിതകോമളങ്ങളായ ശബ്ദങ്ങൾ ഉപയോഗിച്ചു ഉദ്ദേശിച്ചതായ ഏതുരസത്തേയ്യും സ്ഫുരിപ്പിക്കുവാനുള്ള കഴിവ് അധികംപേർക്കും ലഭിക്കുമെന്നുതോന്നുന്നില്ല. ഉൽഘടം പിടിച്ച ആശയങ്ങളെ ആർക്കും മനസ്സിലാകാത്തവിധം കെട്ടിമെടുത്തുന്ന കവികൾ ചെറുശ്ശേരിഗാഥവായിച്ചു കാവ്യാഭ്യാസം നടത്തേണ്ടതാണ്. കവിതാവാസനയിൽനിന്നും നിരർത്ഥം പൊഴിയുന്ന മനോധർമ്മങ്ങൾകൊണ്ടും ഭാവനകൾകൊണ്ടും അലങ്കാരങ്ങൾകൊണ്ടും പൂർണ്ണമാണ് 'കൃഷ്ണപ്പാട്ട്' 'തീയ്യും തന്നുള്ളിലെ തോന്നിത്തുടങ്ങീതേ തീക്കായ വേണമെന്നില്ലുമെന്നും' എന്നിങ്ങനെ രണ്ടുവരികൾകൊണ്ട് ശൈത്യാധിക്യത്തിന്റെ പ്രഭാവം വർണ്ണിച്ച കവിയെ മനോധർമ്മംകൊണ്ട് ജയിക്കു

വാൻ മറ്റാക്കാണ് കഴിയുക? വണ്ണനാവസ്ഥയിന്റെ മർമ്മം കണ്ടുപിടിച്ചു ഏറ്റവും ചുരുങ്ങിയ അക്ഷരങ്ങൾകൊണ്ടു ഏറ്റവും മഹത്തായ ഭാവം ജനിപ്പിക്കുവാൻ ശക്തനാണു ചെറുശ്ശേരിയുടെ സൂചിക. എന്നാൽ അതുകൊണ്ടുമാത്രം അടങ്ങുന്നു ആളല്ല അദ്ദേഹം. വണ്ണനാവസ്ഥയിലുള്ള ആ സാദ്ധ്യാംശം ബാക്കി കിടക്കരുതെന്നു വിചാരിച്ചായിരിക്കാം അങ്ങിനെ ചെയ്യുന്നതു്. വലിയ ഒരു അലങ്കാരപ്രിയനാണ് അദ്ദേഹം. ഉപമയിലും ഉൽപ്രേക്ഷയിലും കാളിദാസനോടു കിടപിടിക്കണമെന്നു വിചാരം കൂടിയുണ്ടോ എന്നു തോന്നും. ഗാഥയുടെ അവസാനത്തിൽ കാണുന്ന ഭഗവൽസ്തുതിയിൽനിന്നും അദ്ദേഹത്തിന്റെ ഉള്ളിൽ കണക്കില്ലാതെ തിരതല്ലുന്ന ഭക്തിയുടെ സ്വരൂപം ഏതാണ്ടു ഗ്രഹിക്കാവുന്നതാണ്.

ആധുനികഘട്ടം. (800-1000)
(1000-ഇന്നുവരെ)

തുഞ്ചത്തുരാമനുജൻ എഴുത്തച്ഛന്റെ കാലംമുതല്ക്കു മലയാളഭാഷ ആധുനികഘട്ടത്തിലേക്കു കാലെടുത്തുവെച്ചതായ് കരുതിവരുന്നു. സംസാരിക്കുവാൻ ഉപയോഗിക്കുന്ന ഭാഷക്കും സാഹിത്യഭാഷക്കും തമ്മിൽ അധികമധികം അടുപ്പംകണ്ടുതുടങ്ങി. ചെന്തമിഴിന്റെ വരുതിയിൽനിന്നും തിരെ മിടുമാറി. വളച്ചുക്കു് അവശ്യമായ വസ്തുക്കൾ സംസ്കൃതത്തിൽനിന്നു തിരഞ്ഞെടുത്തു ആവശ്യമുള്ള പരിഷ്കാരങ്ങൾ സ്വയം വരുത്തി ഉപയോഗിക്കുവാനുള്ള തന്റേടവും സാതന്ത്ര്യവും ലഭിച്ചു. സ്വന്തമായ അക്ഷരമാ

ല അപൂർണ്ണമെന്നു കണ്ടു് സംസ്കൃതത്തിലെ അക്ഷരമാല യെക്കൂടെ സ്വീകരിച്ചു. പദ്യനിർമ്മാണത്തിനു സംസ്കൃത വൃത്തങ്ങളും ഉപയോഗപ്പെടുത്തിയതിനു പുറമേ സംസ്കൃത ച്ഛന്ദശ്ശാസ്ത്രത്തിലെ വർണ്ണനിയമത്തെയും മാത്രാനിയമത്തെ യും പാട്ടുകളോടിണക്കിച്ചേർത്തു ദൃഢതരപ്പെടുത്തി. തന്നി മലയാളശബ്ദങ്ങളെ ബലാല്ക്കാരമായ് കയ്യേറി സംസ്കൃത പ്രത്യയങ്ങളും ചേർത്തു സംസ്കൃതമാക്കുന്നതിനോടു പൊരുതി ആ സമ്പ്രദായം ഇല്ലാതാക്കി. മാടമ്പിനാം' പൊത്തയി തച്ച, ഉറങ്ങയന്തി എന്നിങ്ങനെ ഉപയോഗിക്കുന്നതിനു ലീലാതിലകത്തിൽ 'സന്ദർഭേ സംസ്കൃതികൃതം' എന്നു നി യമമനുവദിക്കുന്നുണ്ടെങ്കിലും അവ ആഭാസമാണെന്നുള്ള ബോധം വന്നു. ഇങ്ങിനെ പല വിധത്തിലും ഉറച്ചതായ ഒരു നില വന്നുചേർന്നതുകൊണ്ടു ചെന്തമിഴിനേറയോ സംസ്കൃതത്തിനേറയോ വെറും അടിമ എന്ന നിലയിൽ നിന്നു ഉയരുവാൻ സാധിച്ചു. എന്നാൽ രാമാനുജൻ എ ഴുത്തച്ഛന്റെ കാലശേഷവും ഉദ്ദേശം രണ്ടു നൂറാണ്ടോളം സംസ്കൃതപ്രഭാവം വിടാതെതന്നെ നിലനിന്നിരുന്നു എ ന്നുകൂടി പറയാതെ നിവൃത്തിയില്ല. സംസ്കൃതഭിന്നമായ പദങ്ങളും സംസ്കൃതവൃത്തങ്ങളിൽ മാത്രമല്ല ദ്രാവിഡവൃ ത്തങ്ങളിൽപോലും ധാരാളമായ് സ്ഥലം പിടിക്കുകയാ ണു് ചെയ്തതു്. ഇക്കാലത്തുണ്ടായ ആട്ടക്കഥകൾ, പദ്യ കൾ, എഴുത്തച്ഛന്റെ കൃതികളെ അനുകരിച്ചു എഴുതിയ കിളിപ്പാട്ടുകൾ, പാനകൾ, വഞ്ചിപ്പാട്ടുകൾ ഇവയിലെ ല്ലാം സംസ്കൃതപ്രഭാവം കാണുവാൻ കഴിയുന്നതാണു്. അതുകൊണ്ടു സംസ്കൃതപ്രഭാവം നശിച്ചു ഭാഷ സ്വതന്ത്ര മായ് എന്നു പറയുന്നവരോടു വിയോജിക്കുവാനേ തരമു

ള്ള. ഇംഗ്ലീഷുഭാഷയുടെ സൗഹാർദ്ദം കൂടുതൽ ലഭിച്ചതുടങ്ങിയതുതല്ലേ സംസ്കൃത പ്രഭാവം കുറയുവാൻ ഉടങ്ങിയുള്ളൂ. അതുകൊണ്ടു ആധുനികഘട്ടത്തെ വീണ്ടും രണ്ടായ് തിരിക്കുന്നതു നന്നായിരിക്കും. ഇംഗ്ലീഷിന്റെ സഹായത്തോടുകൂടി വികസിച്ചു പരിപുഷ്ടമായ് തീർന്ന പതിനൊന്നാം നൂറ്റാണ്ടുമുതൽ തുടങ്ങുന്ന അഭിനവഘട്ടത്തെ ഇംഗ്ലീഷു സൗഹാർദ്ദകാലം എന്നു വിളിക്കാവുന്നതാണു്.

തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛൻ. ആധുനിക മലയാളഭാഷയുടെ പിതാവു്, അക്ഷരമാലയുടെ കർത്താവു്, കിളിപ്പാട്ടിന്റെ ഉപജ്ഞാതാവു് എന്നു പലവിധത്തിലും എഴുത്തച്ഛനെ സ്തുതിച്ചുകാണുന്നുണ്ടു്. എഴുത്തച്ഛന്റെ ഭാഷയ്ക്കും മണിപ്രവാളത്തിലെ ഭാഷയ്ക്കും പറയത്തക്ക അന്തരമില്ലാത്തതുകൊണ്ടും, മലയാളാക്ഷരങ്ങളിൽ എഴുത്തച്ഛനു മുമ്പും രേഖകൾ കാണുന്നതുകൊണ്ടും കിളിപ്പാട്ടിനോടു സദൃശമായവൃത്തങ്ങൾ രാമചരിതം, കണ്ണശ്ശരാമായണം എന്നിവയിൽ പ്രത്യക്ഷപ്പെടുന്നതുകൊണ്ടും ഈ വകസ്തുതികൾ അതിശയോക്തിപരങ്ങളാണെന്നു പറയാതെ തരമില്ല. എങ്കിലും ആദ്യം, പൊതുജനങ്ങളുടെ ഇടയിൽ പൊതുജനങ്ങൾക്കു ആവശ്യമായവിധത്തിൽ സാഹിത്യപ്രചരണം നടത്തിയതു് എഴുത്തച്ഛൻ തന്നെയെന്നു പറയാവുന്നതാണു്. ഇതേവരെയുണ്ടായിരുന്ന മലയാളകൃതികൾ മിക്കതും രാജാക്കന്മാരുടേയോ പ്രഭുക്കന്മാരുടേയോ ആവശ്യാർത്ഥമോ അഥവാ അവരെ പ്രസാദിപ്പിക്കുവാൻ മാത്രമോ ആയി എഴുതിയവയാണു്. അക്ഷരമാലയിലെ അക്ഷരങ്ങളെ കുന്നേച്ചുമിനുക്കി വൃത്താകൃതിവരുത്തിയതും എഴുത്തച്ഛനാ

കാം. കിളിപ്പാട്ട് എന്നപേരിൽ ദ്രാവിഡവൃത്തങ്ങളിൽ പലതിനും പ്രചാരം വരുത്തിയതും എഴുത്തച്ഛനായിരിക്കാം. ഇവയ്ക്കും പുറമേ നാടോടിപ്പാട്ടുകളും പള്ളിക്കൂടങ്ങളും സ്ഥാപിച്ച് പൊതുജനവിദ്യാഭ്യാസത്തിനുള്ള മാർഗ്ഗം കാട്ടിക്കൊടുത്തതും എഴുത്തച്ഛനാണത്രേ. ഈ വക കാരണങ്ങളാൽ തുഞ്ചത്തെഴുത്തച്ഛൻ കേരളീയർക്ക് ആരാധ്യപുരുഷനായ്ത്തീർന്നതിൽ അത്ഭുതപ്പെടുവാനില്ല. കേരളത്തിലെങ്ങും അദ്ദേഹത്തിന്റെ കൃതികൾ ഭക്തിപൂർവ്വം പാരായണംചെയ്യപ്പെടുന്നു. തുഞ്ചൻപറമ്പിലെമണ്ണ് ഇന്നും കുട്ടികളുടെ വിദ്യാരംഭത്തിനുപയോഗിച്ചുപോരുന്നു.

ഇതുകൊണ്ടെല്ലാം വിശിഷ്ടനായ ഈ മഹാപുരുഷന്റെ ജീവചരിത്രത്തെപ്പറ്റി വളരെയൊന്നും നമുക്കറിഞ്ഞുകൂടാ. ജീവിതകാലത്തെപ്പറ്റിയും പേരിനെപ്പറ്റിയും കൃതികളെപ്പറ്റിയും വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്.

കാലം. എഴുത്തച്ഛന്റെ കാലം ക്രിസ്താബ്ദം 17-ാം നൂറ്റാണ്ടിലാണെന്നു ഗ്രണ്ടട്ട് മുതലായ പാശ്ചാത്യപണ്ഡിതന്മാരും (കൊ. വ) 16-ാം നൂറ്റാണ്ടിലാണെന്നു കോവുണ്ണി നെടുങ്ങാടിയും (കൊ. വ.) 700-നും 800-നും ഇടയ്ക്കാണെന്നു ഗോവിന്ദപ്പിള്ളയും അഭിപ്രായപ്പെടുന്നു. എഴുത്തച്ഛൻ മേല്പത്തൂർ ഭട്ടതിരിയുടെ സമകാലികനായിരുന്നുവെന്നു ഐതിഹ്യമുണ്ട്. മേല്പത്തൂരിന്റെ കാലം ക്ലിപ്തമായ് അറിയുവാൻ വഴിയുമുണ്ട്. അദ്ദേഹം 735-ൽ ജനിച്ചു. 841-ൽ മരിച്ചതായ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അദ്ധ്യാത്മരാമായണംമൂലം 787-ാമാണ്ടിൽ അമ്പലപ്പുഴ

രാജാവിന്നു ഒരു ബ്രാഹ്മണൻ സമ്മാനിച്ചുവെന്നും അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചാണ് രാമായണം കിളിപ്പാട്ട് നിർമ്മിച്ചത് എന്നും പേരു ഒരു ഐതിഹ്യവുമുണ്ട്. ഇതെല്ലാം ചെന്നുനോക്കുമ്പോൾ എഴുത്തച്ഛന്റെ കാലം 700നും 800നും മദ്ധ്യയാണെന്നു വിശ്വസിക്കാവുന്നതാണ്.

എഴുത്തച്ഛൻ പൊന്നാനിത്താലൂക്കിൽപെട്ട തുഞ്ചണ്ടിയൂർ എന്ന ദേശത്തു തുഞ്ചൻ പറമ്പ് എന്ന പിന്നീടു സുപ്രസിദ്ധമായിത്തീർന്ന വീട്ടിലാണു ജനിച്ചത്. സുചരിതയായ മാതാവിന്റെ സന്നിഷ്ടമായ വളർത്തലിന്റെ ഫലമായ് എഴുത്തച്ഛനു ചെറുപ്പത്തിൽതന്നെ ഭക്തിയും വൈരാഗ്യവും വളർന്നുവന്നു. അദ്ദേഹത്തിന്റെ അഗ്രജനും ഒരു നിലകണ്ഠനും ആയിരുന്ന ഗുരുക്കന്മാർ. ചെറുപ്പത്തിൽതന്നെ കുറേക്കാലം വിദേശസഞ്ചാരം നടത്തി, ഭക്തിവൈരാഗ്യങ്ങൾ വർദ്ധിപ്പിച്ചു, തിരികെ നാട്ടിൽവന്നു ഒരു ആശ്രമം സ്ഥാപിച്ചു, കുട്ടികളെ പഠിപ്പിക്കയും ഭക്തി സംവർദ്ധകങ്ങളായ ഗ്രന്ഥങ്ങൾ ലോകോപകാരത്തിന്നുവേണ്ടി തർജ്ജമ ചെയ്കയും ചെയ്തു സമാധിയടയുകയും ചെയ്തുവെന്നാണ് അറിയുന്നതു്.

സാഹിത്യലോകത്തിൽ എഴുത്തച്ഛന്റെ പേരിനെപ്പോറിയുള്ള വാദപ്രതിവാദങ്ങൾ നിലച്ചിട്ടില്ല. രാമാനുജൻ എന്ന പേർ രാമന്റെ അനുജനായതുകൊണ്ടാണെന്നും രാമാനുജാചാര്യരുടെ സ്മരണക്കുവേണ്ടിയാണെന്നും ശ്രീരാമന്റെ അനുജനായ ലക്ഷ്മണനെപ്പോലെ ഭക്തനാണെന്നു സൂചിപ്പിക്കുവാനാണെന്നും സരസ്വതീവിലാസം

പോലെ ചാരോ ചിമർശകന്മാർ തട്ടിമൂളിക്കുന്നുണ്ട്. രേഖകളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ 'രാമൻ' എന്നായിരുന്നു യഥാർത്ഥമായ പേർ എന്നാണു ഭൂരിപക്ഷം അഭിപ്രായം.

കൃതികൾ. ഇപ്രകാരമുള്ള ഒരു കീർത്തനം ലഭിച്ചിട്ടില്ല. ഹരിനാമകീർത്തനം, രാമായണം ഇരുപത്തിനാലുവൃത്തം, അദ്ധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീമഹാഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം എന്നിവ ആ മഹാത്മാവിന്റെ കൃതികളായ് പറയപ്പെടുന്നു. ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം, ഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം എന്നിവയുടെ കായ്മ്മത്തിലാണു് വഴക്കു്. ഈവക കൃതികൾ എഴുത്തച്ഛനേതല്ലെന്നും വേറെ ചിലർ നിമ്മിച്ചു എഴുത്തച്ഛന്റെ പേരുവെച്ചതാണെന്നും പറയുന്നു. അദ്ധ്യാത്മരാമായണം, മഹാഭാരതം എന്നീ കിളിപ്പാട്ടുകളുടെ കായ്മ്മത്തിൽ ആക്കും സംശയമില്ല.

ഹരിനാമകീർത്തനം എന്നതു മലയാളാക്ഷരമാലയിലെ ഓരോ വർണ്ണങ്ങളേയും ക്രമത്തിൽ ആദ്യക്ഷരങ്ങളായ് ഉപയോഗിച്ചു നിമ്മിച്ചിട്ടുള്ള ഒരു കീർത്തനമാണു്. രാമായണം ഇരുപത്തിനാലുവൃത്തവും നാമജപത്തിനു ഉപയോഗിക്കപ്പെടാവുന്ന രീതിയിലാണു് ഉണ്ടാക്കപ്പെട്ടിരിക്കുന്നതു്. ഓരോ പദ്യത്തിന്റേയും അവസാനത്തിൽ 'ഹരി നാരായണായനമഃ', 'ഹരിഗോവിന്ദ' മുതലായ ഏതെങ്കിലും ഒരു നാമസങ്കീർത്തനം കാണും. ഈ കൃതി പുനത്തി

ന്റെ രാമായണപദ്യവിലെ ആശയങ്ങൾ ഉൾക്കൊള്ളുന്നതാകയാൽ എഴുത്തച്ഛന്റേതാകുവാൻ തരമില്ലെന്നു ചിലർ വാദിക്കുന്നു.

ഭാഗവതം കിളിപ്പാട്ടിൽ സംസ്കൃതപദ്യങ്ങളുടെ സാരം തെറ്റായ് തർജ്ജമചെയ്തിട്ടുള്ളതുകൊണ്ടും വ്യാകരണപ്പിഴകളും അനവയിക്കാത്ത വാക്യങ്ങളും കലർന്നിരിക്കകൊണ്ടും ഈ കൃതിയും എഴുത്തച്ഛൻ നിർമ്മിച്ചതല്ലെന്നാണു ചിലരുടെ പക്ഷം. ചിന്താരത്നവും കൈവല്യനവനീതവും വിഷയംകൊണ്ടു നോക്കുമ്പോൾ 'രത്നവും' 'നവനീതവു' മാണെങ്കിലും കവിതാഭംഗി തീരെ ഇല്ലെന്നു പറയാവുന്നതുകൊണ്ട് എഴുത്തച്ഛനർഹതയില്ലെന്ന് അഭിപ്രായപ്പെടുന്നു. എഴുത്തച്ഛന്റെ കവനപാടവം പ്രത്യക്ഷപ്പെടുന്ന രണ്ടു കൃതികൾ അദ്ധ്യാത്മരാമായണം കിളിപ്പാട്ടും ഭാരതം കിളിപ്പാട്ടുമാകുന്നു. രചനാഗ്രഹണംകൊണ്ടും ഭാഷനാകൌശലംകൊണ്ടും ഭാരതം രാമായണത്തെ കടത്തിവെട്ടുന്നു. എങ്കിലും ഭക്തിപ്രവാഹത്തിലും പ്രൌഢതയിലും രാമായണംതന്നെയാണ് മിതെ. രാമായണം വെറും വൃത്താനുവൃത്തം തർജ്ജമയല്ലല്ലോ. മനോധർമ്മത്തിന്റെ വിളയാട്ടം സന്ദർഭാനുസാരം കാണാം. ഭക്തിയുടെ ലഹരികൊണ്ടു ചിലപ്പോഴെല്ലാം മൂലവും പ്രകൃതവും മറന്നു അവസാനിക്കാത്ത സ്തുതിഗീതങ്ങൾക്കു വശംവദനായ്തീരുക സാധാരണയാണ്. ഭാരതം കിളിപ്പാട്ട് മഹാഭാരതമാകുന്ന മഹാസമുദ്രത്തെ കടഞ്ഞെടുത്തു സംഗ്രഹിച്ചു കിട്ടിയ സാരാംശമാണ്. മൂലത്തിലുള്ള സാഹിതീമാധുര്യം ലേശം പോലും കുറയ്ക്കാതെ ഈവിധം തർജ്ജമചെയ്യുവാൻ മഹാകവികൾക്കേ കഴികയുള്ളൂ.

എഴുത്തച്ഛൻ ഗ്രന്ഥങ്ങളിലൂടെ വഴിയായ് പൊതുജനങ്ങളിലേക്കു നല്കിയ ഉപദേശങ്ങളിലേക്കു കൈയും കണക്കുമില്ല.

'പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ്മേവി വിയോഗം വരുമ്പോലെ,
നദ്യാമൊഴുകുന്ന കാഷ്ഠങ്ങളിലുംപോലെയു-
മെത്രയും മഞ്ചലമാലയസംഗമം'

മുതലായ വരികളിൽക്കൂടെ ഗഹനങ്ങളായ പല തത്വങ്ങളും ധരിപ്പിച്ചു സമുദായത്തിൽനിന്നും സ്വാർത്ഥജന്യങ്ങളായ പല ദോഷങ്ങളേയും നിർമ്മാർജ്ജനംചെയ്യാൻ അദ്ദേഹം സമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ കീർത്തനങ്ങളിലും ഗാനമാധുര്യംകൊണ്ടും ഭക്തിരസംകൊണ്ടും ഉൽകൃഷ്ടങ്ങളായിരുന്നു. സദാ ഗംഭീരനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ കൃതികളിൽ പൊട്ടിച്ചിരിപ്പിക്കുന്ന ഹാസ്യരസം അദൃശ്യമായിരുന്നു. പതുക്കെ ഊറിപ്പുറപ്പെടുന്ന ഹാസ്യോക്തികളും അവിടവിടെ കാണാം. കുറഞ്ഞ ശബ്ദങ്ങളിലൂടെ വർണ്ണ്യവസ്തുവിന്റെ മർമ്മം പ്രകാശിപ്പിക്കുവാനുള്ള സാമർത്ഥ്യം അന്യാദൃശംതന്നെയായിരുന്നു. ആഖ്യാനം, വർണ്ണനം, ചിത്രീകരണം, വിവരണം എന്നിങ്ങനെ ഓരോന്നിനും യോജിച്ചതായ രീതി തുഞ്ചന്നു സ്വാധീനമായി കാണാം. പ്രശാന്തഗംഭീരമായ അദ്ദേഹത്തിന്റെ കാവ്യപ്രവാഹത്തിൽ ഉദ്ദീപ്തമായ ഭക്തിരസം കൂടിക്കലർന്നപ്പോൾ കേരളക്കര മുഴുവൻ ഒന്നുണർന്നവശായി.

പൂന്താനം. എഴുത്തച്ഛന്റെ കാലത്തോടൊപ്പം ശക്തിമത്തായ മറ്റൊരു ഭക്തിപ്രവാഹം കേരളത്തിന്റെ സവ്വ

ഭാഗങ്ങളിലും വ്യാപിച്ചു. ഭക്തി സംവർദ്ധകങ്ങളായ കീർത്തനങ്ങളും കിളിപ്പാട്ടുകളും പാനകളും വഞ്ചിപ്പാട്ടുകളും പാടേത്തുനിന്നും പൊട്ടിപ്പുറപ്പെട്ടു. ഇവയിൽ വെച്ചു പ്രധാന്യം അർഹിക്കുന്നതു പൂന്താനത്തിന്റെ കീർത്തനങ്ങളും ജ്ഞാനപ്പാനയുമാകുന്നു.

പൂന്താനത്തു നമ്പൂതിരിയെക്കുറിച്ചു നമുക്കു അധികമൊന്നും അറിവില്ല. അതിഭക്തനായ അദ്ദേഹം മേല്പത്തൂരിന്റെ സമകാലീനനായിരുന്നുവത്രേ. മലയാളഭാഷയിലുള്ള തന്റെ ഒരു സ്തോത്രം പണ്ഡിതനായമേല്പത്തൂരിനെ കാണിച്ചുവെന്നും അദ്ദേഹം പുച്ഛരസത്തോടെ 'ഭാഷാകാവ്യം വേറെ വല്ലവരേയും കാട്ടുക' എന്നു പറഞ്ഞുവെന്നും ആ ഭക്തനെ അങ്ങിനെ അധിക്ഷേപിച്ചതിന്റെ ഫലമായ് മേല്പത്തൂർഭട്ടതിരിക്കു വാതവ്യാധി വർദ്ധിച്ചുവെന്നും പൂന്താനത്തോടു ക്ഷമായാചനം ചെയ്തശേഷമേ വ്യാധിക്കു ശമനമുണ്ടായുള്ളുവെന്നും ഐതിഹ്യമുണ്ട്. അദ്ദേഹത്തിന്റെ കൃതികളായ അനവധി വൈഷ്ണവസ്തോത്രങ്ങളും വേദാന്തതത്ത്വങ്ങളും നിറഞ്ഞു വിലസുന്നജ്ഞാനപ്പാനയും കേരളീയരിൽ മിക്കപേർക്കും സുപരിചിതമാണ്.

ഗിരിജാകല്യാണം. കൃഷ്ണഗാഥയെപ്പോലെ അത്യുജ്ജ്വലവും അലങ്കാരമയവുമായ ഒരു ദ്രാവിഡവൃത്തഗാനമാണ് ഗിരിജാകല്യാണം. ഹിമാലയകന്യകയായ ഗിരിജയുടെകല്യാണം ഹിമലയത്തിൽനിന്നും കുത്തിയൊലിച്ചു പാഞ്ഞൊഴുകുന്ന മഹാനദികളെപ്പോലെ അത്യുജ്ജ്വലവും മനോഹരവും രസചിത്തോദ്ദീപകവുമാകുന്നു.

അതിവിശിഷ്ടമായ ഈ കൃതിയുടേയും കർത്താവാരാ
ണെന്നതിനെപ്പറ്റി വാദപ്രതിവാദങ്ങൾ നടക്കുന്നു.

'ഗിരിജാകല്യാണമിദം നിരമംഗലിഖച്ചരാമപാരശവഃ
സങ്കടമോചനഹേതോഃ ശങ്കരഗോദപ്രഭോന്നിയോഗേന'

എന്നുള്ള വരികളിൽനിന്നും മങ്ങരംകോത കർത്താവി
ന്റെ ആവശ്യപ്രകാരം ഒരു രാമവാരിയർ നിർമ്മിച്ചതാണു
ഇതു് എന്നു സ്പഷ്ടമാണു്. ഈ രാമവാരിയർ ഇരിഞ്ഞാ
ലക്കുട അകത്തൂട്ടു വാരിയത്തിലാണു ജനിച്ചതു് എന്നും ഇ
ദ്ദേഹംതന്നെയാണു നളചരിതം ആട്ടക്കഥാകാരനായ സാ
ക്ഷാൽ ഉണ്ണായിവാരിയർ എന്നും പി. കെ. നാരായണ
പിള്ള, ഉള്ളൂർ പരമേശ്വരയ്യർ മുതലായവർ സ്ഥാപിക്കു
ന്നു. ഗിരിജാകല്യാണകർത്താവും നളചരിതകർത്താവും വേ
റെവേറെയാണെന്നും അഭിപ്രായക്കാർ ഉണ്ടു്.

ഗിരിജാകല്യാണം ഗ്രന്ഥാവലോകനംകൊണ്ടു കൈരളി
യുടെ ഒരു അമൂല്യസ്വത്താണെങ്കിലും അതിലെ ഭാഷാകാ
ഠിന്യവും നിരങ്കുശത്വവുംമൂലം സാമാന്യക്കാർക്കു് ആസ്വദി
ക്കുവാൻ സാദ്ധ്യമല്ല. എങ്കിലും ലളിതമായ രീതിയിലും
കവിത നിർമ്മിക്കുവാൻ കഴിയുമെന്നു പാവ്വതിയുടെ മനോ
ഹരമായ ശൈശവവർണ്ണന തെളിയിക്കുന്നു.

'ഒട്ടൊട്ടറിവും മമതാവും തോന്നിച്ച
ദൃഷ്ടിവിലാസങ്ങളും പാട്ടറാപുഞ്ചിരി,
നിശ്ചലഭാവവും കൈകാൽകുടച്ചിലും
ഇച്ഛമുലയിലുമിക്കൊണ്ടുകരച്ചിലും'

എന്നു തുടങ്ങുന്നതായ ശിശുവണ്ണനയെ ജയിക്കത്തക്ക കൃതികഥം മലയാളത്തിലില്ല. കവിയുടെ കല്പനാശക്തി മിലേടത്തു കടിഞ്ഞാൺവിട്ട കുതിരയെപ്പോലെ പാഞ്ഞുപോകുന്നതായ് കാണാം. ഇതിലെ ഭാഷക്കു രാജരാജവർമ്മനിർദ്ദേശിക്കുന്നതുപോലെ നളചരിതത്തിലെ വെങ്കലഭാഷയോടു സാദൃശ്യമുണ്ട്. പണ്ഡിതന്മാരെപ്പോലും വിഷമിപ്പിക്കുന്ന ഗ്രന്ഥിജടിലമായ ഭാഗങ്ങളും ഒർല്ലഭമല്ല. കവിയുടെ അഗാധമായ പാണ്ഡിത്യവും വമോവിലാസവും കാവ്യത്തിൽ സർവ്വത്ര കളിയാടുന്നുണ്ട്.

ആട്ടക്കഥാപ്രസ്ഥാനം. ഇതരഭാഷകളിൽ കാണാത്തതും മലയാളികളുടെ വിവിധകലാചാതുര്യം പ്രകടിപ്പിക്കുവാൻ മതിയായതും ആയ ഒരു ദൃശ്യകാവ്യമാണു കഥകളി അഥവാ ആട്ടക്കഥ. സാമൂതിരിയും കൊട്ടാരക്കരത്തമ്പുരാനും തമ്മിലുണ്ടായ മത്സരത്തിന്റെ സന്താനമായ് നമുക്കു ലഭിച്ചതാണ് ആട്ടക്കഥാപ്രസ്ഥാനം. കൊട്ടാരക്കരക്കൊട്ടാരത്തിലെ ഒരു പള്ളിക്കെട്ടിനു കൃഷ്ണനാട്ടം ആടുവാൻ വശമുള്ള കളിക്കാരെ അയച്ചുതരുവാൻ അപേക്ഷിച്ചതിനു നിന്ദാപൂർവ്വമായ മറുപടിയാണു സാമൂതിരിയച്ചത്. അതിനു പകരംവീട്ടുവാൻ കൃഷ്ണനാട്ടത്തിനു പകരം രാമനാട്ടം എന്ന ഒരു ദൃശ്യകാവ്യം സ്വയം നിർമ്മിച്ചു സംഘടിപ്പിയടഞ്ഞുവത്രേ. രാമകഥയെ ഇതിവൃത്തമായ് സ്വീകരിച്ചതുകൊണ്ട് ഇതിനു രാമനാട്ടം എന്ന പേരായിരുന്നു ആദ്യകാലത്തുണ്ടായിരുന്നതു്. കഥകളിപ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഈ കൊട്ടാരക്കരത്തമ്പുരാൻ തിരുവിതാംകൂർ രാജവംശത്തിലെ രോഹണി തിരുനാൾ

വീരകേരളവമ്മയുടെ ഭാഗിനേയനും ഒരു ശങ്കരകവിയുടെ ശിഷ്യനുമാണെന്നു കാണുന്നു. കൊല്ലവർഷം 9-ാം നൂറാണ്ടിലാണു് അദ്ദേഹം ജീവിച്ചിരുന്നതു്.

കഥകളി, നാടകം, നൃത്തം, എന്നിവ ഇടകലർന്ന നൃത്യം എന്ന ഇനത്തിൽപെടുന്ന ഒരു ദൃശ്യകാവ്യമാകുന്നു. കൃഷ്ണനാട്ടം എന്നപേരിൽ അറിയപ്പെടുന്ന മതസംബന്ധിയായ വിനോദക്കേളിതന്നെയായിരിക്കണം ഇതിനും മാതൃക. ഭരതനാട്യത്തിൽനിന്നു് അഭിനയവും നൃത്തവുംസ്വീകരിച്ചിരിക്കാം. കഥകളിയിലെ നടൻമുഖത്തു പലവിധത്തിലുള്ള ചുട്ടികുത്തി, മൂകഭാവം അവലംബിച്ചു് അഭിനയം നടത്തുമ്പോൾ നാട്യംകൊണ്ടു കാണിക്കാൻ വാക്യാർത്ഥം ധരിക്കുവാൻ സാധിക്കുന്നു. മുഖത്തു അതാതുരസത്തിനു പറ്റിയഭാവഭേദംവരുത്തി കാവ്യരസത്തെ പോഷിപ്പിക്കുന്നു. നാട്യത്തിലെസാരം ഗ്രഹിക്കുവാൻ കഴിയാത്തവർക്കു പിന്നിൽനിന്നു പാടുന്ന ഭാഗവതരുടെ പാട്ടിൽനിന്നും സാരംഗ്രഹിക്കാം. ചെണ്ട, മദ്ദളം, ചേങ്ങല മുതലായ വാദ്യവിശേഷങ്ങളും രസപുഷ്ടിക്കു പറ്റിയവതന്നെ.

കഥകളിക്കു കഥ, ഖ്യാതവൃത്തമാകേണമെന്നു നിർബ്ബന്ധമുണ്ടു്. എന്നാൽ നാടകത്തിനു ആവശ്യമായ് കരുതുന്ന മറ്റു പല നിയമങ്ങളും ഇതിൽ അനുസരിച്ചുകാണുന്നില്ല. അങ്കവിഭാഗം പ്രായേണ ഉപേക്ഷിച്ചുകാണുന്നു. യുദ്ധം വധം മുതലായതു രംഗത്തിൽവെച്ചുതന്നെ അഭിനയിക്കാം. അംഗിയായ ഒരു രസത്തെ ക്രമപ്രവൃദ്ധമാക്കുന്ന ഏർപ്പാടു് അധികപക്ഷവും ആദരിച്ചുകാണുന്നില്ല.

ആട്ടക്കഥകളിൽ മണിപ്രവാളരീതിയിലുള്ള ശ്ലോകങ്ങളും പദങ്ങൾ എന്നു പറഞ്ഞുവരുന്ന പാട്ടുകളും അടങ്ങിയിരിക്കുന്നു. കഥാഭാഗങ്ങളെ കൂട്ടിഘടിപ്പിച്ചു തുടർച്ചയെ കാണിക്കുവാൻ ശ്ലോകങ്ങളും സംഭാഷണം, വർണ്ണന എന്നിവയ്ക്കു പദങ്ങളും ഉപയോഗിക്കുന്നു.

മുഖത്തുള്ള ചുട്ടി, വേഷഭൂഷണങ്ങൾ, രംഗവിധാനം എന്നീ കാര്യങ്ങളിൽ ഓരോ കാലത്തു പലവിധ പരിഷ്കാരങ്ങളും വരുത്തിയതിനുശേഷമാണ് കഥകളി ഇന്നുകാണുന്ന രീതിയിലെത്തിയതെന്നുകൂടി സ്മരണീയമാണ്.

കോട്ടയത്തുതമ്പുരാൻ. സഹൃദയത്വത്തിന്റെ ന്യൂനതകൊണ്ടു മൃതപ്രായമായ്തീർന്ന 'രാമനാട്ട'ത്തെ ആട്ടക്കഥക്കു ലഭിച്ചതായ ഉത്തുംഗശൃംഗത്തിലേക്ക് ഉയർത്തിയതു കോട്ടയം എന്നു പേരിൽ പ്രസിദ്ധനായ ഒരു കോട്ടയത്തുതമ്പുരാനാണ്. ഇദ്ദേഹത്തിന്റെ ശരിയായ പേരോ കാലമോ ഇനിയും ക്ലപ്തപ്പെടുത്തിയിട്ടില്ല.

'കാമപ്രദാനമിതകല്പമഹീരുഹഃ സ ചിന്താമണിർജ്ജയതി കേരളവർമ്മനാമാ' എന്നും 'തദ്യോന്തരജേയനിർമ്മിതം തദിദം പാണ്ഡുദുവാം കഥാമൃതം' എന്നും ഉള്ള ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി കോട്ടയത്തു പ്രസിദ്ധനായ കേരളവർമ്മ മഹാരാജാവിന്റെ അനുജനാണ് ഇദ്ദേഹമെന്നും താൻ രാജാവാകുന്നതിനുമുമ്പ് ആട്ടക്കഥകൾ നിർമ്മിച്ചുവെന്നും ചിലർ വിചാരിക്കാവുന്നതാണ്. ഈസ്റ്റിൻഡ്യാക്കാരോടു് അവസാനംവരെ പടവെട്ടി പരാജിതനായ് കാട്ടുപൂകിയ 'പഴശ്ശി' രാജാവു് ഇദ്ദേഹമാണെന്നും ഒരു പക്ഷമുണ്ട്.

ബകവധം ആട്ടക്കഥയിൽ 'കനിവോടെ കേറിക്കരേലിൽ കാടേ ഗതിനമുക്ക്' എന്നുള്ള ഭാഗം 'അറ'മായ് തീരുകയാൽ കാട്ടുപൂകി മരിക്കേണ്ടിവന്നുവെന്ന് ഐതിഹ്യവുമുണ്ട്.

കോട്ടയം സംസ്കൃതത്തിൽ നല്ല വ്യൽപ്പന്നനായിരുന്നു. രസികനും സംഗീതകുശലനുമായ ഒരു കവിയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ആട്ടക്കഥകൾ ഒന്നാംതരം ലക്ഷ്യമാണ്. ആടുവാനും പാടുവാനും കൊള്ളാവുന്ന ഈ കൃതികൾ അദ്ദേഹത്തിന്റെ യശസ്സു നിലനിത്തുവാൻ പര്യാപ്തങ്ങൾതന്നെ. ഭാരതം ആരണ്യപർവ്വത്തിൽനിന്നുള്ള കഥാഭാഗത്തെ അടിസ്ഥാനമാക്കി ബകവധം, കിമ്മീരവധം, കല്യാണസൌഗന്ധികം, നിവാതകവച കാലകേയവധം എന്നിങ്ങനെ നാലു് ആട്ടക്കഥകൾ അദ്ദേഹം നിർമ്മിച്ചു. ഉത്തരോത്തരം ശ്ലോഷ്ണം പ്രകടിപ്പിക്കുന്ന ഇവ നാലും അദ്ദേഹത്തിന്റെ കീർത്തിസൌധം നിലനിത്തുന്ന സ്തംഭങ്ങളായ് വിലസുന്നു. പാത്രസൃഷ്ടിയിൽ കവി കാണിച്ചിട്ടുള്ള പാടവം അസാധാരണമാണ്. യുധിഷ്ഠിരന്റെ സാത്വികപ്രകൃതി, ഭീമന്റെ സാഹസം, അർജ്ജുനന്റെ നയശാലിത്വം എന്നിവയ്ക്കു കോട്ടംകൂടാതെ കഥാഗതി തുടർന്നുപോകുന്നതു കണ്ടാൽ നല്ലൊരു നാടകമർമ്മജ്ഞനാണെന്ന് അദ്ദേഹത്തെ കരുതുവാൻ പ്രയാസമില്ല. സാഹിത്യരസം തുളുമ്പുന്ന ശ്ലോകങ്ങളും സംസ്കൃതബഹുലങ്ങളായ് എന്നു മാത്രം ഒരു ദോഷമുണ്ട്.

<u>ഉണ്ണായിവാരിയർ.</u> ആട്ടക്കഥാകാരന്മാരിൽവെച്ചു സർവ്വപ്രകാരേണയും മുന്നിട്ടുനില്ക്കുന്ന ഒരു മഹാകവിയാണ്

ഉണ്ണായിവാരിയർ. ശാസ്ത്രീയമായ രേഖകളുടെ അഭാവത്താൽ അദ്ദേഹത്തിന്റെ ജീവിതകാലവും പേരും കൃതികളും ഐതിഹ്യങ്ങളുടെ നൂലാമാലയിൽപെട്ട വാദഗ്രസ്തമായ് വട്ടംതിരിയുകയാണു്. കൊല്ലവർഷം 9-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലായിട്ടാണു നളചരിതം നിർമ്മിച്ചതു് എന്നു ഉള്ളൂർ സ്ഥാപിക്കുവാൻ തുടങ്ങുമ്പോൾ പി. കെ. നാരായണപ്പിള്ള മുതലായവർ 925-നും 987-നും മദ്ധ്യേയായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതു് എന്നു പറയുന്നു. കുഞ്ചൻനമ്പ്യാരുടെ സമകാലീനനായിരുന്ന വാരിയർ എന്ന ഐതിഹ്യം ശരിയാണെങ്കിൽ ഒടുവിൽപറഞ്ഞ കാലമാണു് അധികം യോജിക്കുക.

ഉണ്ണായിവാരിയർ ഇരിഞ്ഞാലക്കുട അകത്തൂട്ടുവാരിയത്തു ജനിച്ചു് തിരുവിതാംകൂർ മഹാരാജാവിനെ സേവിച്ചു കാലംകഴിച്ചിരുന്നുവത്രേ. അദ്ദേഹത്തോടുകൂടി ആ വംശം അന്യംവന്നുപൊയെന്നും അറം എന്ന കാവ്യദോഷംമൂലമാണു് അതു സംഭവിച്ചതു് എന്നും ഐതിഹ്യമുണ്ടു്.

'തനയൻ ഞാനൊരുത്തനായ്, കുലമിതഖിലമറുതിവന്നിതു' എന്നു നളചരിതത്തിൽ അരയന്നത്തെക്കൊണ്ടു പറയിപ്പിച്ചതാണത്രേ അറമായ്തീർന്നതു്. ഉണ്ണായിവാരിയരുടെ പ്രധാനമായ കൃതി 'നളചരിതം' ആട്ടക്കഥതന്നെ. ഗിരിജാകല്യാണവും രാമപഞ്ചവിംശതി എന്ന ഒരു സ്തോത്രവും അദ്ദേഹത്തിന്റേതാണെന്നാണു് അധികംപേരുടേയും അഭിപ്രായം. ഈ അഭിപ്രായം ശരിയാണെങ്കിൽ ഉണ്ണായിയുടെ ശരിയായ പേർ രാമനെന്നായിരിക്കണം.

നളചരിതം ആട്ടക്കഥ. സംഗീതവും സാഹിത്യവും ഒത്തൊരുമിച്ചു നൃത്തമാടുന്ന ഒരു ദൃശ്യകാവ്യമാണു നളചരിതം. ഈ കൃതി നാലുദിവസം കളിച്ചു് അവസാനിപ്പിക്കത്തക്ക നിലയിൽ നാലുഭാഗമായ് വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ വിഭാഗങ്ങൾ നാടകങ്ങളിലെ അങ്കങ്ങളായ് കണക്കാക്കാം. വിഭാവാനുഭാവ വ്യഭിചാരിഭാവങ്ങളെക്കൊണ്ടു് അംഗിയായ രസത്തെ ക്രമേണ പുഷ്ടമാക്കിത്തീർക്കുന്ന ഒരേ ഒരു കഥകളി നളചരിതം മാത്രമാണു്. പാത്രസൃഷ്ടിയിലും കവി മനസ്സുവെച്ചിട്ടുണ്ടു്. നിരർത്ഥകപദങ്ങൾ കാവ്യത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. നിരങ്കുശനായ കവി വ്യാകരണനിയമങ്ങളെ പലേടത്തും ലംഘിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഭാഷയും സാമാന്യക്കാർക്കു സുഗ്രഹമല്ല. ശബ്ദാലങ്കാരങ്ങൾകൊണ്ടും അർത്ഥാലങ്കാരങ്ങൾകൊണ്ടും പൂർണ്ണമായ ഈ കൃതിയിൽ കവിയുടെ പാണ്ഡിത്യംകൂടി പ്രദർശിപ്പിക്കുവാൻ ആഗ്രഹമുള്ളതായ് തോന്നും. രാജരാജവർമ്മ ഇതിലെ ഭാഷക്കു വെങ്കലഭാഷ എന്നു പേരിട്ടിട്ടുള്ളതു് അനവദ്യംതന്നെ.

പില്ക്കാലത്തുണ്ടായിട്ടുള്ള ആട്ടക്കഥകൾക്കു പ്രകാശം കൊടുക്കുവാനുള്ള കാരണം നളചരിതത്തിലെ പ്രകാശാധിക്യമായിരിക്കണം. സൂര്യപ്രകാശത്തിൽ കൈത്തിരിയുടെ തേജസ്സു മങ്ങുന്നതു സാധാരണയാണല്ലൊ. അകാലചരമത്തിനോ അഥവാ തിരോഭാവത്തിനോ വിധേയമായ നിരവധി ആട്ടക്കഥകൾ പിന്നീടും ജനിച്ചിട്ടുണ്ടു്. അവയിൽ ഇരിയമ്മൻതമ്പിയുടെ ഉത്തരാസ്വയംവരം മുതലാ

യ ആട്ടക്കഥകൾ മാത്രമാണു ജീവിക്കുവാൻ അർഹമായ് കാണപ്പെട്ടതു്.

ആട്ടക്കഥകൾക്കു പ്രചാരംകുറയുവാൻ പല കാരണങ്ങളുമുണ്ടു്. പുതിയപുതിയ രംഗവിധാനങ്ങളോടുകൂടിയ നാടകങ്ങളും മലച്ചിത്രങ്ങളും ഉള്ളപ്പോൾ ഇവയെപ്പറ്റി ആരും ഗൗനിക്കാതായ്. സാഹിത്യം എന്ന നിലക്കും ഇവ താഴ്ന്നപടിയിലായിരുന്നു. ഒന്നോ രണ്ടോ ആട്ടക്കഥകൾ കഴിച്ചാൽ മറ്റുള്ളവയെല്ലാം വിരസങ്ങളായിരുന്നു. ആഭാസശൃംഗാരം മിക്ക കഥകളിലേയും മലിനപ്പെടുത്തിയിരുന്നു. പാത്രസൃഷ്ടിയിൽ അധികമാരും ശ്രദ്ധിച്ചിരുന്നില്ല. നിരർത്ഥകപദങ്ങളും ഉരാനപയവും പലതിനേയും വഷളാക്കിത്തീർത്തിരുന്നു. എല്ലാറ്റിന്നുംപുറമേ സംസ്കൃതപദബാഹുല്യം, വൈചിത്ര്യമില്ലായ്മ, പുരാണങ്ങളെ മാത്രം ആശ്രയിച്ച ഇതിവൃത്തം എന്നിവകൊണ്ടു പൊതുജനങ്ങൾക്കു മടുപ്പുവർദ്ധിച്ചു.

തുള്ളൽപ്രസ്ഥാനം. മാക്യാർകൂത്തിനേയും ആട്ടക്കഥയേയും ഉപജീവിച്ചു രണ്ടിൽനിന്നും സൌകര്യമുള്ള വസ്തുക്കൾ സ്വീകരിച്ചു പുതിയിതായഉണ്ടാക്കിത്തീർത്ത ഒരു ദൃശ്യകാവ്യമാണു് തുള്ളൽ. ഈ പ്രസ്ഥാനം കുഞ്ചൻ നമ്പ്യാരാണ് തുടങ്ങിവെച്ചതു്. തുള്ളലുകൾ മിക്കതും ഹാസ്യരസപ്രധാനങ്ങളാണ്. വേഷവിധാനവും കൊട്ടുംപാട്ടും ആട്ടവും ആട്ടക്കഥകളിൽനിന്നുസ്വീകരിച്ചു. മാക്യാർകൂത്തിൽനിന്നു കഥനരീതിയും എടുത്തു. ചമ്പുക്കളിലെ ഗദ്യങ്ങളിൽകാണുന്ന പദ്യഗന്ധിത്വം നമ്പ്യാരെആകർഷിച്ചി

രിക്കണം. അവയിൽ പലതും കുന്നതേച്ചുമിനുക്കിയപ്പോൾ തരംഗിണി, കൃശമദ്ധ്യമുതലായ വൃത്തങ്ങളായ് തുള്ളലിൽ സ്ഥലംപിടിച്ചു. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നുതരം തുള്ളലുകൾഉണ്ട്. വേഷവിധാനം ഇവയനുസരിച്ചു അല്പാല്പം മാറും. എല്ലാറ്റിലും ഫലിതസമ്മിശ്രമായ് കഥപായുക എന്നഭാഗം ഒരുപോലെതന്നെ.

കുഞ്ചൻനമ്പ്യാർ. തുഞ്ചത്തെഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും മലയാളസാഹിത്യ നഭോമണ്ഡലത്തിലെ സൂര്യചന്ദ്രന്മാരായ് ഗണിക്കാറുണ്ട്. കുഞ്ചൻനമ്പ്യാർ ഫലിതസമ്മിശ്രമായ ഭാഷയിൽ സരസമായകവിതകൊണ്ടു അന്നത്തെ കേരളീയരുടെ ഇടയിലുള്ള പലകുറവുകളും കുറവുകളും തിരുത്തു വിജ്ഞാനവും വിനോദവും ഒരുമിച്ചുവളർത്തി. മലയാട്ടിലെ മഹാജനങ്ങളുടെ കവി എന്നപേരിനു സർവ്വഥാ അർഹനാണദ്ദേഹം. ഏതുയും ലളിതവും പ്രസന്നമധുരവും ആയ ശൈലിയിൽ കേരളഭാഷയെത്തന്നെ ഉപയോഗിച്ചു ഒരു പുതിയ കാവ്യസരണി അദ്ദേഹം വെട്ടിത്തുറന്നു. അതാണു ജനമാനസങ്ങളെ ആനന്ദംകൊണ്ടു തുള്ളിച്ചാടിക്കുന്ന തുള്ളൽപ്രസ്ഥാനം.

ജനനം. കുഞ്ചൻനമ്പ്യാർ തിരുവില്വാമലക്കടുത്തു കിള്ളിക്കുറിശ്ശിമംഗലത്തു കലക്കത്തുഭവനത്തിൽ ജനിച്ചു. കൊല്ലവർഷം 880-ാമാണ്ടിലാണു ജനനമെന്നു പല രേഖകളേയും അടിസ്ഥാനപ്പെടുത്തി ഗവേഷകന്മാർ തിട്ടപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഏറുമാനൂർ താലൂക്കിൽ കിടങ്ങൂർഗ്രാമത്തിൽ ഉള്ള ഒരു കല്ലമ്പള്ളി

നമ്പൂതിരിയാണത്രേ. കിടങ്ങൂർക്കാരനായ ഒരു നമ്പ്യാരാണെന്നും അഭിപ്രായഭേദമുണ്ട്. ഒരു സാധുനമ്പൂതിരിയുടെ ചാണകത്തിൽപെട്ടു കാണാതായ മടിശ്ശീല മടക്കിക്കൊടുത്തതുകൊണ്ടു നമ്പ്യാരുടെ ഈമ്മയെ ഉള്ളഴിഞ്ഞു അനുഗ്രഹിച്ചതിന്റെ ഫലമായിട്ടാണത്രേ വിശിഷ്ടനായ കുഞ്ചൻ ജാതനായതു്.

കുഞ്ചന്റെ പേരിനെപ്പറ്റി പല വാദപ്രതിവാദങ്ങളും ഇന്നു നടക്കുന്നുണ്ടു്. പ്രസിദ്ധനായ കുഞ്ചനോടൊപ്പം ചെമ്പകശ്ശേരി രാജാവു്, മാത്താണ്ഡവമ്മ മുതലായ രാജാക്കന്മാരെ ആശ്രയിച്ചു് അവരുടെ പ്രീതിക്കും ആദരവിനും പാത്രമായ് അവരുടെ ആവശ്യപ്രകാരം സീതാരാഘവം നാടകം, ലീലാവതീവീഥി, വിഷ്ണുവിലാസം കാവ്യംമുതലായ അനവധി സംസ്കൃതഗ്രന്ഥങ്ങളുടെ കർത്താവായ ഒരു രാമപാണിവാദനെ (രംമൻനമ്പ്യാരെ) കാണുന്നുണ്ടു്. ഇദ്ദേഹവും കിള്ളിക്കുറിശ്ശിമംഗലക്കാരനാണു്. ഒരേ വീട്ടിൽ ഒരുപോലെ വാസനാവിശിഷ്ടരായ രണ്ടുപേർ ഉണ്ടാകുക അസംഭാവ്യമാണു്; അഥവാ അങ്ങിനെ സംഭവിച്ചാൽത്തന്നെ ജ്യേഷ്ഠാനുജന്മാരിൽ ആരെക്കിലും മറേറ ആളെക്കുറിച്ചു പ്രസ്താപിക്കാതെ കഴിക്കുവാൻ പ്രയാസമാണു്; ആസ്ഥിതിക്കു രാമപാണിവാദനും കുഞ്ചൻനമ്പ്യാരും കരാഠം തന്നെയാകണമെന്നു പലരും സ്ഥാപിക്കുവാൻ നോക്കുന്നു. ഇവർ വേറെ വേറെയാണെന്നും കുഞ്ചന്റെപേർ കൃഷ്ണനെന്നായിരിക്കാൻഇടയുണ്ടെന്നും ആകുന്നമറെറാരുപക്ഷം.

നമ്പ്യാക്കു വേഷാന്തം, വ്യാകരണം, തക്കം എന്നീ

വിഷയങ്ങളെക്കുറിച്ചു ധാരാളം പരിചയം സിദ്ധിച്ചിരുന്നു വെന്നു കൃതികൾ വിളിച്ചുപറയുന്നു. നന്തിക്കാട്ടു ഉണ്ണിരവിക്കുറുപ്പും ദ്രോണംവില്ലി ആമയ്യനും ഗുരുനാഥന്മാരായ് സ്മരിച്ചു കാണപ്പെട്ടുന്നുണ്ട്. കുഞ്ചൻനമ്പ്യാർ വലിയ ഒരു സഞ്ചാരിയായിരുന്നതുകൊണ്ടു കേരളത്തിലെ പ്രദേശങ്ങളോടെ അദ്ദേഹത്തിനു സുപരിചിതമായിരുന്നു. പാലിയത്തച്ചൻ, ചെമ്പകശ്ശേരി രാജാവു്, മാത്താണ്ഡവർമ്മ മഹാരാജാവു്, കാർത്തികതിരുനാൾ മഹാരാജാവു് മുതലായവരുടെ പ്രീതിക്കു സവിശേഷം പാത്രമായിരുന്നു അദ്ദേഹം. ഇവരെയെല്ലാം ഓരോരോ കൃതികളിൽ സ്തുതിച്ചുകാണുന്നതുകൊണ്ടു് അതാതുകാലത്തുണ്ടാക്കിയ കൃതികളേതെന്നു മനസ്സിലാക്കാവുന്നതാണ്. 945-ൽ അറുപത്തഞ്ചാമത്തെ വയസ്സിൽ സ്വഗൃഹത്തിൽവെച്ചു പേപ്പട്ടിവിഷമേറ്റു മരിച്ചുപോയെന്നാണ് ഐതിഹ്യം.

കൃതികൾ. ശ്രീകൃഷ്ണാലയസ്തോത്രം, രാസക്രീഡാനാലുവൃത്തം, കിരാതം വഞ്ചിപ്പാട്ടു്, ഭഗവദ്ഗീത പതിനാലുവൃത്തം, ഗീലാവതി, ശ്രീകൃഷ്ണചരിതം മണിപ്രവാളം, നളചരിതം കിളിപ്പാട്ടു്, ശിവപുരാണം കിളിപ്പാട്ടു്, പഞ്ചതന്ത്രം എന്നിവ കുഞ്ചൻനമ്പ്യാരുടെ ആദ്യകാലത്തെ കൃതികളാണു്. എന്നാൽ നമ്പ്യാരുടെ പേരുമുഴുവൻ കിടക്കുന്നതു് അദ്ദേഹം നിർമ്മിച്ച തുള്ളൽക്കഥകളിലാണു്. സരസവും ലളിതവും കോമളവും ആയ ഭാഷയിൽ രചിക്കപ്പെട്ട തുള്ളലുകളിലാണു് കുഞ്ചൻനമ്പ്യാരുടെ വ്യക്തിത്വം തികച്ചും കളിയാടുന്നതു്. പണ്ഡിതന്മാരും പാമരന്മാരും ഒരുപോലെ ആസ്വദിക്കുന്ന ഇത്തരം കൃതികൾ നി

മ്മിച്ചിട്ടുള്ള കേരളീയരിൽ പ്രഥമസ്ഥാനം നമ്പ്യാക്കന്മാ
രെന്നെയാണു്.

പ്രൌഢവിഷയങ്ങളെ പ്രതിപാദിക്കുവാനുള്ള ശക്തി
മലയാളഭാഷക്കില്ലെന്നു പറയുന്നവർ നമ്പ്യാരുടെ തുള്ളലു
കൾ വായിച്ചുനോക്കേണ്ടതാണു്. ഏതു ശ്രുഷ്ടമായ വസ്തു
വും നമ്പ്യാരുടെ മനോമുശയിൽകൂടെ കടന്നുപോന്നുകഴി
യുമ്പോൾ ഇന്ദ്രജാലംപോലെ മധുരകോമളമായ് മാറുന്നു.
വാസനയില്ലാത്ത കവികൾ പരാതിപ്പെടുന്ന പദോരിദ്ര്യ
വും നമ്പ്യാരെ ബാധിക്കുന്നില്ല. ചരിത്രങ്ങളും പുരാണ
ങ്ങളും സ്വർഗ്ഗവും നരകവും പൊതുജനങ്ങൾക്കു നിത്യാനുഭ
വമുള്ള ചുറ്റുപാടുകളോടിണക്കി ശ്രോതാക്കൾക്കു വിശദ
മായ ബോധം ഉളവാക്കുവാൻ അദ്ദേഹത്തിനു സാധിച്ചി
ട്ടുണ്ടു്. കേരളത്തിന്റേയും കേരളീയരുടേയും ഒരു ചിത്രം
തുള്ളലുകളിൽ എന്നുന്നേയ്ക്കും മായാത്തവിധത്തിൽ അദ്ദേ
ഹം വരച്ചുവെച്ചിട്ടുണ്ടു്. ഫലിതപ്രഹാരംകൊണ്ടു ദുർമ്മാ
ർഗ്ഗങ്ങളിൽനിന്നു പല സമുദായങ്ങളേയും അദ്ദേഹം പിൻ
തിരിപ്പിച്ചിട്ടുണ്ടു്. ഫലിതങ്ങളുടെയിടയിൽ പല സദാ
ചാരവാക്യങ്ങളും കലർത്തി ഒളിയമ്പുപോലെ കൃത്യനിർവ്വ
ഹണ ചതുരത പരിപാലിക്കുന്നതു് അദ്ദേഹത്തിന്റെ
ഒരു പ്രത്യേകസമ്പ്രദായമാണു്. അവയിൽ പലതും ഇന്ന
ത്തെ പഴഞ്ചൊല്ലുകളായ് മാറിയിരിക്കുന്നു. സർവ്വോപരി
സ്വതന്ത്ര സ്വതന്ത്രവും സാരസ്യസമ്പൂർണ്ണവുമാണു തുള്ള
ലുകളിലെ കവിതാരീതി. മാമൂൽപ്രിയന്മാർ കാവ്യദോഷ
ങ്ങൾ പലതും കണ്ടെത്തിപ്പിടിച്ചു നമ്പ്യാരുടെ തുള്ളലു പ
ഴിക്കാറുണ്ടു്. വിമർശനത്തിന്റെ ഇടുങ്ങിയ കാടിപ്പാത

യിൽ സഞ്ചരിക്കുന്ന ഇവരെ അതിജീവിച്ചു കുഞ്ചന്റെ കൃതികൾ സർവ്വോല്ലാഘേണ വർത്തിക്കുന്നു. കാലമാണു യഥാർത്ഥ വിമർശകൻ എന്ന തത്വം എത്ര യഥാർത്ഥമാണു്.

കുഞ്ചന്റെ കാലശേഷം കണക്കില്ലാതെ തുള്ളൽക്കഥകൾ പൊട്ടിപ്പുറപ്പെട്ടു. എന്നാൽ ആ വമ്പന്റെ പിമ്പേ ഗമിക്കുവാൻ തക്ക സാമർത്ഥ്യമുള്ളവർ വിരളമായിരുന്നു. പൂന്തോട്ടത്തു നമ്പൂതിരിയുടെ കാലകേയവധം തുടങ്ങിയ ചുരുക്കം തുള്ളലുകഥകളേ പൊതുജനസമക്ഷം തലയുയർത്തി നടക്കുവാൻ കഴിഞ്ഞുള്ളു. ഈ പ്രസ്ഥാനം നാശോന്മുഖമായ ഒരു നിലയിലാണു് ഇന്നു് എത്തിയിരിക്കുന്നതു്.

ആധുനികഘട്ടം (1000 മുതൽ ഇന്നുവരെ).

ഇംഗ്ലീഷു സൌഹാർദ്ദകാലം. അടുത്ത ഒരു നൂറാണ്ടിന്നുള്ളിൽ മലയാളഭാഷക്കുണ്ടായിട്ടുള്ള വളർച്ച് ഏതൊരുവനേയും വിസ്മയഭരിതനാക്കുവാൻ മതിയായതാണു്. സംസ്കൃതത്തിന്റെ കടാക്ഷപുഞ്ജിരികളെ പ്രതീക്ഷിച്ചു പഞ്ചപുച്ഛമടക്കി ഒതുങ്ങിപ്പൈതലാറിയിരുന്ന കൈരളിയെ അരനൂറാണ്ടിനുമുമ്പുകണ്ട ഒരുവൻ ഇന്നു തിരിച്ചറിയുവാൻ ഞരുക്കമായിരിക്കുന്നു. അത്രക്കുമാത്രം ഉയർച്ചയും പരപ്പും സൌന്ദര്യവും ഇന്നോളം വർദ്ധിച്ചിരിക്കുന്നു. കടത്തുവേനലിൽ നദീതീരങ്ങളിൽമാത്രം പച്ചനിറം വിരിച്ചു വരണ്ടുണങ്ങി ചുങ്ങി കിടന്നിരുന്ന ഭൂവിഭാഗം വർഷാരംഭത്തോടെ മട്ടൊന്നുമാറി തഴച്ചുവളർന്നു സസ്യശ്യാമളമായ് നയനാനന്ദകരമായ് തീരുന്നപോലെ മിക്കവാറും വരണ്ട

ശ്രേഷ്ഠമായ് കിടന്നിരുന്ന മലയാളസാഹിത്യം പൊട്ടിത്തഴച്ചു ശാഖോപശാഖകളായ് ചുറ്റും പ്രസരിച്ചു വളർന്നുവരുവാൻ തുടങ്ങി. വിശ്വസാഹിത്യത്തിലെ വിവിധശാഖകളിലും വിഹരിക്കുവാനുള്ള കെൽപ്പും അവകാശവും ചുരുങ്ങിയ ഈ കാലത്തിനുള്ളിൽ മലയാളഭാഷക്കു കൈവന്നു. കേരളത്തിന്റെ മഹത്വം ഭൂഭാഗത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ വ്യാപിപ്പിക്കുവാൻ പര്യാപ്തരായ കേരളീയ സന്താനങ്ങളുടെ ആവിർഭാവകാലത്തിന്നു് അവരുടെ മാതൃഭാഷയും അഭിവൃദ്ധിപ്പെടേണ്ടതുതന്നെയാണല്ലോ. ഇപ്രകാരം മലയാളഭാഷയെ ഉൽകൃഷ്ടമാക്കുവാൻ സഹായിച്ചതു് ഇംഗ്ലീഷുഭാഷാസമ്പർക്കമാണെന്നതിന്നു സംശയമില്ല.

ഇതേവരെ കേരളക്കരയിൽ ബുദ്ധിമാന്മാരും വാസനാശാലികളും ഇല്ലാതിരുന്നിട്ടല്ല കേരളത്തിലെ സാഹിത്യം പുഷ്ടിപ്പെടാതിരുന്നതു്. അവരുടെ സമ്പാദ്യം മരുമക്കത്തായപ്രകാരം മരുമക്കൾ അനുഭവിച്ചുവന്നു എന്നേയുള്ളൂ. ഇളംകോവടികളോ ശങ്കരാചാര്യരോ മേല്പത്തൂർ ഭട്ടതിരിയോ സമ്പാദിച്ച സ്വത്തിന്നു മലയാളികൾക്കു് അവകാശമില്ലാതായ്. സ്വതന്ത്രഭാഷ അഗണ്യകോടിയിൽ തള്ളത്തക്കവിധത്തിലുള്ള ഭാഷാഭിമാനമേ അന്നവർക്കുണ്ടായിരുന്നുള്ളൂ. ഈ പാരമ്പര്യമനുസരിച്ചു് ഇംഗ്ലീഷുഭാഷയിലല്ലാതെ 'രണ്ടുവാക്കു്' പറയുന്നതു തന്റെ 'ഡിഗ്നിറ്റി'ക്കു കുറവാണെന്നു ധരിച്ചിരുന്ന ഇംഗ്ലീഷുഭാഷാപണ്ഡിതന്മാരായ മലയാളമഹാപ്രഭാന്മാരും ഉണ്ടായിരുന്നു. എങ്കിലും ഇംഗ്ലീഷുസാഹിത്യം ഉണർത്തിവിട്ട ദേശാഭിമാനം ഇത്തരം

മലയാളികളിൽപോലും ഭാഷാഭിമാനം കുത്തിയെച്ചു. സഹജമായ ബുദ്ധിവൈഭവത്താലതു വളർന്നുവന്നു. കാംക്ഷമമായ ഇംഗ്ലീഷുഭാഷയെ ദൂരദർശിനിയാക്കി ലോകത്തിലെ സാഹിത്യസാരങ്ങൾ സന്ദർശിച്ചു. അവയെ അനുകരിച്ചു സ്വന്തംഭാഷയിലും സാഹിത്യസൗധങ്ങൾ പണിചെയ്യുവാൻ തുടങ്ങി.

ലോകസാഹിത്യത്തിൽ കണ്ടുവരുന്ന ഏതു പ്രസ്ഥാനവും ഇന്നു മലയാളത്തിൽ ദൃശ്യമാണ്. ഗദ്യരൂപത്തിലും പദ്യരൂപത്തിലും നിരന്തരം പെരുകിവരുന്ന പലതരം പ്രസ്ഥാനങ്ങളും മലയാളഭാഷയെ പുഷ്ടിപ്പെടുത്തിവരുന്നുണ്ട്. ആ കൂട്ടത്തിൽ സാഹിത്യശരീരത്തെ വ്രണപ്പെടുത്തുന്നവയും ഉണ്ടാകാവുന്നതു സാധാരണയാണല്ലോ. സാഹിത്യമഹാവനത്തിൽ പെറു പെരുകുന്ന ക്ഷുദ്രജീവികളെ നശിപ്പിക്കുന്നതിനു നിരുപണഖഡ്ഗവുമേന്തി പല 'കേസരി'കളും പരിധാനനടനമാടുന്നതു് ആശ്വാസകരംതന്നെ. സാഹിത്യമത്സരങ്ങളും ദുർല്ലഭമല്ല. എന്നാൽ ഇവയെല്ലാം പുരോഗതിക്ക് ആവശ്യമാണ്. പലേടത്തുനിന്നും കുത്തിയൊലിച്ചു കലങ്ങിയിട്ടുവേണമല്ലോ ജലാശയങ്ങളിലെ വെള്ളം തെളിയുവാൻ.

മലയാളത്തിലെ ഗദ്യശൈലി. അഭിനവയുഗത്തിൽ ഇംഗ്ലീഷിന്റെ സഹായംകൊണ്ടു ഏറ്റവും അധികം അഭിവൃദ്ധിപ്പെട്ടതു് മലയാളത്തിലെ ഗദ്യരൂപത്തിലുള്ള സാഹിത്യമാണ്. ഇതിനു മുമ്പു ഗദ്യരൂപത്തിലുള്ള സാഹിത്യം വളരെ പരുങ്ങലിലായിരുന്നു കിടന്നിരുന്നതു്. കവ

ന്തത്തിനും ശാസ്ത്രനിർമ്മാണത്തിനും പോലും പദ്യമായാലെ ശരിയാകയുള്ളു എന്നു പലരും ധരിച്ചിരുന്നു. അത്യാവശ്യം ചില ആധാരങ്ങൾ നിർമ്മിക്കുന്നതിനോ സർക്കാർ വക വിളംബരങ്ങൾ പുറപ്പെടുവിക്കുന്നതിനോ അഥവാ ചിലവ്യാഖ്യാനങ്ങൾ എഴുതുന്നതിനോ ഗദ്യം ഉപയോഗപ്പെടുത്തിയില്ലെന്നില്ല. ആധാരങ്ങളുടെ ഭാഷ ഏറ്റവും ദുർഘടമായിരുന്നു. ആധാരത്തിൽ പറയുവാനുള്ളതു മുഴുവൻ സമുച്ചയിപ്പിക്കുക നെടുനെടുങ്കൻ വാക്യത്തിൽ ഉൾക്കൊള്ളിക്കുക.

പാശ്ചാത്യരീതിയിലുള്ള വിദ്യാലയങ്ങൾ കേരളമെങ്ങും സ്ഥാപിതമായതോടുകൂടി മലയാളത്തിൽ ഗദ്യലേഖനങ്ങളുടെ ദൌർല്ലഭ്യം പ്രത്യക്ഷപ്പെട്ടു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു കമ്മറ്റി സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായ് മലയാളത്തിൽ നല്ലനല്ല ഗദ്യലേഖനങ്ങൾ ആവിർഭവിച്ചു. പത്രങ്ങളും അച്ചുകൂടങ്ങളും ഗദ്യത്തിന്റെ വളർച്ചയ്ക്കു വളരെയധികം സഹായിച്ചിട്ടുണ്ട്. കോയിത്തമ്പുരാൻ ഇവരേയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഗ്രന്ഥകാരന്മാർക്കും അദ്ദേഹത്തിൽനിന്നു മതിയായ പ്രോത്സാഹനം ലഭിച്ചുകൊണ്ടിരുന്നു. അനവധിഗ്രന്ഥങ്ങൾക്കു ഉത്തേജകമായവിധത്തിലുള്ള അവതാരികകൾ എഴുതി, ഗദ്യത്തിന്റെ സ്വഭാവം ഭേദപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന്റെ ഭാഷ സംസ്കൃതപദബാഹുല്യമായിരുന്നു. ഗദ്യത്തിനു ഗാംഭീര്യം വേണമെങ്കിൽ സംസ്കൃതപദങ്ങൾ ആവശ്യമാണെന്നുള്ള തെറ്റിദ്ധാരണ ഇപ്പോൾ കുറേശ്ശയായ് കുറഞ്ഞു തുടങ്ങി

യിട്ടുണ്ട്. സരളമായ രീതിയിൽ ഏതുവിഷയത്തെക്കുറിച്ചും ഗദ്യമെഴുതുവാൻ മലയാളത്തിനു സാധിക്കുമെന്നതിനു ഇന്നു കാണുന്ന പത്രങ്ങളും മാസികകളും ഉപന്യാസമാലികകളും ചെറുകഥകളും ജീവചരിത്രങ്ങളും, ഗദ്യനാടകങ്ങളും ഉത്തമദൃഷ്ടാന്തങ്ങളാണ്.

ലക്ഷണഗ്രന്ഥങ്ങൾ. ഗദ്യശാഖപോലെതന്നെ മലയാളികളെ അലട്ടിക്കൊണ്ടിരുന്ന മറ്റൊരു പ്രശ്നം വ്യാകരണംമുതലായ ശാസ്ത്രഗ്രന്ഥങ്ങളുടെ അഭാവമായിരുന്നു. ശരിയായ ഒരു വ്യാകരണഗ്രന്ഥംപോലുമില്ലാത്തതാണു മലയാളഭാഷ എന്നു കണ്ടു വിദേശ യൂറോപ്യന്മാർ വ്യാകരണം നിർമ്മിക്കുവാൻ തുടങ്ങി. ഏതാണ്ടു ഒരു നൂറ്റാണ്ടിനുമുമ്പു റവറൻറ് പീറ്റ്, ഡാക്ടർഗുണ്ടർട്ട്, റവറൻറ ജോജ്ജു മാത്തൻ മുതലായവരുടെ വ്യാകരണങ്ങൾ പ്രത്യക്ഷപ്പെട്ടു. എന്നാൽ വിദേശീയർക്കു പറ്റാവുന്ന പലതരംഅബദ്ധങ്ങളും കലർന്നിരുന്ന ഇവകൊണ്ടൊന്നും ഈ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. പ്രൊഫസർ എ. ആർ. രാജരാജവർമ്മ, കോയിത്തമ്പുരാൻറെ പരിശ്രമഫലമായ് കേരളപാണിനീയം എന്ന വിശിഷ്ട വ്യാകരണഗ്രന്ഥം നിർമ്മിച്ചതിനുശേഷമേ മലയാളികൾക്കു ആശ്വാസമായുള്ളൂ. ശേഷഗിരിപ്രഭുവിൻറെ 'വ്യാകരണമിത്രം' ഭാഷക്കു മിത്രമായ്ലഭിച്ചു. അലങ്കാരശാസ്ത്രത്തിനും വൃത്തശാസ്ത്രത്തിനും ഭാഷയിൽ ഗ്രന്ഥമില്ലാത്തതിനെ പരിഹരിക്കുവാൻ രാജരാജവർമ്മത്തമ്പുരാൻ 'ഭാഷാഭൂഷണ'വും 'വൃത്തമഞ്ജരി'യും നിർമ്മിച്ചു. ഗദ്യമെഴുത്തുകാർക്കു ഉതകത്തക്കവിധത്തിൽ 'സാഹിത്യസാഹ്യം' എന്നഗ്രന്ഥവും രാജരാജ

മ്മയുടെ കൃതിതന്നെ. പദ്യങ്ങൾക്ക് ദ്വിതീയാക്ഷരപ്രാ
സം നിബ്ബന്ധമാക്കുന്നതു ദോഷകരമാണെന്നു സ്ഥാപിച്ച
തും ഈ തീരുമേനിയുടെ ഉത്സാഹം മൂലമാണ്. നിരൂപ
ണത്തിനുള്ള ചില മാനദണ്ഡങ്ങളും രാജരാജവർമ്മയുടെ
അവതാരികകളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

നല്ല ലക്ഷണഗ്രന്ഥങ്ങൾ ഇനിയും ഭാഷയ്ക്കു ആവശ്യ
മായിട്ടാണിരിക്കുന്നതു്. അപ്പൻതമ്പുരാന്റെ 'ദ്രാവിഡ
വൃത്തങ്ങളും ദശാപരിണാമങ്ങളും' എം. പി. പോൾനി
ർമ്മിച്ചതായ 'മോഡൽ സാഹിത്യം', 'ഖണ്ഡകഥാപ്രസ്ഥാ
നം' മുതലായ കൃതികൾ ഈ ആവശ്യത്തെ അറിഞ്ഞു നി
ർമ്മിക്കപ്പെട്ടവയാണ്. ദിനംപ്രതിയെന്നോണം പുതിയ
പുതിയ പ്രസ്ഥാനങ്ങൾ പുറപ്പെട്ടുവാൻതുടങ്ങിയിരിക്കുന്ന
മലയാളസാഹിത്യത്തിനു ഇന്നു നിലവിലുള്ള ലക്ഷണഗ്ര
ന്ഥങ്ങൾ അപര്യാപ്തങ്ങളായ് കാണപ്പെട്ടുന്നു.

നാടകപ്രസ്ഥാനം. കേരളത്തിലെ സ്വന്തമായ ദൃ
ശ്യകാവ്യങ്ങൾ കഥകളി, തുള്ളൽ, കൂത്തിനുപയോഗിച്ചി
രുന്ന ചമ്പൂക്കൾ എന്നിവയാണെന്നു മുമ്പു പറഞ്ഞുവ
ല്ലോ. സംസ്കൃതരീതിയിലുള്ള നാടകങ്ങളും നമ്മുടെ ഭാ
ഷക്കു ആവശ്യമാണെന്നു കരുതി ആ രീതിയിലുള്ള നാട
കങ്ങൾ പുറപ്പെട്ട സംസ്കൃതത്തിൽ നാടകങ്ങൾക്കു പല
ലക്ഷണങ്ങളുംകൊത്തിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. ഇതി
വൃത്തം, രസം, നായികാനായകന്മാർ, സന്ധികൾ എന്നി
വയ്ക്കു കൊടുത്തിട്ടുള്ള ലക്ഷണങ്ങൾ അനുസരിച്ചു കൊ
കം രചിക്കുക അത്രഎളുപ്പമായിരുന്നില്ല. സംസ്കൃതത്തിൽ

തന്നെ 'നാടകാന്തം കവിതാപം' എന്നു പറയുന്നതിനുള്ള കാരണംഇതാണ്. അതുകൊണ്ടു സംസ്കൃതരീതിയിലുള്ള സ്വതന്ത്ര നാടകങ്ങളും മലയാളസാഹിത്യത്തിൽ ഇതേവരേയും വേരുറച്ചു കഴിഞ്ഞിട്ടില്ല. എങ്കിലും പ്രസിദ്ധമായ സംസ്കൃതനാടകങ്ങളും ഭാഷയിലേക്കു വിവർത്തനംചെയ്യുവാൻ പലർക്കും സാധിച്ചു. അവയ്ക്കു എറ്റവും പ്രചാരവും സിദ്ധിച്ചിട്ടുണ്ട്. ഈ കാര്യത്തിലും മാറ്റുരശ്ശി കേരളവർമ്മ വലിയകോയിത്തമ്പുരാൻതന്നെ. അദ്ദേഹം വിവർത്തനംചെയ്ത മണിപ്രവാളശാകുന്തളത്തിനു എന്തെന്നില്ലാത്ത പ്രചാരം ലഭിച്ചു. ശാകുന്തളത്തിനുതന്നെ ഇപ്പോൾ അഞ്ചു തർജ്ജമകൾ പ്രചാരത്തിലുണ്ട്. മന്ഥത്തിൽ മാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം നാടകത്തിന്റെ തർജ്ജമയും പ്രസിദ്ധമാണ്. ഇവരെത്തുടർന്നു അനേകംപേർ സംസ്കൃത നാടകങ്ങളുടെ തർജ്ജമക്കൊരുങ്ങി. ചുരുങ്ങിയ കാലംകൊണ്ടു സംസ്കൃതനാടകങ്ങൾ മിക്കതും മലയാളത്തിലേക്കു തർജ്ജമചെയ്യപ്പെട്ടു.

എന്നാൽ പദ്യത്രയിഷ്ടങ്ങളായ ഇത്തരം നാടകങ്ങൾക്കു പൊതുജനങ്ങളെ രസിപ്പിക്കുവാനുള്ള ശക്തി കാണുകാണുന്നു. തമിഴരീതിയിലുള്ള സംഗീതനാടകങ്ങളും ഭാഷയിൽ ഉറച്ചുനിന്നു എന്നു പറയുവാൻ പാടില്ല. പദ്യങ്ങൾക്കും പാട്ടുകൾക്കും അതാതുരസം സ്വാഭാവികമായ് പുഷ്ടിപ്പെടുത്തുവാൻ സാധിക്കുമെന്നു വരികിലും കവികളുടെ ശക്തിക്കുറവുകൊണ്ടോ എന്തോ അത്തരം നാടകങ്ങളുടെ സ്ഥായത്തു് ഇന്നു ഗദ്യരൂപത്തിലുള്ള നാടകങ്ങൾക്കാണു പ്രചാരം കാണുന്നതു്. ഗദ്യരൂപത്തിൽ നല്ലനല്ല യാ

ടകങ്ങൾ സ്വതന്ത്രമായ് ഉണ്ടായിത്തുടങ്ങുന്നതുകൊണ്ടായിരിക്കാം ഇങ്ങിനെ സംഭവിക്കുന്നതു്. നാടകത്തിന്റെ ശാഖകളായ പ്രഹസനം മുതലായവയും അഭിവൃദ്ധിപ്പെട്ടവരുന്നു

മഹാകാവ്യപ്രസ്ഥാനം. സംസ്കൃതസാഹിത്യത്തെ അനുകരിച്ചു മലയാളത്തിൽ പ്രത്യക്ഷപ്പെട്ട ഒരു പ്രസ്ഥാനമാണു് മഹാകാവ്യപ്രസ്ഥാനം. നാടകത്തിനു എന്നപോലെ മഹാകാവ്യത്തിനും സംസ്കൃതത്തിൽ നിഷ്കർഷിച്ച ലക്ഷണം ചെയ്തിട്ടുണ്ടു്. ഏഴഴകുത്തിൽ കുറയാതെ നഗരാണ്ണവശൈലാഭിവർണ്ണനകളോടുകൂടി വിവിധവൃത്തങ്ങളിൽ രചിക്കപ്പെടേണമെന്നുള്ള നിബ്ബന്ധങ്ങൾ അനുസരിച്ചു ചില വിശിഷ്ട മഹാകാവ്യങ്ങൾ മലയാളത്തിൽ ഉണ്ടായതു് അടുത്തകാലത്താണു്. ഉള്ളൂർ പരമേശ്വരയ്യരുടെ 'ഉമാകേരളം', വള്ളത്തോൾ നാരായണമേനോന്റെ 'ചിത്രയോഗം', കെ. സി. കേശവപ്പിള്ളയുടെ 'കേശവീയം' എന്നിവ സാഹിത്യഗുണംകൊണ്ടു് ഉൽകൃഷ്ടങ്ങളായിട്ടുണ്ടു്. എന്നാൽ പഴയകാലത്തു ജനങ്ങളെ രസിപ്പിക്കുവാൻ കഴിഞ്ഞിരുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്കു് ഇന്നത്തെ ജനങ്ങളെ ആകർഷിക്കുവാനുള്ള കഴിവില്ലാതായ്. നഗരവർണ്ണന, സമുദ്രവർണ്ണന, ഋതുവർണ്ണന തുടങ്ങിയ ഏതാനും വർണ്ണനകൾക്കായ് ഒരു കഥയെ ബലികൊടുത്തു വാലും തലയും അങ്ങുമിങ്ങും കാണിച്ച ബ്രഹ്മാണ്ഡാകൃതിയിൽ എഴുതിയുണ്ടാക്കുന്ന ഇത്തരം ഗ്രന്ഥങ്ങൾക്കു് എത്രതന്നെ ഗുണങ്ങൾ ഉണ്ടായാലും ജീവിതമത്സരം വർദ്ധിച്ചുവരുന്ന ഇക്കാലത്തു സാഹിത്യരസികന്മാരെ വശീകരിക്കുവാൻ സാധി

ക്കാതെ പോയതിൽ അത്ഭുതപ്പെടുവാനില്ല. ഏതായാലും പെട്ടെന്നുണ്ടായ ആളിക്കത്തൽകൊണ്ടു സാഹിത്യമണ്ഡലം ആകെ ജാജ്വല്യമാനമാക്കിത്തീർത്ത ഈ പ്രസ്ഥാനം പെട്ടെന്നു തിരോഭവിക്കുകയും ആണ്ടു് ഉണ്ടായതു്. സ്വതന്ത്രങ്ങളായ മഹാകാവ്യങ്ങൾക്കു പുറമേ സംസ്കൃതത്തിലുള്ള വിശിഷ്ട മഹാകാവ്യങ്ങളും മലയാളത്തിനു മാതൃകയായ് ലഭിച്ചിട്ടുണ്ടെന്നു പ്രത്യേകം സ്മരണീയമാണു്.

ഖണ്ഡകാവ്യപ്രസ്ഥാനം. ഇംഗ്ലീഷുസാഹിത്യത്തിന്റെ സമ്പർക്കംകൊണ്ടു മലയാളസാഹിത്യത്തിനു ലഭിച്ചു് പരിപുഷ്ടമായ് തീർന്നിരിക്കുന്ന ഒരു പ്രസ്ഥാനമാണു ഖണ്ഡകാവ്യപ്രസ്ഥാനം. മഹാകാവ്യങ്ങളുടെയോരെ സാധാരണക്കാർക്കു് അനായാസം വഴങ്ങിച്ചുവന്നു. ഇംഗ്ലീഷുസാഹിത്യപരിചയം സിദ്ധിച്ചവർക്കു സംസ്കൃതത്തിലെ കവിസങ്കേതങ്ങളും, അലങ്കാരപ്രയോഗങ്ങളും, ആലങ്കാരികന്മാരുടെ നിയമങ്ങളും നിരർത്ഥകങ്ങളായ് തോന്നി. അതിനുംപുറമേ നീണ്ടുനീണ്ട മഹാകാവ്യങ്ങളും വായിച്ചു രസിക്കുവാനുള്ള സമയവും സൌകര്യവും ഇല്ലാതായി. ഇംഗ്ലീഷിൽ 'ലിറിക്' എന്നു പേരിൽ അറിയപ്പെടുന്ന ലഘുകാവ്യങ്ങൾ നൂതനത്വംകൊണ്ടും വൈചിത്ര്യംകൊണ്ടും മലയാളികളെ ആകർഷിച്ചു. ഇന്നു നിരവധി സാഹിത്യഗ്രന്ഥങ്ങൾകൊണ്ടു ദിനംപ്രതി പുഷ്ടിപ്പെട്ടുവരുന്ന ഒരു പ്രസ്ഥാനമാണു് ഇതു്.

ആദ്യത്തെ ഖണ്ഡകാവ്യം എപ്പോഴാണു് ആരാണു് രചിച്ചതു് എന്നു പറയുവാൻ പ്രയാസമാണെങ്കിലും ആ

പ്രസ്ഥാനത്തെ കേരളീയർക്കു സുപരിചിതമാക്കിത്തീർത്തതു കുമാരനാശാനാണെന്നു നിസ്സംശയം പറയാം. വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ പരമേശ്വരയ്യർ, നാലപ്പാട്ടു നാരായണമേനോൻ മുതലായവർ ഈ പ്രസ്ഥാനത്തെ ഉത്തരോത്തരം പോഷിപ്പിച്ചുവരുന്നു.

ഒരു ചിത്രകാരൻ ചുരുങ്ങിയ ചില വരകൾകൊണ്ടു് ഒരു വസ്തുസ്വരൂപം ഗ്രഹിപ്പിക്കുന്നതുപോലെ ഖണ്ഡകാവ്യകാരൻ ചുരുങ്ങിയ വാക്കുകൾ ഉപയോഗിച്ചു ഉദ്ദിഷ്ടമായ കാവ്യം വായനക്കാരെ ഗ്രഹിപ്പിച്ചു് ആസ്വദിപ്പിക്കുന്നു. നീണ്ട വർണ്ണനകളോ കൃത്രിമ കവിസങ്കേതങ്ങളോ വജ്ജിച്ചു ഏകാഗ്രതവരുത്തുകയാണു ഖണ്ഡകാവ്യത്തിനാവശ്യം. ഖണ്ഡകാവ്യത്തിന്റെ വിഷയം കഥയാകേണമെന്നു നിബ്ബന്ധമില്ല. ഏതെങ്കിലും ഒരു സംഭവം, ഒരു രസം, ഒരു വികാരം, ഒരു ഭാവം, കരാശംസ, ഒരു ക്രിയ എന്നിങ്ങനെ ഏതെങ്കിലും കാവ്യവിഷയമാക്കാവുന്നതാണു്. സംസ്കൃത മഹാകാവ്യങ്ങളെപ്പോലെ കവിയെ നിയമശൃംഖലകൊണ്ടു പരതന്ത്രനാക്കുന്നതേയില്ല.

കുമാരനാശാന്റെ വീണപൂവു്, നളിനി, വള്ളത്തോളിന്റെ ശിഷ്യനും മകനും, ബന്ധനസ്ഥനായ അനിരുദ്ധൻ, ഉള്ളൂരിന്റെ പിംഗള, നാലപ്പാട്ടു നാരായണമേനവന്റെ കണ്ണനീർത്തുള്ളി എന്നിവ സാഹിത്യലോകത്തിനു നശിക്കാത്ത നേട്ടങ്ങളായ് ലഭിച്ചുകഴിഞ്ഞിരിക്കുന്നു. മഹാകാവ്യങ്ങൾപോലെ ഈ പ്രസ്ഥാനം അധഃപതിക്കുമെന്നും തോന്നുന്നില്ല. നല്ലനല്ല ഖണ്ഡകാവ്യങ്ങൾ ഇനിയും പുറത്തുവന്നുകൊണ്ടിരിക്കുന്നു.

നോവൽപ്രസ്ഥാനം. ഇംഗ്ലീഷിന്റെ സഹായം കൊണ്ടു മലയാളികൾക്കു ലഭിച്ച മറ്റൊരു സാഹിത്യസരണിയാണു നോവൽ. മനുഷ്യരിൽ ഉണ്ടാകാവുന്ന വികാരവിചാരങ്ങളെ പ്രകാശിപ്പിക്കത്തക്കവിധം ജീവിതത്തെ സ്പർശിക്കുന്നതും സംഭാവ്യവും ആയ ഒരു ഇതിവൃത്തം നിർമ്മിച്ചു് വായനക്കാർക്കു കാവ്യരസം ആസ്വദിക്കുവാൻ സാധിപ്പിക്കുന്ന ഒരു ഗദ്യഗ്രന്ഥമാണു നോവൽ. ഇതിവൃത്തം കല്പിതമോ ചരിത്രസ്പർശിയോ ആകാം. എന്നാൽ അതു യഥാർത്ഥ ചരിത്രമാകാറില്ല. നോവലിന്റെ ജീവൻ അതിലെ കഥയാണു്. കഥാഘടകങ്ങളെ രസാസ്വാദനം ഉണ്ടാകത്തക്കവിധത്തിൽ കൂട്ടിഘടിപ്പിച്ചു കാണിക്കുന്നതിനുള്ള കലാകൌശലം കൂടാതെ കഴികയില്ല. ഒരു മരത്തടിവിശേഷനായ ആശാരിയുടെ പ്രവൃത്തിസാമർത്ഥ്യംകൊണ്ടു മേശ, കസേര മുതലായ വസ്തുക്കളായ് മാറുന്നതുപോലെ സമർത്ഥനായ ഗ്രന്ഥകാരന്റെ കയ്യിൽകിട്ടുന്ന കഥകൾ പലതരം 'പ്ലോട്ട്'കളായ് മാറുന്നു. കഥാവസാനംവരെ ജിജ്ഞാസയെ വളർത്തുന്നതിനു പരിണാമഗോപനം ആവശ്യമാണ്. ഈ വിധം ലക്ഷണങ്ങളൊട്ടുകൂടിയ നോവലുകൾ ജനങ്ങൾക്കു നല്ലപോലെ പിടിച്ചു. ചുരുങ്ങിയ കാലംകൊണ്ടു മലയാളത്തിൽ നോവലുകൾ നിറഞ്ഞു.

ഏതാണ്ടു ഒരു അറുപതുകൊല്ലം മുമ്പു് ടി. എം. അപ്പുനെടുങ്ങാടി നിർമ്മിച്ച 'കുന്ദലത' എന്ന കൃതിയാണു് ഭാഷയിലെ ആദ്യത്തെ നോവൽ. ഏതാണ്ടു ഇതേകാലത്തുതന്നെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആകർ എന്ന ഒരു നോവലും മലയാളത്തിലേക്കു തർജ്ജമ

മെയ്യു. എന്നാൽ സാഹിത്യലോകം ആകെ കണ്ണു ഉണ ത്തിവിട്ടതു് ശ. ചന്തുമേനോൻ അവർകളുടെ 'ഇന്ദുലേഖ', 'ശാരദ' മുതലായ നോവലുകളായിരുന്നു. ഇന്ദുലേഖയു ടെ പിന്നാലെപ്പോകുവാനായ് അനേകം നോവലുകൾ സ വ്വദിക്കിലും പൊട്ടിപ്പുറപ്പെട്ട. അവയിൽ വളരെ വളരെ ക്കുറച്ചു കൃതികൾക്കു മാത്രമേ ചന്തുമേനവന്റെ കൃതികൾ ക്കൊപ്പം നില്ക്കുവാനുള്ള കെൽപ്പുണ്ടായിരുന്നുള്ളു. സി. വി രാമൻപിള്ളയുടെ നോവലുകൾക്കും ഭാഷയിൽ ഉറച്ച ഒരു സ്ഥാനം ലഭിച്ചു കഴിഞ്ഞിട്ടുണ്ടു്. അനേകം ക്ഷുദ്രകൃതി കൾ നോവൽസാഹിത്യങ്ങളുടെ മുഖത്തു കരിതേയ്ക്കുവാൻ മതിയായവയും ആയിട്ടു പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു ണ്ടെങ്കിലും വിമർശനത്തിന്റെ തീക്ഷ്ണഖഡ്ഗത്താൽ മിക്കവയും ഉടനടി തിരോഭവിക്കുകയും ചെയ്യുന്നുണ്ടു്. ഈ കാലത്തു സ്വതന്ത്രനോവലുകൾ എഴുതി പേരെടുക്കുന്നതു പ്രയാസമാണെന്നുവെച്ചായിരിക്കാം ഇംഗ്ലീഷിലും ബംഗാ ളിയിലും ഉള്ള നല്ല നോവലുകളെ ഭാഷയിലേക്കു വിവ ർത്തനം ചെയ്യുവാനുള്ള ആഗ്രഹം ധാരാളമായ്കാണുന്നതു്. ഫ്രതായാലും ഡിട്ടക്ടീവു്, സമുദായികം, ചരിത്രപരം എ ന്നിങ്ങനെ പലതരത്തിലുള്ള നോവൽശാഖകളിലും ഇന്നു ഗ്രന്ഥങ്ങൾ ധാരാളമായിട്ടുണ്ടു്. സ്വതന്ത്രമായ ഉൽകൃഷ്ട കൃതികൾ മാത്രം മതിയായിട്ടില്ലെന്നു പറയാതെ നിവൃ ത്തിയില്ല.

ചെറുകഥകൾ. ചെറുകഥകളെക്കൊണ്ടും ചെറുക ഥാകാരന്മാരെക്കൊണ്ടും നിറഞ്ഞിരിക്കയാണു് ഇന്നത്തെ സാഹിത്യലോകം. മാസികകളിലും ആഴ്ചപ്പതിപ്പുകളിലും

ദിനപത്രങ്ങളിൽപോലും ചെറുകഥകൾക്കു പതിവായ് സ്ഥാനം കല്പിച്ചുകാണുന്നുണ്ട്. കഥകൾ കേൾക്കുവാനുള്ള കൌതുകം ജന്മനാ മനുഷ്യർക്കുള്ളതുകൊണ്ടായിരിക്കാം അതിനു ഇത്രവളരെ പ്രചാരം സിദ്ധിച്ചിട്ടുള്ളതു്. സാഹിത്യലോകത്തിൽ എളുപ്പത്തിൽ പേരെടുക്കുവാൻ കഴിയുന്നതും ഈ വഴിക്കാണെന്നു പലരും ധരിച്ചിട്ടുണ്ടു്. അതുകൊണ്ടു ക്ഷുദ്രകൃതികളുടെ എണ്ണവും വർദ്ധിച്ചുവശായിരിക്കുന്നു.

ചെറുകഥ ചെറിയ ഒരു നോവലാണെന്നു പലരും ധരിച്ചിട്ടുണ്ടു്. അതു തീരെ തെറ്റാകുന്നു. നോവലിന്റെ രീതിപിടിച്ചു കഥകൾ നമ്മിക്കുമ്പോൾ ഉദ്ദേശിക്കുന്നതായ സാഹിത്യരസാനുഭവം ഉണ്ടാകുവാൻ വഴിയില്ല. സംഭവബഹുലമായ ജീവിതത്തിന്റെ കട്ടാകയുള്ള വീക്ഷണം ഒരു നോവലിനു ചേരുമെങ്കിലും അഞ്ചോ ആറോ മിനിറ്റുകൊണ്ടു വായിച്ചുതീർക്കത്തക്കവിധം എഴുതിയചെറുകഥക്കു ആ വീക്ഷണം അവശ്യമില്ല. ലോകത്തിൽനടക്കുന്ന ഒരു പ്രത്യേക സംഭവത്തേയോ വസ്തുവിനേയോ അടിസ്ഥാനപ്പെടുത്തി ഏകാഗ്രതക്കു ന്യൂനതവരാത്തവിധം ലഘുവർണ്ണനകൊണ്ടു ഉദ്ദിഷ്ടരസം അനുഭവിപ്പിക്കലാണ് ചെറുകഥയുടെ ലക്ഷ്യം. ഈ സാഹിത്യമർമ്മം ഗ്രഹിച്ചിട്ടുള്ള പല യുവകഥാകാരന്മാരും സാഹിത്യലോകത്തിൽ ഉയർന്നു വരുന്നുണ്ടെന്നതു സന്തോഷപ്രദം തന്നെ. അതിശയോക്തിക്കു ഇതിൽ സ്ഥാനമില്ലെന്നുള്ളതും കഥാകാരന്മാർ കാംക്ഷിക്കേണ്ടതാണ്.

പാശ്ചാത്യസാഹിത്യഗ്രന്ഥങ്ങളിൽ ഉദാത്തകഥകൾക്കു

മികച്ച ഒരു സ്ഥാനംകൊടുത്തിട്ടുണ്ട്. ഭാരതീയ മനസ്ഥിതിക്കു വിജാതീയമായ ഈ ദുരന്തകഥാപ്രസ്ഥാനം ഇന്നു മലയാളസാഹിത്യത്തിൽ ശക്തിയായ് വന്നുകയറുന്നുണ്ട്. കരുണരസത്തെ പോഷിപ്പിച്ചു് മനസ്സിനു പരശുദ്ധിയൽകുവാൻ പറ്റിയതാണ് ഈ പ്രസ്ഥാനമെന്നുള്ളതാലോചിക്കുമ്പോൾ ഈ പുതുമയും ആദരണീയം തന്നെ. എങ്കിലും പഴമയിൽ അടിയുറച്ച ചില സാഹിത്യകാരന്മാർക്കു ദുരന്തകഥകൾ ഉപേക്ഷജനകമായ് തീർന്നിരിക്കുന്നു.

വിമർശനസാഹിത്യം. ക്ഷുദ്രജന്തുക്കൾ പെരുത്തു അവയെക്കൊണ്ടുള്ള ശല്യം അസഹ്യമാകുമ്പോൾ അവയെ നശിപ്പിക്കുന്നതിനായ് എപ്പോഴും പലതും പ്രകൃതിതന്നെ ചെയ്തുവെച്ചിട്ടുണ്ട്. സാഹിത്യലോകത്തിൽ ഇത്തരം വേലകൾ നിർവ്വഹിക്കുന്നതു വിമർശനങ്ങളാണ്. വിമർശനസ്വഭാവം പണ്ടുപണ്ടേ നടപ്പുള്ളതാണ്. എന്നാൽ അടുത്തകാലത്തു വിമർശനസരണി ഒരു പരിഷ്കൃതമായഘട്ടത്തിൽ എത്തിയിരിക്കുന്നതായ് നമുക്കു അഭിമാനിക്കാം. ഇന്നത്തെ വിമർശനഗ്രന്ഥങ്ങൾ പലതും ഇത്തിക്കണ്ണികളെപ്പോലെ അന്യരുടെ കൃതികളെ മാത്രം ഉപജീവിച്ചു പോരുന്നവയല്ലാതായ് തീർന്നിട്ടുണ്ട്. 'സാഹിത്യപഞ്ചാനന'ന്മാരും 'കേസരി'കളും ക്ഷുദ്രകൃതികളെ ആട്ടിയോടിക്കുക മാത്രമല്ല ചെയ്യുന്നതു; സാഹിത്യാരാമത്തെ ഉത്തമമായ നിലയിൽ വളർത്തിപ്പുലർത്താനുള്ള പല നിർദ്ദേശങ്ങളും നല്കി സഹൃദയന്മാർക്കു ആനന്ദം വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു. വിമർശകന്മാരിൽ പലരും ചരിത്രഗവേഷകന്മാരായ്തീർന്നു ഭാഷാഭിമാനികൾക്കു പുതിയ വെളിച്ചം തന്നുകൊണ്ടിരി

ക്കുന്നുണ്ട്. ഗവേഷണഫലമായ് കരു കാൽനൂറ്റാണ്ടിനു ള്ളിൽ മലയാളികൾക്കു കിട്ടിയ നിധികൾ കുറച്ചൊന്നുമ ല്ല. മലയാളഭാഷയുടെ ഉല്പത്തി, രാമചരിതാദിഗ്രന്ഥങ്ങ ളുടെകാലം, എഴുത്തച്ഛൻ, നമ്പ്യാർ എന്നിവരെപ്പറ്റിയ ള്ള ഐതിഹ്യങ്ങൾ എന്നിങ്ങനെ പല വിഷയങ്ങളും ഇ നു വാദപ്രതിവാദങ്ങൾക്കു കാരണമായിട്ടാണു നില്ക്കുന്ന തെങ്കിലും അടുത്ത ഭാവിയിൽ ചില തീരുമാനങ്ങൾ ഉണ്ടാ കുമെന്നു ആശിക്കാവുന്നതാണ്. പി. കെ. നാരായണ പിള്ള, ആറന്മർ കുഞ്ഞുപിഷാരോടി, ഉള്ളൂർ പരമേശ്വര യ്യർ എന്നിങ്ങനെ അനവധി മഹാന്മാർ ഈ പ്രസ്ഥാന ത്തിൽ ഇറങ്ങി വേലചെയ്തതിനു ഭാഷാഭിമാനികൾ എ ന്നെന്നും കൃതജ്ഞരായ് ഇരിക്കേണ്ടതുതന്നെ.

ഫലിതസമ്മിശ്രമായ വിമർശനത്തിനു ശക്തികൂട്ടമെ ന്നും സപ്രയേക്കു അധികം രുചിക്കുമെന്നും തെളിയിക്ക ത്തക്കവിധം നല്ല വിനോദമാസികകളും ഉയർന്നുവരുന്നു ണ്ട്. യശഃശരീരനായ്തീർന്ന സഞ്ജയൻ അഥവാ യം. ആർ. നായർ ചെട്ടിത്തുറന്നു വിശാലമാക്കിയ വിമർശനപ ഥം അനുകരണീയംതന്നെ.

പുരോഗമനസാഹിത്യം. മലയാളസാഹിത്യം ഒരു നവയുഗത്തിലേക്കിറങ്ങിയിരിക്കയാണ്. സാഹിത്യകല യെ യഥാർത്ഥജീവിതത്തിന്റെ പ്രതിഫലനമായ് ഉയർത്തു വാൻ—ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള വിടവു നികത്തുവാൻ—ചില സാഹിത്യകാരന്മാർ ഉത്സാഹിച്ചുവരുന്നു. പ്രഭൃക്കന്മാരുടെ ജീവിതവും കവിസങ്കേതങ്ങളും, വിരൊ

ട്ടു, ബത, ഹന്ത തുടങ്ങിയ നിരർത്ഥകപ്രയോഗങ്ങളും കൈവെടിഞ്ഞു സാഹിത്യത്തെ ബഹുജനങ്ങളുടെ ജീവിതത്തെക്കുറിക്കുന്നതിനും യഥാർത്ഥം ചിത്രീകരിക്കുന്നതിനും ഉപയുക്തമാക്കേണ്ടതാണെന്നു് ഇവർ അഭിപ്രായപ്പെട്ടു. സമുദായത്തിന്റെ താഴ്ന്നപടിയിൽ തിങ്ങിക്കൂടുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ സ്ഥിതിഗതികൾ നന്നാക്കുവാൻ സാഹിത്യത്തെ വിനിയോഗിക്കണം. ഇതിലേക്കു വ്യക്തമായിട്ടും വിപ്ലവപരവും ആയിരിക്കണം പ്രതിപാദനരീതി ഇപ്രകാരം പല ഉദ്ദേശങ്ങളുംവെച്ചു തുടങ്ങിയതാണു പുരോഗമനപ്രസ്ഥാനം.

സാഹിത്യത്തിനു പുരോഗതിയുണ്ടാകുന്നതു് ഏതൊരു ഭാഷാഭിമാനിക്കും കാമ്യംതന്നെ. എന്നാൽ പുരോഗമനസാഹിത്യങ്ങളിൽ പലതിലും കവിതയില്ലെന്നുള്ള യാഥാർത്ഥ്യം സ്പഷ്ടമാണു്. റഷ്യൻ സാഹിത്യഗ്രന്ഥങ്ങളാണു മിക്കവരുടേയും മാതൃകയായ് കാണപ്പെടുന്നതു്. വെറും അനുകരണം എപ്പോഴും അനർത്ഥമാണെന്നും സ്വീകായ്യമായ ഭാഗം സ്വീകരിച്ചു ത്യാജ്യമായതിനെ ത്യജിക്കേണ്ടതു് ആവശ്യമാണെന്നും മറക്കരുതു്. സംസ്കാരഭേദം, ദേശഭേദം മുതലായവകൊണ്ടു സാഹിത്യസ്വഭാവം ഭേദപ്പെടുന്നതുകൊണ്ടു് ഒരു രാജ്യത്തിലെ ഒരുവിധത്തിൽ രൂപപ്പെടുന്ന പ്രസ്ഥാനത്തെ അതേ രൂപത്തിൽ മറ്റൊരു രാജ്യത്തിൽ അനുകരിക്കുന്നതു ദോഷകരംതന്നെ. സാഹിത്യസ്വാദനം എന്ന പ്രധാനമായ ധർമ്മം നടത്തിക്കഴിഞ്ഞശേഷം അവശജനതയുടെ കഷ്ടതകളെ നീക്കംചെയ്യുവാൻ കഴിയുന്ന പുരോഗമന സാഹിത്യഗ്രന്ഥങ്ങൾ മല

യാളസാഹിത്യത്തെ വളരെ അധികം പുഷ്ടിപ്പെട്ടുത്തിവരുന്നുണ്ട്.

പലവക. മുമ്പുകാണിച്ച പ്രസ്ഥാനങ്ങൾക്കു പുറമേയും പലതരം സാഹിത്യപരിശ്രമങ്ങളും ഇന്നു നടക്കുന്നുണ്ട്. ജീവചരിത്രങ്ങൾ, ഭാഷാശാസ്ത്രങ്ങൾ, നിഘണ്ടുക്കൾ എന്നിങ്ങനെ പലതുകൊണ്ടും ഭാഷ പുഷ്ടിപ്പെട്ടുവരുന്നു. പദ്യസാഹിത്യത്തിൽ മിസ്റ്റിക പ്രസ്ഥാനം, ഗീതകങ്ങൾ, വിലാപകാവ്യങ്ങൾ എന്നിവയും വർദ്ധിച്ചുവരുന്നു. പ്രകൃതിയുടെ ആരാധകനായ കവി ചില സന്ദർഭങ്ങളിൽ പ്രകൃതിവിലാസത്തിൽ മുഴുകി ഏകാഗ്രചിത്തനായ്തീരുകയും അപ്പോൾ ഉണ്ടാകുന്ന അനുഭവം വാക്കുകൾകൊണ്ടു വിവരിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. എന്നാൽ ഒരു കവിക്കുണ്ടാകുന്ന ലയാവസ്ഥ മറ്റുള്ളവർക്കു സഗ്രഹമല്ലാതേയും വരാവുന്നതാണ്. ഇങ്ങിനെ ഓരോ മഹാകവികൾക്കു് ഇടയ്ക്കു വരാവുന്നതും സ്വാത്മാദി ദോഷങ്ങൾ തീണ്ടാതെ ഭൌതികാവസ്ഥയിൽനിന്നു ഉയർന്നു ലസിക്കുന്നതുമായ ലയാവസ്ഥയെവിവരിക്കുന്ന കവിതകളാണ് മിസ്റ്റിക കവിതകൾ. ടാഗോറിന്റെ ഗീതാഞ്ജലി ഇതിനു് ഒരു ഉദാഹരണമായ്എടുക്കാവുന്നതാണ്. ഗീതകങ്ങളും വിലാപകാവ്യങ്ങളും ഇംഗ്ലീഷിലെ Sonnets, Elegy എന്ന രീതികളെ അനുകരിച്ചുണ്ടായവതന്നെ. മഹാന്മാരുടെ ജീവചരിത്രം എഴുതിവെക്കേണ്ടതു് ആവശ്യമാണെന്നു മലയാളികൾക്കു തോന്നിത്തുടങ്ങിയതു വലിയൊരു ഭാഗ്യംതന്നെ. വിശ്വവിഖ്യാതങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ ഭാഷയിലേ

ക്ക തജ്ജമചെയ്യപ്പെട്ട കാണുന്നതും ശ്രഭോക്കേമാണെന്നതിന്നു സംശയമില്ല.

കവിത്രയം. മലയാളസാഹിത്യത്തെ പരിപുഷ്ടമാക്കുവാനുതകുന്നമിക്കപ്രസ്ഥാനങ്ങളിലുംമുന്നിട്ടുനിന്നു പ്രവത്തിച്ചു ജീവിച്ചിരിക്കുമ്പോൾതന്നെ അനശ്വരമായ കീത്തിസമ്പാദിച്ച മഹാന്മാരാണ് കുമാരനാശാനും, വള്ളത്തോൾനാരായണമേനവനും, ഉള്ളൂർഎസ്സ്. പരമേശ്വരയ്യരും. കേരളത്തിലുണ്ടായിട്ടുള്ളഏതുമഹാകവികളോടുംകിടനില്പ്പാൻ കഴിയുന്ന ഇവർ കേരളസാഹിത്യത്തിന്റെ അമൂല്യനിധികളായ് തന്നെ വിലസുമെന്നതിന്നു സംശയമില്ല. കൈരളിയിൽ വരുത്തിയ ശ്രഭാവഹമായ പരിവത്തനത്തിന്നു നായകസ്ഥാനം വഹിച്ചു കാവ്യതല്ലജങ്ങൾകൊണ്ടു സഹൃദന്മാക്കു വിവിധതരത്തിലുള്ള രസാസ്വാദനം നല്കുവാൻ ഇവക്കു കഴിഞ്ഞിട്ടുണ്ട്. ചവ്വിതചവ്വണംകൊണ്ടു മുഷിപ്പുനായ്തീന്ന കവിസങ്കേതങ്ങളേയും അലങ്കാരശൈലികളേയും ഉപേക്ഷിച്ചു പുതിയ പരിമളംവീശുന്ന കരു കാവ്യസരണി വെട്ടിത്തുറന്നു കാട്ടിയതു് ആശാനാണ്. ശൃംഗാരരസത്തെ ആഭാസമല്ലാത്ത രീതിയിൽ വണ്ണിക്കാമെന്നു ലോകക്കു കാട്ടിക്കൊടുത്തതും ആശാൻതന്നെ. സ്നേഹഗായകനായ അദ്ദേഹം നിമ്മിച്ച നിരവധി കൃതികളിൽകാണുന്ന ചമൽക്കാരാതിശയവും ആശയഗാംഭീയ്യവും നിമിത്തം


'വൈരാഗ്യമേറിയൊരു വൈദികനാട്ടെയേറാ-
വൈരിക്കുമുഴറിടയാടിയ ഭീരുവാട്ടെ'

നേരെ വിടന്നു വിലസീടിന ആശാന്റെ കവിതകണ്ടാൽ

ഒന്നു തോക്കാതെ പോകുകയില്ല. ജാതിപ്പിശാചിന്റേയും ദുരാചാരങ്ങളുടേയും നേരെ ചന്ദ്രഹാസം പ്രയോഗിക്കുന്നതിനും അദ്ദേഹത്തിനു് അധൈര്യമില്ലായിരുന്നു. വള്ളത്തോൾ നാരായണമേനോനാകട്ടേ തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ ആശാൻ വെട്ടിത്തുറന്ന കാവ്യസരണി പ്രസന്നരമണീയമാക്കിത്തീർത്തു. പ്രകൃതിയുടെ ശ്രീകോവിലിൽ ഭദ്രമായ് സൂക്ഷിക്കപ്പെട്ടിട്ടുള്ള സൌന്ദര്യത്തെ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുള്ള കവികളിൽ പ്രഥമസ്ഥാനം അദ്ദേഹത്തിനുണ്ടു്. നാടിന്റെ ദുരിതപൂരിതങ്ങളായ അവസ്ഥാവിശേഷങ്ങളെ ഉള്ളിൽ തട്ടുന്നവിധം മനോഗുഷ്ടിക്കു വിഷയമാക്കുവാൻ അദ്ദേഹത്തിന്റെ തൂലികക്കു സാധിച്ചു. കേരളത്തിലെ ദൃശ്യകാവ്യമായ ആട്ടക്കഥയെ പാശ്ചാത്യരാജ്യങ്ങളിൽപോലും പ്രചരിപ്പിക്കുവാൻ അദ്ദേഹം യത്നിക്കയുണ്ടായി. കേരളീയരുടെ സംസ്കാരം മൂർത്തിമത്തായ് പ്രതിഫലിച്ചുകാണുന്നവയാണു വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളും മിക്കവയും. 'അല്ലിന്റെ രയന്തിമയാമത്തെ ഘോഷിപ്പൂ' എന്നു തുടങ്ങിയ ഗാനം കേരളജീവിതത്തെ എത്ര ഭംഗിയായ് ചിത്രീകരിച്ചിരിക്കുന്നു. ഇതിലും ഉപരിയായ്ഒരു പ്രഭാതവർണ്ണന എവിടെയാണു്?

ഉള്ളൂരിനു മഹാകവിസ്ഥാനം നല്കുന്നതിനു് അദ്ദേഹം നിർമ്മിച്ച 'ഉമാകേരളം' മഹാകാവ്യം ഒന്നു മതി. ആശയസമ്പത്തും, രചനാസൌകുമാര്യവും, ദേശാഭിമാനവും ഒത്തിണങ്ങുന്ന ഇത്തരം കൃതികൾ കേരളത്തിലെന്നല്ല ലോകത്തിൽതന്നെ സുദുർല്ലഭമാണു്. പ്രതിഭയോടു പാണ്ഡിത്യവും പ്രയത്നവും ഇടകലർന്നാലുണ്ടാകാവുന്ന മേന്മ

യെന്തായിരിക്കുമെന്നുള്ളതിനുദാഹരണങ്ങളാണു അദ്ദേഹത്തിന്റെ കവിതകളോരോന്നും. നാളികേരപാകത്തിലുള്ള അദ്ദേഹത്തിന്റെ കവിതകൾ ഉള്ളിലേക്കു പോകുന്തോറും മധുരമധുരങ്ങളായ് കാണപ്പെടുന്നതിൽ അത്ഭുതപ്പെടുവാനില്ല. ഗവേഷണവിഷയത്തിൽ ഉള്ളൂർ ചെയ്ത പരിശ്രമങ്ങൾ എത്രയാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. വാദ്ധക്യത്തേയോ ക്ഷീണത്തേയോഗണ്ണിക്കാതെ പഴയ ഗ്രന്ഥപ്പുരകളിൽ ഇരുന്നു ജീർണ്ണിച്ച താളിയോലഗ്രന്ഥങ്ങളെ തിരഞ്ഞുപിടിച്ചു വിശിഷ്ടങ്ങളായ എത്രഅമൂല്യനിധികളെയാണു അദ്ദേഹം കേരളീയക്കു കാഴ്ചവെച്ചിട്ടുള്ളതു! കേരളത്തിൽ ഇന്നാക്കും ഉസ്സാദ്ധ്യങ്ങളായ മാരമേറിയജോലികളിൽ വ്യാപൃതനായിരിക്കേയാണ് പെട്ടന്നു വിധി അദ്ദേഹത്തെ നമ്മുടെയിടയിൽനിന്നും കൊണ്ടുപോയതു.



DHARMARAM LIBRARY
BANGALORE-560 029

Due Date	Due Date	Due Date

CT Library
00003872
T51 W23